# കൈരളി

| പുസ്തകം ൧൯. | ൧൧൱ ധനു | ലക്കം ൯. |
|---|---|---|


## ലളിതകലകൾ


[ഉള്ളാട്ടിൽ ശങ്കരമേനോൻ ബി. ഏ.]


കല എന്നുവെച്ചാൽ എന്താണ്? പരിണതജ്ഞാനികളായ പല പണ്ഡിതന്മാരും അതിനെപ്പററി ചിന്തിച്ചിട്ടുണ്ട്. വിശ്രുതങ്ങളും വിരുദ്ധങ്ങളും ആയ പല നിർവ്വചനങ്ങളും അതിനെപ്പററി ഉണ്ടായിട്ടുണ്ട്. മനുഷ്യന്റെ സൌന്ദര്യബോധമാണു കലയെന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ജീവിതത്തിന്റെ ഓരോ തുറയിലും അവൻ വൈചിത്ര്യത്തെ ഏററമുട്ടുന്നു. തിക്തവും കരാളവുമായ വൈചിത്ര്യത്തിന്റെ സാന്നിദ്ധ്യത്തിൽ അവൻ മധുരവും ഉജ്ജ്വലവും ആയ സൌന്ദര്യത്തിനു വേണ്ടി വെമ്പുന്നു. സൌന്ദര്യോന്മുഖമായ മനുഷ്യന്റെ ഈ വെമ്പലത്രെ കല. ലോകത്തിലെ ഏതുകാലത്തും, ഏതു രാജ്യത്തും, ഏതു ജനസമുദായത്തിലും കലാബോധം—അതിന്റെ മുററിത്തഴച്ച രൂപത്തിലാവണമെന്നില്ല, അങ്കുരാവസ്ഥയിലെങ്കിലും—കാണപ്പെടുന്നു. തന്റെ കുപ്പമാടം ചാണമിട്ടു മെഴുകിയിട്ട് ഒരു നാലടി മാറിനിന്ന് അതിന്റെ ചന്തം നോക്കി രസിക്കുന്ന പുലക്കളിയുടെ ഹൃദയത്തിലും സൌന്ദര്യബോധമുണ്ട്. ചൂളയിൽനിന്നും പൊന്തിവരുന്ന പുതുശോഭയോലുന്ന ഓരോ മൺകലവും കണ്ട് ഹർഷോന്മത്തനാവുന്ന കുശവന്റെ ഹൃദയത്തിലും കലാബോധമുണ്ട്. നായാട്ടിനുപോകുന്ന കിരാതന്റെ ചപ്രത്തലമുടിയിൽ ഒട്ടകപ്പക്ഷിയുടെ തൂവൽ തിരുകി മോടിപിടിപ്പിക്കുന്ന കാടത്തിയും കലാബോധമുള്ളവളാണ്. നായാട്ടുകഴിഞ്ഞ്, ചോരയൊലിപ്പാടോടുകൂടിയ മൃഗശരീരങ്ങളെ തോളത്തിട്ടു കൊണ്ടുവരുന്ന കിരാതൻ, തനിക്കന്നു കിട്ടിയ അപൂർവ്വങ്ങളായ കുരുമണികൾ സിംഹത്തിന്റെ സടരോമത്തിൽ കോർത്തു തന്റെ കാമനയുടെ കറുത്ത കണ്ഠത്തിൽ ഇട്ടാൽ അയ്യ! എന്ന് ആലോചിച്ച് ആനന്ദിക്കുമ്പോൾ അവനും ഭാവനാസുന്ദരമായ കലാ

ലോകത്തിലായിരുന്നു. എന്തിന്? തന്റെ അയൽപക്കക്കാരന്റെ കഴുത്തിൽ വെയ്ക്കുവാൻ മെഴുകിട്ടു മൂച്ചകൂട്ടിയ കഠാരിയുടെ പിടി മിനുസപ്പെടുത്തി രസിച്ചുനില്ക്കുന്ന നിഷ്ഠുരനായ ആ തട്ടിപ്പറിക്കാരനുകൂടി ഒരുവിധത്തിൽ സൌന്ദര്യബോധമില്ലേ? എത്ര അപരിഷ്കൃതമായ സമുദായത്തിലും, എത്ര സംസാരശൂന്യനായ മനുഷ്യനിലും അല്പാല്പം കലാബോധം തൊട്ടുതളിച്ചിട്ടുണ്ട്. അതു് ഉജ്വലവും ഊർജ്ജസ്വലവുമല്ലായിരിക്കാം — അവ്യക്തവും അപൂർണ്ണവുമായിരിക്കാം — എന്നാലും ഉണ്ട്. മനുഷ്യനെ കേവലം മൃഗത്തിൽനിന്നും ഉയർത്തുന്നതു് അവരിൽ കൂടുതലോ കുറവോ ആയുള്ള കലാബോധമാണ്. കലാബോധമില്ലാത്ത മനുഷ്യൻ പശുവാണെന്നാണ് ഒരു സംസ്കൃതപണ്ഡിതൻ പറയുന്നതു്. അവൻ പുല്ലുതിന്നാത്തതു പശുവിന്റെ ഭാഗ്യമാണത്രെ!

ഉപയോഗങ്ങളെ അടിസ്ഥാനപ്പെടുത്തി, പണ്ഡിതന്മാർ കലയെ രണ്ടായി തിരിച്ചിട്ടുണ്ട്. മനുഷ്യനു ജീവസന്ധാരണത്തിന് അത്യാവശ്യങ്ങളായ ഉപകരണങ്ങളിൽ പ്രതിബിംബിച്ചുകാണുന്ന കലകളെ ഉപയോഗകലകളെന്നും ഇതരങ്ങളെ ലളിതകലകളെന്നും പറയുന്നു. ഹൃദയാഹ്ലാദനമാണ് ലളിതകലകളുടെ പ്രധാനമായ ഉദ്ദേശം. സാഹിത്യം, സംഗീതം, ചിത്രരചന, നാട്യം, നൃത്തം, ശില്പം തുടങ്ങിയവയാണു പ്രധാനങ്ങളായ ലളിതകലകൾ.

സാമാന്യമായി, ഉപയോഗകലകൾ പ്രകൃതിയെ ദാസീകരിക്കുകയും ലളിതകലകൾ പ്രകൃതിയെ അനുകരിക്കുകയും ചെയ്യുന്നുവെന്നു പറയാം. കല പ്രകൃതിയെ അനുകരിക്കുന്നുവെന്നു പറയുമ്പോൾ, പ്രകൃതി കലാവാസനയ്ക്കു് ഒരുത്തേജനം, കലാപോഷണത്തിന് ഒരു പ്രചോദനം, ആയിട്ടുണ്ടു് എന്നു മാത്രമേ വിവക്ഷയുള്ളു. അല്ലാതെ, പ്രകൃതിയുടെ അന്ധമായ ഒരു അനുകരണമല്ലാ കല. ആണെങ്കിൽ അതിൽ സൃഷ്ടിയില്ല, ഭാവനയില്ല, വ്യക്തിത്വമില്ല. കലയാകട്ടെ സൃഷ്ടിയാണ്, ഭാവനയാണ്, വ്യക്തിത്വമാണ്. പ്രകൃതിസൌന്ദര്യത്തിൽകൂടി ആദർശമായ സൌന്ദര്യം തേടുകയും ഭാവനയുടെ വെള്ളിക്കിരണങ്ങളിലൂടെ അതു കാണുകയും ചെയ്യുന്ന കലാകാരൻ തന്റെ വ്യക്തിപ്രഭാവത്തോടുകൂടി രചിക്കുന്ന സാഹിത്യമാണ് കലാപൂർണ്ണമായ സാഹിത്യം; വരയ്ക്കുന്ന ചിത്രമാണ് കലാപൂർണ്ണമായ ചിത്രം; പാടുന്ന പാട്ടാണു കലാപൂർണ്ണമായ സംഗീതം. പ്രകൃതിയെ അനുകരിക്കുകയല്ല, അതിശയിക്കുകയാണു, കലയെന്നു ഗിഥേ പറയുന്നു. പ്രകൃതി അത്യന്തം സുന്ദരമാണ്; എന്നാൽ ഉൽകൃഷ്ടമായ കല അതിലും സുന്ദരമത്രെ. സന്ധ്യാകാശത്തിൽ കാണുന്ന ഏററവും സുന്ദരങ്ങളായ മേഘങ്ങളെക്കാൾ സുന്ദരങ്ങളായ സ്വപ്നങ്ങൾ, ഭാസുരങ്ങളായ ഭാവനകൾ, ഒരു മഹാകവിയുടെ ഹൃദയത്തിൽ

ഓളമടിക്കുന്നു. മഴവില്ലിൽ കാണുന്ന ഏറ്റവും മനോഹരങ്ങളായ നിറങ്ങളെക്കാൾ നിറപ്പകിട്ട് ഉൽകൃഷ്ടനായ ഒരു ചിത്രകാരന്റെ തൂലികയിൽനിന്നും ഒഴുകുന്നു. പ്രകൃതിയിലെ ഏറ്റവും ഹൃദയാവർജ്ജകങ്ങളായ സ്വരങ്ങളെക്കാൾ കളകോമളങ്ങളായ സ്വരങ്ങൾ അനുഗൃഹീതനായ ഒരു ഗായകന്റെ കണ്ഠത്തിൽ തരിച്ചുകൊണ്ടിരിക്കുന്നു. ഇല്ലെങ്കിൽ, അയാൾ അത്ര മഹാനായ ഒരു കവിയല്ല, ചിത്രകാരനല്ല, ഗായകനല്ല.

സുകുമാരകലകളിൽ സർവ്വോൽകൃഷ്ടമായ സ്ഥാനം സാഹിത്യത്തിനാണ് ആചാര്യന്മാർ കൊടുത്തുകാണുന്നത്. ഹൃദയാവർജ്ജകങ്ങളായ ശബ്ദാർത്ഥങ്ങളെക്കൊണ്ട്, ഭാവനാസമ്പന്നരായ കവികൾ നിർമ്മിക്കുന്ന സുകുമാരകലയ്ക്കാണ് സാഹിത്യം എന്നു പറയുന്നത്. ചിന്താഭാവനകളെ ഉദ്ദീപിപ്പിക്കുവാൻ ഇതര ലളിതകലകളെ അപേക്ഷിച്ച്, സാഹിത്യത്തിനു കൂടുതൽ കഴിവുണ്ട്. ഉൽകൃഷ്ടമായ സാഹിത്യം എപ്പോഴും സാർവ്വജനീനം (Universal) ആയിരിക്കണം. സാർവ്വജനീനത്വത്തെ വ്യക്തിത്വത്തിലേയ്ക്കു (Individuality) കൊണ്ടുവരുന്നതാണ്, വ്യക്തിത്വത്തെ സാർവ്വജനീനത്വത്തിലേയ്ക്കു കൊണ്ടുപോകുന്നതല്ല ഉത്തമമായ കവിത. പ്രതിഭാശാലിയായ ഒരു കവിയുടെ വ്യക്തിത്വം സാർവ്വജനീനത്വത്തോടു സമ്മിളിതമാവുമ്പോൾ, പുളകോൽഗമകാരികളായ കവിതകളുണ്ടാവുന്നു. കവിയുടെ ഹൃദയം പൊട്ടി വരുന്ന രക്തംകൂടി നയനമധുരമാണ്. സാഹിത്യത്തിന് അശാസ്യമാക്കിത്തീർക്കാൻ വയ്യാത്ത കണ്ണുനീരില്ല, അനശ്വരമാക്കിത്തീർക്കാൻ വയ്യാത്ത മഞ്ഞുതുള്ളിയില്ല. ഒരു ജനതയുടെ സംസ്കാരം അതിന്റെ സാഹിത്യത്തിൽ സ്ഥിതിചെയ്യുന്നു.

ലളിതകലകളിൽ ഏറ്റവും ലാളിത്യമേറിയതു സംഗീതമത്രെ. സംഗീതത്തിന്റെ വശീകരണത്തിന്, കലാബോധം തഴച്ച മനുഷ്യൻ മാത്രമല്ല, തൊട്ടിലിൽ കിടക്കുന്ന ശിശുവും, വിശേഷബുദ്ധിയില്ലാത്ത തിര്യക്കുകളും കൂടി, വിധേയരാണ്. ഉൽകൃഷ്ടമായ സംഗീതത്തിനു മനുഷ്യന്റെ സുഖക്കേടുകൾ ഭേദമാക്കുവാനുള്ള ശക്തികൂടി ഉണ്ട്. മററു ചികിത്സകളെയെല്ലാം മുട്ടുകുത്തിച്ച സ്പെയിനിലെ ഫിലിപ്പ് അഞ്ചാമന്റെ മാറാഭ്രാന്ത് സംഗീതത്തിന്റെ മാന്ത്രികശക്തിയുടെ മുമ്പിൽ ഒഴിഞ്ഞുപോയത്രെ! കലയുടെ ആദർശം ഏറ്റവും സാധിതമായിരിക്കുന്നതു സംഗീതത്തിലാണ്. അതിന്റെ പ്രതിപാദ്യവും പ്രതിപാദനരീതിയും രണ്ടും ഒന്നാണ്—സ്വരം. സാഹിത്യത്തെപ്പോലെ സംഗീതത്തിന് അത്ര തടിച്ച അർത്ഥമൊന്നുമില്ല. വാക്കുകൾ കുറഞ്ഞുകുറഞ്ഞ് അവ വെറും സ്വരമായി ലയിക്കുമ്പോഴാണ് സംഗീതം കൂടുതൽ ഹൃദയത്തെ അലിയിപ്പിക്കുന്നതെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്.

ചിത്രരചനയുടെ ഭാഷയാണ് ഏറ്റവും സാർവ്വജനീനമായ ഭാഷ,

ഇന്ത്യക്കാരന്റെ തൂവലും ഇംഗ്ലീഷുകാരന്റെ തൂവലും, മൂകമെങ്കിലും ഉജ്ജ്വലമായ, ഒരേ ഒരു ഭാഷയിലാണ് വ്യവഹരിക്കുന്നത്. കലമുറിഞ്ഞുകിടക്കുന്ന മനുഷ്യസമുദായത്തെ സംഘടിപ്പിക്കുവാൻ ഉതകുന്ന ഉൽകൃഷ്ടമായ മറെറാരു ഉപാധികൂടിയാണെന്നു പറയുന്ന ലോകചിന്തകന്മാരുടെ കണ്ണുകളിൽ ഈ നിലയ്ക്കു ചിത്രത്തിനു വലിയൊരു സ്ഥാനം ഉണ്ടാവും. പ്രകൃതിയിലെ ചിത്രങ്ങളെ പകർത്തുമ്പോൾ ചിത്രകല പ്രകൃതിയുടെ കേവലമായ അനുകരണമല്ലേ എന്നു ചോദിക്കുന്നു. ഇതു സാധാരണമായ ഒരു ഭ്രമം മാത്രമാണ്. മറെറല്ലാകലകളെക്കാളധികം പ്രകൃതിക്കു കടപ്പെട്ടിരിക്കുന്ന ചിത്രകല, മറെറല്ലാ കലകളെക്കാളും അധികം പ്രകൃതിയിൽനിന്നു് വിഭിന്നവും സ്വാതന്ത്ര്യവുമാണ്. അനുകരിക്കുമ്പോഴും അതു പ്രകൃതിയെ അതിശയിക്കുന്നു. ഇവിടെയാണ് ഒരു ചിത്രകാരനും ഒരു ഫോട്ടോഗ്രാഫറും തമ്മിലുള്ള വ്യത്യാസം. ഒരുവൻ അസ്സലിനെ അതിശയിക്കുന്നു; മററവൻ അനുകരിക്കുന്നു. ഒരുവൻ അന്യത്വത്തിൽ തന്റെ വ്യക്തിത്വം ചേർത്തു് അതു തന്റേതാക്കുന്നു. ഇതരൻ അന്യത്വത്തിൽ വ്യക്തിത്വത്തിന്റെ ചില കോറലുകൾ ഇട്ടു് അതിന്റെ അന്യത്വത്തെ നിലനിർത്തുന്നു. ഒരുവൻ ഭാവനയോടുകൂടി സൃഷ്ടിക്കുന്നു; അന്യൻ സൂക്ഷ്മതയോടുകൂടി പകർത്തുന്നു. ഒന്നു അവികലമായ കലയാണ്, മറേറതു് കലയേ അല്ല. എന്നു പറഞ്ഞതുകൊണ്ടു ഫോട്ടോവിനു സൌന്ദര്യമില്ലെന്നല്ലാ പറയുന്നതു്. അതിനും അതിന്റെ സൌന്ദര്യമുണ്ടു്. എന്നാൽ ഒരു സുന്ദരമായ ഫോട്ടോവിലെ സന്ധ്യയിൽ മേഘങ്ങൾ സ്തംഭിച്ചു്, പക്ഷപാതം പിടിച്ചപോലെ വിറങ്ങലിച്ചു നില്ക്കുമ്പോൾ ഒരു ചിത്രത്തിലെ മേഘങ്ങൾ ചലിക്കുന്നതായി നമുക്കു തോന്നുന്നു. ഭാവനാപരമായ ഈ ചലനമാണ് കലയുടെ ജീവൻ. ചലനമില്ലാത്തിടത്തു കലയില്ല. ഒരു ചിത്രം നാമതിനെ കുറി കാണുമ്പോഴും 'എത്ര സുന്ദരം' എന്നു നിങ്ങളെക്കൊണ്ടു പറയിപ്പിക്കുവാൻ അതിനു കഴിയുമെങ്കിൽ, അത്യുൽകൃഷ്ടനായ ഒരു കലാകാരന്റെ കൈവിരുതു് അതിനെ തഴുകിയിട്ടുണ്ടെന്നു മനസ്സിലാക്കിക്കൊള്ളുക. എന്നതുകൊണ്ടു് സൌന്ദര്യമുള്ളവയെ മാത്രമേ കലാകാരൻ ചിത്രീകരിക്കാവൂ എന്നർത്ഥമില്ല. മാത്രമല്ല, അങ്ങിനെയായാൽ സൽപാത്രങ്ങളെക്കൊണ്ടു മാത്രം നിറഞ്ഞ ഒരു നാടകംപോലെ അതു രസശൂന്യമാകുമെന്നു് ഒരു പാശ്ചാത്യവിമർശകൻ പറയുന്നതു പ്രത്യക്ഷരം വാസ്തവവുമാണ്. വൈരൂപ്യത്തെയും കലാകാരൻ ചിത്രീകരിക്കണം. എന്നാൽ ആ വൈരൂപ്യത്തിന്റെ കരിമ്പടത്തിന്മേലും തന്റെ ഭാവനയുടെ തങ്കക്കസവു തുന്നിപ്പിടിപ്പിക്കുന്ന, കാണികളിൽ ആ വൈരൂപ്യത്തോടും സഹാനുഭൂതി തോന്നിപ്പിക്കുന്ന, ചിത്രകാരനാണ് ഉത്തമനായ ചിത്രകാരൻ.

നാട്യകലയിലാണു ജീവിതവും കലയും മാറോട്ടുമാറണിന്നു നൃത്തം ചെയ്യുന്നത്. ഇതുകൊണ്ടായിരിക്കണം മററ പല ലളിതകലകളേക്കാൾ ഉൽകൃഷ്ടം എന്നു പറയേണ്ട ഒരു സ്ഥാനം പൂർവ്വികന്മാരും, പൌരസ്ത്യരെപ്പോലെതന്നെ പാശ്ചാത്യരും നാട്യകലയ്ക്കു കൊടുത്തുകാണുന്നത്. "ഒരു നാട്യകലയുള്ളിടത്തു ലോകരുടെ വഴി പിഴക്കില്ലെ"ന്നു ഫാസ്ലിററ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

സമുൽകൃഷ്ടമായ ഒരു സ്ഥാനമാണു നൃത്തകലയ്ക്കു ഭാരതീയർ കൊടുത്തിരിക്കുന്നത്. ശിവൻെറ താണ്ഡവലീല കണ്ടു ഹിന്ദുക്കളുടെ മുപ്പത്തിമുക്കോടി ദേവന്മാർ മുഴുവനും മതിമറന്നു താളംപിടിച്ചുപോയിപോലും! വാസ്തവത്തിൽ അതിൽ എന്താണ് അത്ര അത്ഭുതപ്പെടുവാനുള്ളത് എന്നു ഞാൻ ചോദിക്കുന്നു. ഇവിടെ ഇപ്പോൾ നാം കണ്ട നൃത്തകലാവിരുതു നമ്മെ എല്ലാം അപഹൃതചിത്തവൃത്തികളാക്കിയിരിക്കുന്നില്ലേ! ഇളകിക്കൊണ്ടിരിക്കുന്ന ജലതരംഗങ്ങളുടെ മീതേക്കൂടി ചന്ദ്രകിരണങ്ങൾ കാലിടറിക്കൊണ്ടു ഓടിപ്പോകുന്നതുപോലെ അത്ര ലളിതകോമളമായ നൃത്തവിദ്യ കണ്ട് നാം ഇപ്പോൾ ആനന്ദമത്തരായിരിക്കുകയല്ലേ!

ശില്പവും പ്രകൃതിയുടെ ഒരു അനുകരണമല്ല. ഒരു ശില്പിയും മനുഷ്യനെ ചോരകൊണ്ടും മാംസംകൊണ്ടും നിർമ്മിക്കുവാൻ ശ്രമിച്ചതായി കേട്ടിട്ടില്ല. മരം, കല്ലു മുതലായവയെ മാത്രമേ അയാൾ ഉപയോഗിച്ചിട്ടുള്ളു എന്നാൽ ആ മരത്തിലും കല്ലിലും ശില്പിയുടെ ഭാവനയും യുക്തിതപവും ചേരുമ്പോഴാണ് അവിടെ ജീവനുണ്ടാകുന്നത്, തേജസ്സുണ്ടാവുന്നത്. തക്ഷശിലയിൽനിന്നും മററും ലഭിച്ച ബുദ്ധദേവൻെറ ശില്പവിഗ്രഹം കണ്ടാൽ ഇന്നും "ശാന്തം! ശിവം! സുന്ദരം!" എന്ന് ഏവനും അറിയാതെ പറഞ്ഞുപോകുമത്രെ! അതാണു കല

സൌന്ദര്യം സൌന്ദര്യമെന്നു കലയെ സംബന്ധിച്ച് ഇങ്ങിനെ ആവർത്തിച്ചു പറയുമ്പോൾ ആ വാക്ക് അതിൻെറ ഏററവും വിപുലവും ഉൽകൃഷ്ടവുമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ജാക്കററിൻെറ പുതിയതരം പിന്നലിൽ അവസാനിക്കുന്ന സൌന്ദര്യമല്ലികയുടെ സൌന്ദര്യം, മാംസളമായ, ബലിഷ്ഠമായ, നശ്വരമായ സൌന്ദര്യം, കലയുടെ അല്ല. കലയുടെ സൌന്ദര്യം ആന്തരികമാണ്, ആത്മീയമാണ്, അനശ്വരമാണ്. അതു ഭാവനയുടെ സൌന്ദര്യമാണ്. കാലം കൊണ്ടു തേയുംതോറും കലയുടെ സൌന്ദര്യം തേഞ്ഞുവരുന്ന ചന്ദ്രകലപോലെ കൂടുതൽ കൂടുതൽ സുന്ദരമായിവരുന്നു. പുരുഷഹൃദയങ്ങളെക്കൊണ്ടും സിംഹാസനങ്ങളെക്കൊണ്ടും പന്താടിയിരുന്ന ക്ലിയോപേട്രയുടേയും നൂർജ്ജിഹാൻെറയും സൌന്ദര്യം ഇന്നു പൂഴിമണ്ണായിരിക്കുമ്പോൾ, അനേകായിരം ആണ്ടുകൾക്കു മുമ്പ്, അളകാപുരിക്കും അങ്ങാപ്പുറത്തു, വിജനസ്ഥലത്തി

രുന്നു മേഘത്തിനോടു ആവലാതിപറയുന്ന വിരഹവിധുരനായ ആ യക്ഷൻ ഇന്നും സുന്ദരനത്രെ. ഇതാണു കലയുടെ സൌന്ദര്യം!

സുകുമാരകലകൾ എല്ലാംതന്നെ പരസ്പരബദ്ധങ്ങളാണ്: അവികലമായ സൌന്ദര്യബോധമാണ് എല്ലാ ലളിതകലകളുടേയും ജനയിതാവു്; അത്യുൽകൃഷ്ടമായ ആനന്ദാനുഭൂതിയാണ് എല്ലാ ലളിതകലകളുടേയും സന്താനം. "ചിത്രകാരൻ ചായംകൊണ്ടു കവിതയെഴുതുന്നു, കവി വാക്കുകൊണ്ടു ചിത്രം വരയ്ക്കുന്നു" എന്നൊരു മഹാൻ പറഞ്ഞിരിക്കുന്നു. ഭാവനാസുന്ദരമായ ഒരു ചിത്രത്തിനു പലപ്പോഴും ഒരു സംഗീതത്തിന്റെ അന്തരീക്ഷം നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ടു്.

പ്രകൃതിയിലെ ഒരേ ഒരു ഭാവത്തെത്തന്നെ ഭാവനാസമ്പന്നനായ ഒരു ചിത്രകാരൻ വരയ്ക്കുമ്പോഴും, ഒരു കവി വർണ്ണിക്കുമ്പോഴും, ഒരു ഗായകൻ പാടുമ്പോഴും എതാണ്ടു് ഒരു താദാത്മ്യമുള്ളതായി നമുക്കു തോന്നുന്നു. അതു മനോഹരമായ ഒരു പുലരിവേളയാണെന്നു വെയ്ക്കുക. മൂകങ്ങളായി, വികാരശൂന്യങ്ങളായി, നിർജ്ജീവങ്ങളായി കിടക്കുന്ന മലകളുടേയും, കടലുകളുടേയും, നഗരങ്ങളുടേയും ഉപരിഭാഗത്തു്, ഒന്നോ രണ്ടോ, പക്ഷികൾ വലിയ ശബ്ദമുണ്ടാക്കാതെ പട്ടണിച്ചിറകു കുടയുമ്പോൾ, ഒരു നേരിയ ചുമപ്പു കിഴക്കുഭാഗത്തുനിന്നു പതുക്കെ പതുക്കെ, അടിവെച്ചടിവെച്ചു്, ഉയന്നുവരുന്നതായി ഒരു ചിത്രകാരൻ വരയ്ക്കുന്നു. ഒരു കവി അതിനെ, പക്ഷെ, ഇങ്ങിനെ വർണ്ണിച്ചേക്കാം. വെളുപ്പാൻ കാലത്തു വിശുദ്ധവസ്ത്രാലംകൃതയും വിമലയും വിഭൂഷിതയുമായി, തളന്നു മയങ്ങിക്കിടക്കുന്ന ലോകത്തിന്റെ ചാരത്തു്, വിളിക്കുവാൻ ഓങ്ങി ഓങ്ങി, തന്റെ തരിവളക്കിലുക്കം കേട്ടു നാണം കുണുങ്ങി കുണുങ്ങി, ആനതമൌലിയായി, മധുരദർശിനിയായി ഇതാ ഉഷസ്സു വന്നു നില്ക്കുന്നു! അനുഗൃഹീതനായ ഒരു ഗായകൻ തന്റെ വീണക്കമ്പികൾ മുറുക്കി ലോലമധുരമായ പൂർവ്വകല്യാണിരാഗത്തിൽ ലയചാതുരിയോടുകൂടി ഉഷസ്സിനെപ്പററി പാടുമ്പോഴും ലജ്ജാധീരയും, മുഗ്ദ്ധമനോഹരിയും ആയ ഒരു നവോഢ മുമ്പിൽക്കൂടി വിറച്ചുകൊണ്ടു കടന്നുപോവുന്നതുപോലെ നമുക്കു തോന്നുന്നു.

ഇനി, അത്രമാത്രം ഉച്ചൈസ്സരം ഉൽഘോഷിക്കപ്പെടുന്ന ഈ കലകൾകൊണ്ടു് എന്താണു പ്രയോജനം എന്നുകൂടി ആലോചിക്കേണ്ടതുണ്ടു്. ആനന്ദമാണു കലയിൽനിന്നും മനുഷ്യൻ ആവശ്യപ്പെടുന്നതു് എന്നു എല്ലാ കലാകാരന്മാരും, നിരൂപകന്മാരും, സമ്മതിക്കുന്നു. ജീവിതയുദ്ധത്തിൽ ചതവും മുറിവും എററ് വിരസനും താളനും ആയ മനുഷ്യൻ കുറച്ചൊന്നു മാറുവാനും കുറെയധികം ആനന്ദിക്കുവാനും ആണു കലയുടെ മണിയറയിലേക്കു പോകുന്നതു്. അവർ തേടിപ്പോകുന്ന വിശ്രാന്തിയും ആനന്ദവും തീർച്ചയായും അവിടെ ലഭിക്കുകയും ചെയ്യുന്നു. ഈ

ആനന്ദമല്ലാതെ കലയിൽനിന്നു വേറൊന്നും ഉദ്ദേശിക്കുന്നില്ലെന്നും, ഉദ്ദേശിക്കുവാൻ പാടില്ലെന്നും ഉള്ള ആശയത്തെ ഭംഗിയുള്ള വാചകത്തിൽ പറഞ്ഞതാണ്, "Art for Art's Sake"—കല കലക്കുവേണ്ടി എന്നും കലയിൽ ലോകപ്രശ്നങ്ങൾ ചാലിച്ചു ചേർക്കുന്നതു്, അതിൽനിന്നും മതതത്വങ്ങൾ ഉദ്ദേശിക്കുന്നതു്, കലയുടെ ഒരു ന്യൂനതയാണ്, ഒരു ദുഷിച്ച കലാവാസനയാണ് എന്ന് അവർ വാദിക്കുന്നു Indeed one should never talk of a moral or immoral poem. Poems are either well written or badly written—that is all. എന്നാണ് ഒസ്കാർ വൈൽഡ് (Oscar Wilde) പറയുന്നതു്. സാന്മാർഗ്ഗികങ്ങളെന്നോ അസാന്മാർഗ്ഗികങ്ങളെന്നോ കവിതയെപ്പററി പറഞ്ഞുകൂടത്രെ! കവിത ഒന്നുകിൽ നന്നായിട്ട് അല്ലെങ്കിൽ ചീത്തയായിട്ട് എഴുതപ്പെടുന്നു, അത്രമാത്രമാണ് പോലും! കല കലക്കുവേണ്ടി എന്നുള്ള അറ്റുമുറിച്ച ചിന്തും തള്ളിയ ആ വാചകത്തിന്റെ തുറന്നതും കൃത്യവുമായ വിവരണമാണിതു്.

ഈ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുവാൻ വയ്യ. മുടക്കു വിളോട്ടുകൂടി മദാലസയായി ഒരു സാന്ധ്യമേഘം കടന്നുപോകുന്നതു കാണുമ്പോൾ അതിൽ മഹാവിഷ്ണുവിന്റെ തേരുരുളിന്റെ പാടുകാണുന്നതിനായി പാടുപെടുന്നവൻ ഉത്തമനായ ഒരു കലാകാരനാണെന്നു ഞാനും പറയുന്നില്ല. എന്നാൽ ആനന്ദമാണു കലയുടെ ഉദ്ദേശം, ആനന്ദം മാത്രമാണു കലയുടെ ഉദ്ദേശം, ആനന്ദമല്ലാതെ മറ്റൊന്നും തന്നെയല്ല കലയുടെ ഉദ്ദേശം എന്നു വാദിക്കുമ്പോഴാണ് അഭിപ്രായവ്യത്യാസം ഉണ്ടാവുന്നതു്. ആനന്ദമാണ് കലയുടെ ഉദ്ദേശമെന്നു സമ്മതിച്ചു. എന്നാൽ ആരുടെ ആനന്ദം? അതു് എഴുതിയ കവിക്കു മാത്രമോ വരച്ച ചിത്രകാരനു മാത്രമോ? അല്ല, അനുവാചകന്മാർക്ക്, അനുപ്രേക്ഷകന്മാർക്ക്, ഇതരമനുഷ്യർക്കുകൂടി ആസ്വദിക്കുവാനും ആനന്ദിക്കുവാനുമാണു കല. അല്ലെങ്കിൽ വിജനമായ വിപിനാന്തരത്തിൽ, കടന്നുപോകുന്ന കാറ്റേറ്റു മൂളി ആടുന്ന ആ മുളങ്കൂട്ടവും നിങ്ങളുടെ കവികളും തമ്മിൽ വ്യക്തമായ ഒരു വ്യത്യാസവുമില്ല. മനുഷ്യന്റെ ആനന്ദമെന്നു പറയുമ്പോൾ മനുഷ്യൻ ഒരു സാമുദായിക ജീവിയാണെന്നുള്ള കാര്യം നാം മറക്കരുതു്. ഒരുത്തനു പുറകത്തുനിന്നു വീണവായിക്കുവാൻ കഴിഞ്ഞു; അന്യനൊരുവന് അതിരസത്തോടുകൂടെ കഴുത്തിൽ കത്തിവെയ്ക്കാനും കഴിഞ്ഞു. അതൊന്നും യഥാർത്ഥമായ, സമുദായത്തിന്റെ സംഘടനാസ്ഥിതകുന്ന—സൃഷ്ടിപരമായ—ആനന്ദമല്ല. സമുദായത്തിലെ ഭേദപ്പെട്ട ഒരു വ്യക്തിക്കു കണ്ടാനന്ദിക്കുവാൻ സാധിക്കുന്ന വികാരങ്ങളായിരിക്കണം, സ്ഫോടങ്ങളായിരിക്കണം, കലയിൽ ഉണ്ടാവുന്നതു്.

എല്ലാ സുകുമാരകലകളുടേയും പ്രധാനോദ്ദേശം സാമുദായികമാണ്.

വാളുകളെക്കാൾ അധികം ചേനത്തൂമ്പിനു സമുദായത്തിൻെറ മേൽ സ്വാധീനശക്തിയുള്ളതിനു ചരിത്രത്തിൻെറ ഓരോ പുറത്തും ലക്ഷ്യമുണ്ട്. വിശുദ്ധമായ കലയുടെ മോഹനമായ സൌന്ദര്യദർശനത്തിൽ മനുഷ്യൻെറ ഇന്ദ്രിയങ്ങൾ അഴയുന്നു, അയാൾ ഒരുമാതിരി ഉന്മത്തൻകൂടിയാകുന്നു. ആ സമയത്തു് സുന്ദരങ്ങളായ ചിന്തകളല്ല, സമുദായസംഘടനയുടെ മൌലികതത്വങ്ങളുടെ പിരിയഴയ്ക്കുന്ന ചിന്തകളാണ് അവൻെറ അഴഞ്ഞ ഞരമ്പുകൾതോറും വ്യാപിക്കുന്നതെങ്കിൽ, അതു് കലയെ വ്യഭിചരിപ്പിക്കയാണെന്നു ഞാൻ പറയും. വികാരങ്ങളെ ഉണത്തുകയും, വിചാരങ്ങളെ ഉയത്തുകയും ചെയ്യുന്ന കലയാണ് ഉൽകൃഷ്ടവും യഥാത്ഥവുമായ കല. എമേർസൺ പറയുന്നു: "ലോകം പടുത്തുകെട്ടിയിട്ടുള്ളതു് കല്ലുകൊണ്ടും കുമ്മായംകൊണ്ടുമല്ല, സുന്ദരങ്ങളായ ചിന്തകളെക്കൊണ്ടാണ്." പുഴുക്കുത്തുള്ള ചിന്തകളെക്കൊണ്ടു പടുക്കപ്പെട്ട സമുദായം കാലത്തിൻെറ കൊടുങ്കാററിൽ തകന്നു തരിപ്പണമായിപ്പോകുന്നു.

കലാകാരൻ പ്രത്യേകം ഒരു കാലത്തിൻെറ പ്രവാചകനാണെന്നും, പ്രത്യേകം ഒരു കാലത്തെപ്പററിയേ അയാൾ ചിന്തിക്കുവാനോ എഴുതുവാനോ പാടുള്ളുവെന്നും ചിലർ നിർബ്ബന്ധമായി പറയുന്നു. ഇത്തരം നിരത്ഥകങ്ങളായ നിയമങ്ങൾ കലയുടെ കാല്ക്കൽ ഇടുന്ന ഇരുമ്പുചങ്ങലയാണ്. സ്വാതന്ത്ര്യമില്ലാത്തിടത്തു്—ദുസ്വാതന്ത്ര്യമെന്നല്ല ഞാൻ പറയുന്നതു്—ഇത്തരം ചേട്ടത്തമുള്ള നിയമങ്ങളിൽനിന്നും സ്വാതന്ത്ര്യമില്ലാത്തിടത്തു്, കലയ്ക്കു പുതുമയില്ല, വൈവിദ്ധ്യമില്ല. പുതുമയില്ലാത്തിടത്തു വളച്ചയില്ല; വൈവിദ്ധ്യമില്ലാത്തിടത്തു സൌന്ദര്യമില്ല. വളച്ചയും സൌന്ദര്യവും ഇല്ലാത്തിടത്തു് എന്തു കലയാണു പിന്നെ! കലാകാരനു് ഒരു കാലമേ ഉള്ളു: കലാപരമായ ആ ഉത്തേജനം വരുന്ന സമയം. ആ ഉത്തേജനത്തിൻെറ ഫലമായ ഉൽകൃഷ്ടമായ കലയാകട്ടേ, അതിനു് ഒരിക്കലും നാശമില്ല. അവാച്യമായ സൌന്ദര്യമാണു് അതിൻേറതു്; അനന്തമായ ആയുസ്സാണു് അതിൻേറതു്. ഹിന്ദുസാമ്രാജ്യത്തിൻെറ ചെങ്കോലും മുകിലചക്രവത്തിയുടെ കൊടിക്കൂറയും കടിഞ്ഞു ചിതലുപിടിച്ചുപോയി. എന്നാൽ കാളിദാസൻേറയും ഭവഭൂതിയുടേയും ഏടുകളിലും, താജ്മഹാളിൻേറയും ഇബഡത്ത്ഖാനയുടേയും തൂണിലും തുരുമ്പിലും ഇന്നും ഭാരതീയകലകളുടെ ജീവരക്തം ഓടിക്കൊണ്ടിരിക്കുന്നു. നിങ്ങളെ കീഴടക്കിയവനു നിങ്ങളുടെ സവ്വസ്വവും തട്ടിപ്പറിക്കുവാൻ കഴിഞ്ഞുവെന്നു വരും; നിങ്ങളുടെ കല മാത്രം തട്ടിപ്പറിക്കുവാൻ സാധിക്കയില്ല. ആദരവിൻെറ കാവിമുണ്ടുടുത്തു്, വിനയത്തിൻെറ ഭിക്ഷാപാത്രവും കൊണ്ടു്, നിങ്ങളുടെ കലയുടെ പടിവാതുൽക്കൽ ഭിക്ഷകിടന്നാൽ, ഒരു പക്ഷെ അയാൾക്കു് അല്പം ഭിക്ഷ കിട്ടിയെന്നു വരാം—അത്രമാത്രം.

സംഗീതസാഹിത്യങ്ങളുടെ സഗുണമൂർത്തിയായ സരസ്വതിയെ വരച്ചിട്ടുള്ള ഭാരതവർഷത്തിൽ സ്ത്രീകൾക്കു ലളിതകലകളുമായി കൂടുതൽ അടുപ്പമുണ്ടെന്നാണു വെച്ചിരിക്കുന്നതു്. ലളിതകലകളുടെ ലാളിത്യവും സൗകുമാര്യവും പുരുഷന്മാരെക്കാളധികം തീർച്ചയായും ലളിതകളായ അബലകൾക്കാണു കുറെക്കൂടി യോജിച്ചതു്. ഹിന്ദുക്കളുടെ വിശ്വാസത്തിൽ, ചിത്രകലയുടെ ആരംഭംതന്നെ ഒരു സ്ത്രീയുടെ തൂലികത്തുമ്പത്തുനിന്നാണു്. പ്രാണാധികപ്രിയനായ അനിരുദ്ധകുമാരന്റെ അതുലകോമളാകൃതി കാണുവാൻ പ്രണയപരവശയായ ഉഷയുടെ കാമാർത്തികളായ കണ്ണുകൾ മുട്ടിയുഴറിയപ്പോൾ, ഇഷ്ടസഖിയായ ചിത്രലേഖയുടെ ഭാവനാചാതുരി വരച്ചുണ്ടാക്കിയതാണത്രെ ലോകത്തിലെ ആദ്യചിത്രം. ഇത്രയും ഉൽകൃഷ്ടങ്ങളും അസൂയാർഹങ്ങളുമായ ഐതിഹ്യങ്ങളെ കാലക്രമമായി നമ്മുടെ സ്ത്രീജനങ്ങൾ ദ്രവിച്ചുപോകുവാൻ വിട്ടിരിക്കയായിരുന്നു. ഇന്നിവർ കുറേക്കൂടി കലാബോധമുള്ളവരായി പുറപ്പെട്ടിരിക്കുന്നതു നയനാനന്ദകരമത്രെ.

അഭിമാനിക്കത്തക്ക ഒരു കലാഭണ്ഡാഗാരം ഭാരതവർഷത്തിനുമുണ്ടു്. പക്ഷെ അതിലെ സുവർണ്ണനാണയങ്ങൾ പലതും ഇന്നു തേഞ്ഞും മാഞ്ഞും ഒളിഞ്ഞും കെട്ടും, കിടക്കുന്നു. കലാലോകത്തിൽ നമുക്കു വന്നിട്ടുള്ള ഈ അധഃപതനം രാഷ്ട്രീയമായ അധഃപതനം മൂലമായിരിക്കണം. സ്വാതന്ത്ര്യമുള്ളിടത്തേ കല സ്വച്ഛന്ദം വിഹരിച്ചിട്ടുള്ളൂ. ഗ്രീസ്സിലുമതേ, ഫ്ളോറൻസിലുമതേ, ഇംഗ്ലണ്ടിലുമതേ, ജർമ്മനിയിലുമതേ. മനുഷ്യൻ ഒരു ചെടിയാണെന്നു നിങ്ങൾക്കു വിചാരിക്കുവാൻ കഴിയുമെങ്കിൽ—അത്ര സുന്ദരമായ ഒരു ചെടിയാവേണ്ട, മുള്ളുകൾ നിറഞ്ഞ ഒരു ചെടിയാണെന്നു നിങ്ങൾക്കു് ആലോചിക്കുവാൻ കഴിയുമെങ്കിൽ—ആ ചെടിയെ പനിർച്ചെടിയാണെന്നും, അവന്റെ കലയെ പനിർപൂവെന്നും ഞാൻ വിളിക്കുന്നു. ദിവ്യവും ഭവ്യവുമായ അതിന്റെ സൌന്ദര്യവും സൌരഭ്യവും കാലാകാലം നിലനില്ക്കുന്നു. ഇന്ത്യയിൽ വംഗദേശത്തുനിന്നും ആ വാടാമലരിന്റെ വാസന ഇന്നു് ഉയന്നുതുടങ്ങിയിട്ടുണ്ടു. പുരാതനമായ ആർഷസംസ്കാരത്തിന്റെ ആലവാലത്തിൽ, സ്വാതന്ത്ര്യത്തിന്റെ സൂര്യരശ്മിയിൽ, അതു് ഇനിയും വികസ്വരമായ, സ്വർഗ്ഗീയമായ അതിന്റെ പരിമളംകൊണ്ടു ഭാരതപ്പൂങ്കാവനത്തെ സുരഭിലമാക്കിച്ചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

---

# അന്ത്യോപഹാരം.

[ജോസഫ് മുണ്ടശ്ശേരി എം. എ.]

മിസ്റ്റർ വി— എന്റെ ഒരു സ്നേഹിതനായിരുന്നു. മാന്യമായ തൊഴിൽ ചെയ്തു മാന്യമായി കാലക്ഷേപം ചെയ്യണമെന്നേ അയാൾ കൊതിച്ചിരുന്നുള്ളു. യന്ത്രസഹായത്തോടുകൂടിയ തയ്യൽപണിയാണ് അയാൾ സ്വീകരിച്ച ജീവനോപായം. നാട്ടിൽ ആ ജോലി അക്കാലത്തു വളരെ മാന്യമായിരുന്നതിനാൽ സ്വാദർശാനുവർത്തനം അയാൾക്കു വിഷമമായിരുന്നില്ല. കുടുംബാംഗങ്ങളെല്ലാവർക്കും സംതൃപ്തിയോടുകൂടി ജീവിപ്പാൻ വേണ്ടത്ര സമ്പാദ്യം അയാൾക്കുണ്ടായിരുന്നു. എന്നാൽ ഒരു അന്തഃകരണനിർവ്വേദനം എന്റെ മിത്രത്തെ പലപ്പോഴും അലട്ടിയിരുന്നതായി ഞാനോർക്കുന്നുണ്ട്. അതു് ഏകദേശം ഇപ്രകാരമാണ്:— "ഞാൻ ഇപ്പോൾ മരിച്ചാലോ? എന്റെ ഭാര്യയും കുട്ടികളും തെരുവിൽ തെണ്ടിത്തിരിയേണ്ടിവരില്ലേ? അങ്ങനെ വന്നാൽ അതിനുത്തരവാദിയാരായിരിക്കും?— ഞാൻ, അതേ, ഞാൻതന്നെ; അതുകൊണ്ടു അവരുടെ ഉപജീവനത്തിനുള്ള വഴി കഴിയുന്നത്ര ഞാൻതന്നെ ശരിപ്പെടുത്തി വെയ്ക്കണം—" രാവും പകലും നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്ന പ്രസ്തുത നിർവ്വേദം അയാളെ കണക്കിലധികം കർമ്മനിരതനാക്കി. പാർക്കുവാനൊരു വീട്, ഉപജീവിക്കാനൊരു പറമ്പ്— ഇത്രയേ 'കരുതൽധന'മായി അയാൾ ഉന്നിയിരുന്നുള്ളു. 'മാണക്കറി'യും മററും നാട്ടിൽ കേറിയിട്ടില്ലായിരുന്നതിനാൽ ആവക ഏർപ്പാടുകളിൽ സ്വയം പണയപ്പെടുത്താനൊന്നും ആ അഭ്യംഗാരികനു ഇടയായിരുന്നില്ല.

ഏതെങ്കിലും അകാരണനിര്യാണത്തെപ്പററി കേട്ടാൽ മിസ്റ്റർ വി— നിര്യാതന്റെ കുടുംബസ്ഥിതി സൂക്ഷ്മമായന്വേഷിച്ചറിവാൻ വലിയ ബദ്ധപ്പാടു കാണിച്ചിരുന്നു. അതോടുകൂടി അയാളുടെ ഉത്തരവാദബോധം ജൃംഭിക്കയും കർമ്മാനുഷംഗം വർദ്ധിക്കയും ചെയ്തിരുന്നുവെന്നു പറയേണ്ടല്ലോ. അപ്പോഴൊക്കെ സ്നേഹിതന്റെ വിഷാദാത്മകമായ ജീവിതവിമർശനത്തിനു വിരാമമിടാൻ ഞാൻ വല്ലാതെ യത്നിച്ചിട്ടുണ്ട്.

"അജരാമരവത് പ്രാജ്ഞോ
വിദ്യാമർത്ഥം ച സാധയേത്"

ഇത്യാദി അഭിജ്ഞോക്തികൾ സവിസ്തരം വ്യാഖ്യാനിച്ചു കേൾപ്പിക്കുമ്പോൾ അയാൾ ഒന്നും എതിർത്തു പറഞ്ഞിരുന്നില്ല; എല്ലാം സാവധാനം കേട്ടു ശാന്തനായി പോകയായിരുന്നു പതിവ്.

കുറെ കൊല്ലങ്ങൾക്കുശേഷം ജോലിനിമിത്തം ഞങ്ങൾ തമ്മിൽ പിരിയേണ്ടിവന്നു. എന്നാലും ഇടയ്ക്കു നാട്ടിൽ പോയിരുന്നപ്പോൾ ഞാൻ അയാളുടെ മനോഗതിയും ജീവിതരീതിയും കൌതുകപൂൎവ്വം അന്വേഷിച്ചറിഞ്ഞിരുന്നു. അവക്കു പഴയ തോതിൽനിന്നു ഭേദമൊന്നും വന്നിരുന്നില്ല. അടിക്കടി വൎദ്ധമാനമായ കുടുംബസ്നേഹവും കൎത്തവ്യബോധവും അയാളെ ഞെക്കിപ്പിഴിഞ്ഞുകൊണ്ടേയിരുന്നു.

* * * * * * * *

ഒരു അനദ്ധ്യായകാലത്തു ഞാൻ നാട്ടിലെത്തിയപ്പോൾ മിസ്റ്റർ വി— വിഷമജ്വരം പിടിപെട്ടു കിടപ്പിലായിരുന്നു. രണ്ടാഴ്ചയിലധികം കഴിഞ്ഞിരുന്നു രോഗം ബാധിച്ചിട്ട്. ഞാൻ കണ്ടപ്പോൾ പനി ഒരുവിധം ശമിച്ച കൂട്ടത്തിലായി. പക്ഷേ കിടപ്പിലായ നാൾ തൊട്ടുണ്ടായിരുന്ന ഭക്ഷണവിരക്തി ഉത്തരോത്തരം വൎദ്ധിക്കയാൽ അയാളുടെ ശരീരം കങ്കാളപ്രായമായിരുന്നു. പാൽ ആദിയായ ദ്രവപദാൎത്ഥങ്ങൾകൂടി അയാൾ കൈക്കൊണ്ടില്ല. ഒന്നും കണ്ഠനാളത്തിലൂടെ ഇറങ്ങാത്തതായിരുന്നു അതിന്റെ കാരണം. എല്ലാവൎക്കും വലിയ പേടിയായി. പനി പോയപ്പോൾ വേറെ എന്തോ അസാധാരണരോഗം വന്നുപെട്ടിരിക്കുമോ എന്നായി പലരുടേയും ശങ്ക. എങ്കിലും ഡോക്ടൎക്ക് അത്തരം ശങ്കയോ ഭയമോ ഉണ്ടായില്ല; അഥവാ അവയൊന്നും അദ്ദേഹം കാണിച്ചില്ല. വല്ലവിധത്തിലും കുറേശ്ശെ പോഷകപദാൎത്ഥങ്ങൾ ഉദരത്തിലെത്തിക്കൊണ്ടിരുന്നാൽ മതി രോഗി രക്ഷപ്പെടാനെന്നായിരുന്നു അദ്ദേഹത്തിന്റെ മതം. ഡോക്ടർമാരുടെ നവീനങ്ങളായ രോഗനിവാരണപദ്ധതികൾ വളരെ കണ്ടു പരിചയിച്ചിട്ടില്ലാത്ത അവിടത്തെ ജനങ്ങളിൽ പലരും അദ്ദേഹത്തിന്റെ അഭിപ്രായം തലകുലുക്കി സമ്മതിക്കയും വല്ല തരത്തിലും അതു നിൎവ്വഹിക്കണമെന്ന് അദ്ദേഹത്തോടു കേണപേക്ഷിക്കയും ചെയ്തു. അതനുസരിച്ച് അദ്ദേഹം രോഗിയുടെ അപാനദ്വാരത്തിലൂടെ കുഴൽവെച്ച് (Rectum feeding) 'പാനോപെപ്ടൺ' എന്നുള്ള വിശിഷ്ടമായ പോഷകദ്രവവും മററു ഉദരത്തിലേക്ക് 'അടിച്ചു കയററി' ക്കൊണ്ടിരുന്നു.

പുതിയ ആഹാരക്രമംകൊണ്ടുണ്ടായ ക്ലേശവും വേദനയും എന്റെ സ്നേഹിതന്ന് അസഹ്യമായിത്തോന്നി. പലപ്പോഴും അയാൾ ഡോക്ടരോടും കുടുംബങ്ങളോടും മിത്രങ്ങളോടുമായി "ഇനി ഇതും വേണമോ?" എന്നാവലാതിപ്പെട്ടതായോൎക്കുന്നുണ്ട്. പക്ഷേ മിക്കവാറും സഹോഹിതമതിയും കുടുംബരക്ഷാവ്രതനുമായിരുന്നതിനാൽ അയാൾ രോഗശല്യങ്ങളെല്ലാം വളരെയൊന്നും 'കശപിശ' കൂട്ടാതെ ക്ഷമാപൂൎവ്വം സഹിക്കുകതന്നെ ചെയ്തു.

അല്പം പ്രസാദം തോന്നിയിരുന്ന ഘട്ടങ്ങളിൽ സ്നേഹിതൻ എന്നോടു സ്വകുടുംബസ്ഥിതികളെക്കുറിച്ചു സഗൽഗദം സംസാരിക്കയും ഇടയ്ക്കിടയ്ക്ക് നിശ്ശബ്ദനായി കണ്ണീർ വാക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴൊക്കെ പഴയ അന്തഃകരണനിർവേദം എന്നെ നിർന്നിമേഷം ഉററുനോക്കിയിരുന്നു. ഒരോരോ അവസരത്തിലും പെട്ടെന്ന് ഉത്തരം പറവാൻ ഞാൻ അസമർത്ഥനായി. പക്ഷേ, പനി തീരേ മാറിയതിനാൽ അപകടശങ്കയ്ക്കവകാശമില്ലെന്നുള്ള വൈദ്യോപദേശം വെളിപ്പെടുത്തി, സുഹൃത്തിനെ യഥാശക്തി സമാധാനിപ്പിക്കുവാൻ ഞാൻ ശ്രമിക്കാതിരുന്നില്ല.

* * * * * * *

ഒരു തിങ്കളാഴ്ച സായാഹ്നമായി. ഡോക്ടർ വരേണ്ട സമയമായെന്നോർത്തു ഞാൻ സ്നേഹിതന്റെ വീട്ടിലേക്കു തിരിച്ചു. അവിടെ അദ്ദേഹം എത്തിയിരുന്നു. രോഗം ആപൽക്കരമല്ലെന്നുള്ള അഭിപ്രായം പ്രചരിച്ചിരുന്നതിനാൽ സന്ദർശകന്മാർ ഉണ്ടായിരുന്നില്ല. കുടുംബാംഗങ്ങൾക്കു പുറമേ നാലോ അഞ്ചോ സ്ത്രീകൾ മാത്രമേ മുറിക്കകത്തു കാണപ്പെട്ടുള്ളു.

ഡോക്ടർ 'പാദനാ ഡെപ്ടൺ' അകത്തു കയററാനുള്ള ശ്രമമായി. ഞാൻ അദ്ദേഹത്തിന്റെ അരികെത്തന്നെ നിലകൊണ്ടു. സ്നേഹിതന്റെ ഭാര്യ കഷ്ടിച്ചൊന്നേകാൽ വയസ്സെത്തിയ പിഞ്ചുപൈതലിനെ കയ്യിലേന്തിക്കൊണ്ടു കട്ടിലിൽ പ്രിയതമവദനത്തെ അഭിമുഖീകരിച്ച് ഉപവിഷ്ടയായിരുന്നു. മൂത്തകുട്ടി വലംകൈ അമ്മയുടെ തോളിൽ വെച്ചുകൊണ്ട് താഴെ നിന്നിരുന്നു. (തന്റെ കുടുംബാംഗങ്ങൾ എപ്പോഴും സമീപത്തുണ്ടായിരിക്കണമെന്നു രോഗി നിർബ്ബന്ധിച്ചിരുന്ന കഥ അറിയാമായിരുന്നതിനാൽ ഡോക്ടർ പുതിയ സമ്പ്രദായമനുസരിച്ച് അവരെ മുറിക്കകത്തുനിന്നാട്ടിയോടിച്ചില്ല) കുഴലിൽക്കൂടി അല്പം പോഷകൗഷധം ഉള്ളിൽ കയറി. ഒരു ഞെരക്കം! ഞാൻ തിരിഞ്ഞുനോക്കി. സ്നേഹിതൻ കൈപൊക്കി, 'മതി' എന്നു സൂചിപ്പിച്ചു. അയാൾ പരസഹായമെന്നിയേ എണീററു. ഞാൻ അയാളെ താങ്ങുവാനൊരുങ്ങി. എന്നേയും അയാൾ ഹസ്തസൂചനംകൊണ്ടു വിലക്കി. അയാൾ പിന്നെ സഹധർമ്മിണിയേയും ഓമനപ്പൈതങ്ങളേയും മാറിൽ അടക്കിപ്പിടിച്ച് ഒരാശ്ലേഷം! ഞങ്ങൾ അമ്പരന്നു. അതു കണ്ട് സ്നേഹിതൻ, "ഭയപ്പെടേണ്ട; ഇതേ എനിക്കിനി ഇവക്കു കൊടുപ്പാനുള്ളു" എന്നു പറഞ്ഞു കുടുംബാംഗങ്ങൾ മൂവരേയും മാറിമാറിച്ചുംബിക്കയായി. രണ്ടേ രണ്ടു നിമിഷം. മിസ്റ്റർ വി—വീണ്ടും കിടന്നു; കാൽ രണ്ടും നീട്ടി, കണ്ണു രണ്ടും—

സൂര്യൻ രാഗസ്ഫൂർത്തിയോടുകൂടി പകലിനെ സമാശ്ലേഷിച്ചു അനന്തമായ അന്തരിക്ഷത്തിൽ വിലീനനായി—

# ശനിഗ്രഹത്തിലേയ്ക്കു് ഒരു യാത്ര.*

[ സി. എ. കുഞ്ഞുണ്ണിരാജാ ]

പലരും പറയുന്നതു കേട്ടിട്ടെങ്കിലും, ശനിഗ്രഹത്തേയും അതിനു ചുററുമുള്ള ആ അത്ഭുതകരമായ വലയത്തേയും കുറിച്ച് എന്തെങ്കിലും ചിലതു ധരിച്ചിട്ടില്ലാത്തവർ ചുരുങ്ങും. എന്നാലും, വാസ്തവത്തിൽ ഒരു ദൂരദർശിനിക്കുഴലിന്റെ സഹായത്തോടുകൂടി ഒന്നു ശ്രദ്ധിച്ചു പരിശോധിച്ചു നോക്കുകതന്നെ വേണം, ആ വിസ്മയജനകമായ ഗ്രഹം എത്രയെത്ര സുന്ദരങ്ങളായ കാഴ്ചകളെക്കൊണ്ടാണു നരലോകത്തെ സംഭാവനംചെയ്യുന്നതെന്നു പ്രത്യക്ഷത്തിൽ കണ്ടാസ്വദിക്കുവാൻ. നമുക്കറിയുവാൻ കഴിഞ്ഞിട്ടുള്ളേടത്തോളം പ്രപഞ്ചത്തിലുള്ള മററെല്ലാ അനഘങ്ങളായ വസ്തുക്കളേക്കാളും അനഘതരമായിട്ടാണ് ഇതെഴുതുന്ന ഈ നിമിഷത്തിലും ശനിയുടെ നില. ആ സ്ഥിതിക്ക്, കേവലം വിദൂരസ്ഥമായ ഒരു ദിക്കിലിരുന്ന് അതിനെക്കുറിച്ചു യുക്തിക്കനുസരിച്ച് ഓരോന്നു മനോരാജ്യം വിചാരിക്കുന്ന ഏതെങ്കിലും ഒരു സന്ദർഭത്തിൽ, ആ മഹാഗ്രഹത്തെ അതിന്റെ അത്ഭുതകരങ്ങളായ സർവ്വ വാസ്തവങ്ങളോടുംകൂടി കണ്ടറിയുവാൻ സാധിക്കത്തക്കവണ്ണം അത്ര അടുത്തുചെന്നു നമുക്കു നിരീക്ഷിക്കുവാൻ സാധിച്ചെങ്കിൽ! കുറച്ചുകൂടി—ശനിയിലേയ്ക്കു് ഒരു യാത്ര പുറപ്പെട്ടു് അവിടെ നമുക്ക് എത്തിച്ചേരുവാൻ സാധിച്ചെങ്കിൽ! അതെ, ശനിയിലേയ്ക്കു് എന്താനും നമുക്കൊന്നെത്തിച്ചേരുവാൻ സാധിച്ചെങ്കിൽ — അതിനെക്കുറിച്ചൊന്നാലോചിക്കുക.

വളരെക്കാലത്തോളം, ശനി, സൌരയൂഥത്തിന്റെ ഏററവും വിദൂരസ്ഥമായ അഗ്രത്തിലുള്ള ഗ്രഹമായിട്ടാണു കരുതപ്പെട്ടുവന്നിരുന്നതു്. കാരണം, മനുഷ്യന്റെ നഗ്നദൃഷ്ടിക്കു ഗോചരങ്ങളായ ഗ്രഹങ്ങളിൽ ഒടുവിലത്തേതു് അതായിരുന്നു എന്നുള്ളതുതന്നെ. ശനിയുടെ ചലനം കാഴ്ചയിൽ വളരെ സാവധാനമാണ്. അതു മുപ്പതുകൊല്ലക്കാലംകൊണ്ടേ ആകാശത്തിൽ ഒരുവട്ടം സഞ്ചരിക്കുന്നുള്ളു—സൂര്യനെ ഒരിക്കൽ പ്രദക്ഷിണം വെയ്ക്കുന്നുള്ളു എന്നു പറഞ്ഞാൽ, നമ്മുടെ മുപ്പതു വർഷങ്ങൾ കൂടിയാലേ ശനിയുടെ ഒരു സംവത്സരമാവൂ എന്നർത്ഥം. സൂര്യനെ ഒരിക്കൽ പ്രദക്ഷിണം വെയ്ക്കുവാൻ അതിനിത്രയധികം സമയം വേണ്ടിവരുന്നതു്, ആ ഗ്രഹം സൂര്യനിൽനിന്നും അത്രയധികം അകന്നു സ്ഥിതിചെയ്യുന്നതുകൊണ്ടാണ്—ഏതാണ്ട് 885,000,000 നാഴികയോളം! നാംതന്നെ സൂര്യനിൽനിന്ന് ഏതാണ്ടു് 92,000,000 നാഴിക ദൂരത്താണ്. 793,000,000

* "Illustrated London News" എന്ന പത്രഗ്രന്ഥത്തിൽ കണ്ട ഒരു ഇംഗ്ലീഷുലേഖനത്തിന്റെ വിവർത്തനത്തിനോടു് ഇതെഴുതുന്ന ആൾക്കു ചില കടപ്പാടുകളുണ്ട്.

നാഴികയോളം വിസ്തൃതിവരുന്ന ഒരു ശൂന്യത നടുവിൽകിടന്നു നമ്മേയും ശനിഗ്രഹത്തേയും അകററിനിൎത്തുന്നു!

ശനിഗ്രഹത്തിൽനിന്നു് ഒരു ദൂരദൎശിനിയിൽകൂടി ഒരാൾ നമ്മുടെ ഈ ഭൂമണ്ഡലത്തെ ഒന്നു നോക്കട്ടെ; അപ്പോൾ കാണാം അനന്തമായ ആകാശത്തിൽ, അപ്രമേയമായ നിശ്ശൂന്യതയിൽ ഒരു തുള്ളി വെളിച്ചം! ഒരിററുപ്രകാശം! അത്ര ചെറിയതായിരിക്കും ഭൂമി. എന്നാൽ, ശനിഗ്രഹത്തിന്റെ സൌന്ദൎയ്യവിശേഷങ്ങളെ നമുക്കിവിടെനിന്നു നോക്കിയാൽ തന്നെ കണ്ടറിയത്തക്കാണ്ണം, അതിനെ അത്ര വലുതാക്കിക്കാണിക്കുവാൻ ഭൂതക്കണ്ണാടികൾ സാധിക്കുന്നുണ്ടു്. അപ്പോൾ, ആലോചിച്ചുനോക്കു, എത്ര മാത്രം വലുപ്പമുണ്ടായിരിക്കണം ഈ ശനിഗ്രഹഗോളത്തിനു്? വാസ്തവമാണിതു്—ആ ഗോളത്തിന്റെ മദ്ധ്യരേഖയ്ക്കു് 74,000 നാഴിക നിളം കാണും! ഭൂമിയേക്കാൾ 745 ഇരട്ടി വലിയതാണു് ശനി. വ്യാഴത്തെ, സൌരയൂഥത്തിലെ ഏററവും വലിയ ഗ്രഹത്തെ അപേക്ഷിച്ചുനോക്കുമ്പോൾ ഈ ശനി 'എത്ര ഇത്തിരിയേ ഉള്ളു' എന്നോ? അതുകൊണ്ടു കാൎയ്യമില്ല. ശനി, അതിന്റെ അതി വിസ്തൃതമായ വലയംകൊണ്ടു വ്യാഴത്തിനെ കടത്തിവയ്ക്കുന്നു! വലയത്തിന്റെ ഏററവും അകലം കൂടിയ രണ്ടററങ്ങളുടേയും നടുവിൽ 170,000 നാഴികയാണുള്ളതു്! ഈ ഭീമമായ വലയം നന്ന കനം കുറഞ്ഞതാണു്. അതു് അനേകം മേഖലകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതു പിളൎന്നതാണു്. ശനിയുടെ ഉപഗ്രഹങ്ങൾ, സൎവ്വദാ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന സംഖ്യയില്ലാത്ത സൂക്ഷ്മവസ്തുക്കൾ, പൊടി, മററനേകം കൊച്ചുകൊച്ചു ഗ്രഹങ്ങൾ, ഇവയെല്ലാം കൂടിച്ചേൎന്നതാണു് ആ വലയം. അവയുടെ ചലനത്തിന്റെ വേഗം, അവയ്ക്കു് ശനിയോടുള്ള അടുപ്പത്തിന്റെ ഏററക്കുറവനുസരിച്ചു് അധികമായും കുറഞ്ഞുമിരിക്കും. ഇവയെ ഓരോന്നായി വേൎതിരിഞ്ഞു കാണുക സാദ്ധ്യമല്ലാത്തതുകൊണ്ടു്, പ്രത്യക്ഷത്തിൽ അവയെല്ലാം കൂടി ഒരൊററ വസ്തുവാണെന്നേ നമുക്കു തോന്നുകയുള്ളു. ഈ വലയം ഗ്രഹത്തിന്റെ മദ്ധ്യരേഖയ്ക്കു നേരെ സ്ഥിതിചെയ്യുന്നു. ഗ്രഹത്തിന്റെ നില ഭ്രമണമാൎഗ്ഗത്തിൽനിന്നു 27 ഡിഗ്രിയോളം ഇടത്തോട്ടു ചാഞ്ഞുംകൊണ്ടാണു്. ഭൂമിയെപ്പോലെതന്നെ അതിന്റെ ഭ്രമണമാൎഗ്ഗത്തിൽകൂടെ ശനി സൂൎയ്യനു ചുററും സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ ഭാഗവും വെവ്വേറെ സൂൎയ്യപ്രകാശിതമായി വീണ്ടും ഇരുളിലേയ്ക്കുതന്നെ മറഞ്ഞുപോകുന്നു. ശനിഗ്രഹത്തിലെ കാലാവസ്ഥകളുടെ രീതിക്കു ഭൂമിയുടേതിനോടു സാദൃശ്യമുണ്ടു്. പക്ഷേ, ഒരു കാൎയ്യം—ശനിയുടെ ഓരോ ഋതുവും ഭൂമിയുടെ കണക്കിൽ ഏഴുകൊല്ലത്തിലധികം നിളമുള്ളവയായിരിക്കും!

ശനിക്കു പത്തു് ഉപഗ്രഹങ്ങളുണ്ടു്. അതിൽ ചിലതു ഗോളത്തിനടുത്തു്; ചിലതു വലയത്തിനോടു സമീപിച്ചു്. ഒരു ദൂരദർശിനിക്കുഴലിൽക്കൂടെ നോക്കുക—ഇരുണ്ടതും പ്രകാശപൂർണ്ണങ്ങളും ആയ അനേകം വലയങ്ങൾ നിറഞ്ഞു്, അനേകം പുള്ളിക്കുത്തുകളോടുകൂടിയായിരിക്കും, നാം ശനിഗ്രഹഗോളം കാണുക. അവയുടെ ആവിർഭാവവും തിരോധാനവും, ഈ ശനിഗ്രഹം കട്ടിയായ ഒന്നല്ലെന്നു് നമ്മെക്കൊണ്ടു സംശയിപ്പിക്കുന്നു. ഒരുപക്ഷേ അതു്, അന്തരിക്ഷത്തിലോ, അല്ലെങ്കിൽ വാതകങ്ങൾ നിറഞ്ഞ പ്രദേശങ്ങളിലോ സംഭാവ്യങ്ങളായ ചില അസ്വാസ്ഥതകളാവാനും വഴിയുണ്ടു്. ഒന്നു തീർച്ചയാണു് — ശനിഗ്രഹത്തിന്റെ 'ഘനത' (Density) —അതേതാണ്ടു വെള്ളത്തിനോടു തുല്യമാണു്—ഭൂമിയെ അപേക്ഷിച്ചു് അതു തീരെ വ്യത്യസ്തമായ സമ്പ്രദായത്തിലുള്ള ഒരു ലോകമാണെന്നു നല്ലവണ്ണം സൂചിപ്പിക്കുന്നുണ്ടു്.

ഏതായാലും നമുക്കു ശനിയിലേയ്ക്കു് ഒരു യാത്ര പുറപ്പെടുക. ഭാവനാമാത്രമാണേ! അതാ, നാമവിടെ എത്തിച്ചേർന്നു! നമുക്കു് അവിടമെല്ലാം ഒന്നു ചുററിത്തിരിയുക. നോക്കൂ, അതാ ആ അത്ഭുതകരമായ വലയം—ഓരോ ദിക്കിൽനിന്നു നോക്കിയാൽ ഓരോ സമ്പ്രദായത്തിൽ! നാമിപ്പോൾ മദ്ധ്യരേഖയിലാണു്. അതെ, ശനിയുടെ മദ്ധ്യരേഖയിൽ (Equator); അല്ലെങ്കിൽ അതിനടുത്ത ഒരു പ്രദേശത്തു്. അതാ ആകാശത്തു് ഒരു വെളുത്ത വര കാണുന്നില്ലേ, വെളിച്ചംകൊണ്ടുള്ള ഒരു ഞാണുപോലെ? അതു് ആ വലയമാണു്. വലയത്തിന്റെ കനം കുറഞ്ഞ പാർശ്വഭാഗമാണു നാം കാണുന്നതു്. നാം ഇപ്പോൾ ഇതു കാണുന്നതുകൊണ്ടു തീർച്ചയാക്കാം, ഇവിടെ (ശനിഗ്രഹത്തിൽ) ഇതു് അയനാന്തകാലമാണെന്നു് (Solstice). എന്താണെന്നോ? അപ്പൊഴേ അവിടങ്ങളിൽ ഈ വലയം ഇങ്ങനെ കാണൂ. കാരണം, അതിന്റെ സൂര്യപ്രകാശം തട്ടുന്ന പാർശ്വഭാഗം ആ കാലങ്ങളിൽ നമുക്കഭിമുഖമായി വർത്തിക്കുന്നു. വിഷുവകാലങ്ങളിൽ (Equinoxes) ശനിഗ്രഹത്തിൽനിന്നു നോക്കിയാൽ വലയം കാണുകയേ ഇല്ല. കാരണം, ആ സമയത്തു് ഒരേ നിരപ്പിൽത്തന്നെ വർത്തിക്കാവുന്ന സൂര്യനെ ആ വലയം മറയ്ക്കുന്നതുകൊണ്ടുതന്നെ. മുമ്പു ഞാൻ പറഞ്ഞുവല്ലോ, ഈ വലയം അനേകം വേർതിരിഞ്ഞുകിടക്കുന്ന വസ്തുക്കളുടെ സമ്മേളനംകൊണ്ടുണ്ടായിട്ടുള്ളതാണെന്നു്. എന്നാൽ, ഞാൻ ചോദിക്കട്ടെ, ആ വലയഘടകങ്ങളെയെല്ലാം വേർതിരിച്ചുകാണുവാൻ ശനിഗ്രഹത്തിൽനിന്നു നോക്കുന്ന ഒരാൾക്കു സാധിക്കുമോ? ഈ ഒന്നായിട്ടുള്ള കാഴ്ച മാത്രമേ നമുക്കവിടെയും കിട്ടുക

യുള്ള എന്നുണ്ടോ? എല്ലാംകൊണ്ടും ഒടുവിൽ പറഞ്ഞ മട്ടിലാവാനാണു വഴി.

ശനിഗ്രഹത്തിന്റെ മദ്ധ്യരേഖയ്ക്കും ധ്രുവങ്ങൾക്കും നടുവിൽ കിടക്കുന്ന പ്രദേശങ്ങൾ സന്ദർശിക്കുവാൻ ഏററവും പററിയ സമയം അയനാന്തകാലങ്ങളാണ്. ആ പ്രദേശങ്ങളിൽനിന്നു നോക്കിയാൽ വലയം ഒരു തേജോരേഖപോലെയല്ലാ കാണപ്പെടുക. പിന്നെയോ? ഒരു വില്ലുപോലെ; ഒരു കമാനംപോലെ. ധ്രുവങ്ങളിലേയ്ക്കു നമുക്കധികം പോകാതിരിക്കുകയാണു നല്ലതു്. എന്താണെന്നോ? അങ്ങോട്ടടുക്കുംതോറും ആകാശത്തു നിന്നും ആ വലയം ഇറങ്ങിയിറങ്ങി വരുന്നതു കാണാം. കുറേക്കഴിഞ്ഞാൽ അതു തീരെ അദൃശ്യമാവുകയും ചെയ്യും. നമുക്കു മനോരാജ്യം വിചാരിക്കുക—ശനി മനുഷ്യാധിവാസമുള്ളതായിരുന്നെങ്കിൽ! പോരാ, നമ്മുടെ എസ്കിമോക്കാരെപ്പോലെ (Esquimauz) കുറെ ആളുകൾ മററുള്ളവരിൽനിന്നു വേർതിരിഞ്ഞു ധ്രുവപ്രദേശങ്ങളിലായിരുന്നുവെങ്കിൽ! എന്നാൽ നിശ്ചയമായും അക്കൂട്ടർ തങ്ങളുടെ ലോകത്തിനു പുറം ഇങ്ങനെ ഒരു വേലിയുണ്ടെന്നുള്ള കഥ അറിയുമായിരുന്നേ ഇല്ല. ഋതുക്കൾ മാറുന്നതോടുകൂടി ഈ വലയത്തിനും മാററങ്ങൾ വരുന്നു. അതിനെ ചിലപ്പോൾ കാണാം, ചിലപ്പോൾ കാണുകയില്ല. കാണുകയാണെങ്കിൽ ശനിഗോളത്തിന്റെ ഒരദ്ധത്തിനു്, ഒരു ശനിവഷത്തിന്റെ പകുതിക്കാലം കാണാതിരിക്കുകയാണെങ്കിലും അങ്ങനെതന്നെ. അതേ നമ്മുടെ കണക്കിനു പതിനഞ്ചുകൊല്ലം കാണാം. പതിനഞ്ചുകൊല്ലം കാണുകയില്ല. അക്കാലം മുഴുവൻ അതാതു പ്രദേശങ്ങളിലുള്ള പ്രേക്ഷകന്മാക്കു് ആ വലയം കാണുവാൻ സാധിക്കാത്തതിനുള്ള കാരണം, സൂര്യപ്രകാശം തട്ടാത്ത ഭാഗങ്ങളാണു് അവക്കഭിമുഖമായി വരിക എന്നുള്ളതുതന്നെ. എന്നാൽ ആ സന്ദർഭങ്ങളിലെല്ലാം അതു തീരെ അദൃശ്യമായിരിക്കുമോ? ഒരുവേള അതിന്റെ രശ്മി പാരകഭാവംകൊണ്ടു (Transparency) അല്ലെങ്കിൽ ഇടവിട്ടു നിൽക്കുന്ന നാനാവസ്തുക്കളുടെ വിടവുകളിൽക്കൂടി കടന്നേക്കാനിടയുള്ള സൂര്യരശ്മികളുടെ പ്രകാശം പരക്കുന്നതുകൊണ്ടു്, ഒരു മങ്ങിയമട്ടിൽ അപ്പോഴും നമുക്കു കാണുവാൻ സാധിച്ചേക്കാം. ഒന്നു തീച്ചയാണു്. ശനിഗ്രഹഗോളത്തിൽ വന്നു വീഴുന്ന വലയച്ഛായയുടെ കട്ടിയനുസരിച്ചു നോക്കി, അതിനെക്കുറിച്ചു നിശ്ചയമായ ഒരു അഭിപ്രായം പറയുന്നതു സാഹസമാകും. കാലത്തിനനുസരിച്ചു ചിലപ്പോൾ അതു വീതികൂടിയതാവും; ചിലപ്പോൾ വീതി കുറഞ്ഞതാവും. ശനിഗ്രഹഗോളത്തിലെ മഹാ വിഷുവകാലങ്ങളിലും (the vernal equinox) ജലവിഷുവകാലങ്ങളിലും (the Antuminal Equinox) ഈ വലയച്ഛായ കാരണം സൂര്യദശനം തീരെ അസാ

ദ്ധ്യമാണു്. ആ 'ഇരുണ്ട കാലഘട്ട'ത്തിന്റെ ആദ്യന്തങ്ങൾ അനേകം സംപൂർണ്ണ സൂര്യഗ്രഹണങ്ങളോടു കൂടിയ ഉഷസ്സന്ധ്യകളാൽ പുരസ്കൃതവും പ്രത്യുൽഗതവുമായിരിക്കും.

ഇനി മറെറാന്നു്. ശനിഗ്രഹത്തിലെ ഒരു നൈശാകാശം കാണിച്ചു തരുന്ന കാഴ്ചകൾ, പ്രത്യേകിച്ച്, വലയത്തിന്റെ സൂര്യപ്രകാശം തട്ടുന്ന ഭാഗങ്ങൾ നമുക്കഭിമുഖമായി പ്രത്യക്ഷപ്പെടുന്ന കാലങ്ങളിലെ നൈശാകാശം കാണിച്ചു തരുന്ന കാഴ്ചകൾ, എത്ര ഹൃദയാകർഷകങ്ങളാണെന്നോ? ആകാശത്തു വെളിച്ചംകൊണ്ടു വാർത്ത ഒരു കമാനം; അതിന്റെ മദ്ധ്യത്തിൽ കരിരുണ്ട നിഴൽ വന്നു വീഴുന്നു. (അതു ശനിഗ്രഹത്തിന്റെ നിഴൽതന്നെയാണു്) ആ നിഴലോ? അതിനു ഓരോ ദിക്കിൽ ഓരോ സമ്പ്രദായം! ഈ നിഴൽ—അതു് വിഷുവങ്ങൾക്കു മുമ്പും അതു കഴിഞ്ഞിട്ടുമുള്ള കാലങ്ങളിലേ—ആ കമാനത്തെ തന്റെ ഋജുവായ അഗ്രംകൊണ്ടു രണ്ടു വലിയ ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നതു കാണാം. പക്ഷേ ഉത്തരായണകാലമാകുന്നതോടുകൂടി ആ ഛായ ചെറുതായിച്ചെറുതായി ദീർഘവൃത്താകൃതിയിൽ തലമുറിഞ്ഞ, എന്തോ ഒന്നിന്റെ മാതിരിയിലായിത്തീരുന്നു. ഛായയുടെ തല മുറിയുവാൻ ഉള്ള കാരണം, അതു വലയത്തിന്റെ മദ്ധ്യത്തിലുള്ള പിളപ്പിൽ ചെന്നു പതിക്കുന്നതുകൊണ്ടാണു്. ആ കാലങ്ങളിൽ പിളപ്പിനപ്പുറത്തുള്ള വലയഭാഗം സൂര്യപ്രകാശത്തിൽ നല്ലപോലെ തെളിഞ്ഞുകാണാം.

കാലങ്ങൾ മാറിക്കൊണ്ടിരിക്കുന്നതോടുകൂടി ദൃശ്യങ്ങളാകുന്ന പുതിയ പുതിയ കാഴ്ചകൾ വിസ്തരിച്ചു എഴുതുവാൻ പുറപ്പെടുകയാണെങ്കിൽ ആയിരക്കണക്കിനു പേജുള്ള എത്രയെത്ര മഹാഗ്രന്ഥങ്ങൾ വേണ്ടിവരുമോ ആവോ! എന്തിനു്? ഒരു ദിവസത്തിനിടയ്ക്കു കാണുന്ന കാഴ്ചകൾ മാത്രം കുറിയ്ക്കുകയാണെങ്കിൽ കൂടി അതു് ഈ ഉപന്യാസത്തിന്റെ ഇടുങ്ങിയ പരിധിയിൽ കൊള്ളുന്നതല്ല. പറയുകയാണെങ്കിൽ, ശനിയുടെ ഒരു ദിവസം പത്തരമണിക്കൂറേയുള്ളു. ശനിഗ്രഹം അത്ര വേഗത്തിൽ തിരിയുന്നു. അതിന്റെ വേഗം, വലയത്തിന്മേൽ വന്നു വീഴുന്ന ഗ്രഹച്ഛായയ്ക്കു ഓരോ നിമിഷത്തിലും നൂതനങ്ങളും ആകർഷകങ്ങളുമായ ക്ഷണികരൂപങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. അതാ ഒരു നിഴൽ വലയത്തിന്റെ ഒരററത്തുനിന്നു പുറപ്പെടുന്നു. കുറച്ചു മണിക്കൂറുകൾ—അതാ, അതു വലയത്തിന്റെ മദ്ധ്യത്തിലായി കുറച്ചുനേരംകൂടി—അതാ അതു വലയാന്തത്തിൽ; ചക്രവാളാന്തത്തിൽ; അതാ അതു കാണ്മാനില്ല! അതെ, ആ വലയത്തെ ഒരു നീലക്കൈലേസുകൊണ്ടു അദൃശ്യമായ ഏതോ ഒരു ഹസ്തം ഒരു തുടതുടച്ചു!

ഇനി നമുക്കു ശനിയിൽനിന്നു അതിന്റെ ഏതെങ്കിലും ഒരു ചന്ദ്ര

ഹത്തിലേയ്ക്കു പോവുക. അവിടെനിന്നു് ഈ ശനിഗ്രഹത്തെ നമുക്കൊന്നു നോക്കിക്കാണുക. അതാ, എന്താണതു്? ചന്ദ്രനോ? ചന്ദ്രനിത്ര വലുപ്പമോ? അതു ചന്ദ്രനല്ല; ശനിയാണു്! നോക്കൂ, എന്തൊരു വലുപ്പം! ഒരു ഊക്കൻ ചന്ദ്രബിംബം! നാം അതിൻെറ ഒരു ഉപഗ്രഹത്തിൽതന്നെ നോക്കുകയാണെങ്കിൽ ചന്ദ്രൻെറ സകല ധർമ്മങ്ങളുമുണ്ടു് ഈ ശനിക്കു്. അതിനു കലാലയമുണ്ടു്, കലാവൃദ്ധിയുണ്ടു്; അമാവാസിയുണ്ടു്, പൌർണ്ണമിയുണ്ടു്! ഒരു വ്യത്യാസം. ഈ വലയം എപ്പോഴും അവിടെയുണ്ടാവും — ചന്ദ്രനിൽനിന്നു മറെറാരു വിശേഷത. ശനിയുടെ ഏററവും അടുത്തു ചരിക്കുന്ന ഉപഗ്രഹത്തിനു് ഈ വലയം കുറെയേറെ വലിയതാണെന്നു തോന്നിയേക്കാം. നൈശാകാശത്തിൻെറ പകുതിവരെയ്ക്കും ഒരുപക്ഷേ അതു നീണ്ടു കിടക്കുന്നുണ്ടാവാം!

ഒരു ഉപഗ്രഹത്തിൽനിന്നു നോക്കുമ്പോൾ പല സന്ദർഭങ്ങളിലും വിചിത്രവും അത്ഭുതകരവുമായവിധത്തിൽ ശനിയിൽ വെളിച്ചം പരന്നിട്ടുള്ളതായി കാണാം. അതു, ശനിഗ്രഹത്തിൻെറ വിഭിന്നങ്ങളായ നാനാഭാഗങ്ങൾ ഉപഗ്രഹത്തിൽനിന്നു ദൃശ്യമാകുന്നതിൻെറ സമ്പ്രദായഭേദങ്ങളനുസരിച്ചാവാം. പിന്നെ, ഓരോ കാലങ്ങളിൽ, ഓരോ മട്ടിലാണു് വലയച്ഛായ ശനിഗ്രഹഗോളത്തിൽ ചെന്നു വീഴുക — അതുകൊണ്ടുമാവാം. ശനിയുടെ ഈ വിചിത്രങ്ങളും ആകർഷകങ്ങളുമായ മുഖങ്ങൾക്കെല്ലാം ഒരു വലിയ കുറവുണ്ടു്. എന്താണെന്നോ? അതൊന്നുംതന്നെ വേണ്ടത്ര പ്രകാശമുള്ളതായിരിക്കുകയില്ല; തെളിവുള്ളവയാവുകയില്ല. കാരണം, സൂര്യൻ അത്ര ദൂരത്തല്ലേ? അതുകൊണ്ടു അതിനു ഭൂമിയിലുള്ള പ്രകാശവും ചൂടും ശനിഗ്രഹത്തിലും വേണമെങ്കിൽ സാദ്ധ്യമല്ലല്ലോ. ശനിയിൽ സൂര്യനെ നോക്കിയാൽ, ആ ഗോളം ഭൂമിയിൽനിന്നു കാണുന്നതിൻെറ പത്തിരട്ടി ചെറിയതായിരിക്കും — ഒരു വലിയ തുള്ളി വന്നിച്ചം! ശനിയിൽച്ചെന്നു വീഴുന്ന സൂര്യപ്രകാശത്തിനു ഭൂമിയിൽ വീഴുന്നതിനേക്കാൾ നൂറിരട്ടി ശക്തി കുറയും. ഭൂമിയുടെ കണക്കനുസരിച്ചു അവയുടെ ചുററുമുള്ള ചന്ദ്രഗോളങ്ങൾ വീശുന്ന വെളിച്ചം അത്രമാത്രം മങ്ങിയതും ദുർബ്ബലവുമായിരിക്കും. എന്നാലും, ശനിഗ്രഹത്തിലെ അത്തരം രാത്രികൾ നമ്മെ ഏതുതന്നെ ആനന്ദിപ്പിക്കുകയില്ല!

# കാലകേയവധവ്യാഖ്യാനവിമർശം.

(ഒരു വിദ്യാർത്ഥി)

'വാളെടുത്തവരൊക്കെ വെളിച്ചപ്പാടന്മാ'രെന്നു പറഞ്ഞതുപോലെ പേനയെടുത്തവരെല്ലാം ഗ്രന്ഥകർത്താക്കളാകുന്ന കാലമാണിതു്. പഠിപ്പോ പരിജ്ഞാനമോ ഒന്നും കൂടാതെതന്നെ ഏതു വിഷയത്തെപ്പററിയും ദീർഘദീർഘങ്ങളായ ഉപന്യാസങ്ങൾ തട്ടിവിടുന്നതിന്നു് അധികമാൎക്കും ഒരു പ്രയാസവുമില്ല. മററു പരിഷ്കൃതഭാഷകളിലാണെങ്കിൽ ഏതു വിഷയത്തെസ്സംബന്ധിച്ചെഴുതുന്നവരും അതാതു വിഷയങ്ങളിൽ കുറെ എങ്കിലും പരിശ്രമം ചെയ്തു വായനക്കാൎക്കു നൂതനമായ വിജ്ഞാനം നല്കുന്നതിന്നു പ്രാപ്തി സമ്പാദിച്ചവരായിരിക്കും. നമ്മുടെ ഭാഷയിലാകട്ടെ സാധാരണമായിക്കണ്ടുവരുന്ന എഴുത്തുകാർ എന്ന വൎഗ്ഗത്തിന്നു് ഒരു വിഷയത്തിലും പറയത്തക്ക പരിജ്ഞാനമൊന്നും ഇല്ലാത്തതിനാൽ ഏതു വിഷയത്തെസ്സംബന്ധിച്ചെഴുതുന്നതിന്നും അവൎക്കു യാതൊരു ക്ലേശവുമില്ല. റഷ്യയിലെ പഞ്ചവത്സരപദ്ധതി, ചൈനയിലെ വിദ്യാഭ്യാസം, മനശ്ശാസ്ത്രജ്ഞന്മാരുടെ നൂതനാഭിപ്രായങ്ങൾ, ഉപനിഷത്തുകളിലെ ആന്തരാർത്ഥങ്ങൾ, എഴുത്തച്ഛനിൽനിന്നു ഭാഷക്കുണ്ടായ നേട്ടങ്ങൾ, ലോകത്തിന്റെ ഗതി സോഷ്യലിസത്തിലേക്കോ ഫാസിസത്തിലേക്കോ എന്നു തുടങ്ങിയ ഏതു വിഷയത്തെസ്സംബന്ധിച്ചായാലും കുറെയൊക്കെ എഴുതിക്കൂട്ടുന്നതിന്നു കഴിവില്ലാത്തവരായി നമ്മുടെ സാഹിത്യകാരന്മാരിൽ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. അത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ അഭിജ്ഞന്മാരാൽ അനാദൃതങ്ങളായി അവ അൎഹിക്കുന്നവിധത്തിൽ സ്വയം വിസ്മൃതങ്ങളായിപ്പോക മാത്രമേ ചെയ്യുന്നുള്ളുവെങ്കിൽ അതുകളുടെ നേൎക്കു ആൎക്കും ആക്ഷേപത്തിന്നവകാശമില്ല. എന്നാൽ ഈ തരത്തിലുള്ള ആളുകൾ എഴുതിവിടുന്ന ചില പുസ്തകങ്ങൾ അവയുടെ അധികാരസീമയെ അതിലംഘിച്ചു് സൎവ്വകലാശാലാ വിദ്യാൎത്ഥികൾക്കു പാഠപുസ്തകമായും മററും നിശ്ചയിക്കപ്പെട്ടുവരുന്നതായിക്കാണുന്നു. ഇതിന്നു് ഒരു ഉത്തമദൃഷ്ടാന്തമാണു് ശിരോമണി പി. കൃഷ്ണൻനായര എഴുതിയതും മലയാളവിദ്വാൻ, മലയാളം എം. എ. എന്നീ പരീക്ഷകൾക്കു പാഠ്യപുസ്തകമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതും ആയ കാലകേയവധവ്യാഖ്യാനം എന്ന പുസ്തകം. അബദ്ധജടിലങ്ങളായ ഇത്തരം പുസ്തകങ്ങൾ പഠിച്ചു വിദ്യാൎത്ഥികൾ വഴി തെററിപ്പോകാതെ സൂക്ഷിക്കുക എന്നതു സാഹിത്യപ്രണയികളേവരുടേയും കടമയാണല്ലോ. അതിനാൽ അതിലുള്ള ഏതാനും തെററുകളെ സ്ഥാലീപുലാകന്യായേന എടുത്തു

കാണിപ്പാൻ ഉദ്യമിക്കുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു.

ഒന്നാമതായി,

'ഭർത്തുസ്സദാജ്ഞാം പരിഗൃഹ്യമൂർദ്ധ്നാ
ധനഞ്ജയം പ്രാപ സുരേന്ദ്രസൂതഃ
സ്വസ്വാമിഭക്തിർഹിജനസ്യ ലോകേ
സമസ്തസമ്പദ്വിജയാപ്തിഹേതുഃ.'

എന്ന സരസവും ഭാവഗംഭീരവുമായ പദ്യത്തിന്റെ അർത്ഥം മി. കൃഷ്ണൻനായരുടെ വ്യാഖ്യാനപ്രകാരം എത്ര വികൃതമായിരിക്കുന്നുവെന്നു പരിശോധിച്ചുനോക്കാം. അദ്ദേഹത്തിന്റെ സവിസ്തരമായ വ്യാഖ്യാനത്തിന്റെ സാരസംഗ്രഹം താഴെ ചേർക്കുന്നു:

"ലോകത്തിൽ ജനത്തിന്നു സ്വസ്വാമിഭക്തി സമസ്തസമ്പത്തിന്നും സകലവിജയത്തിന്നും ഹേതുവാകയാൽ മാതലി തന്റെ സ്വാമിയുടെ ആജ്ഞയെ ശിരസാ വഹിച്ച് അപ്പോൾതന്നെ അർജ്ജുനന്റെ അടുക്കൽ ചെന്നു എന്നു സാരം. അലങ്കാരം വാക്യാർത്ഥഹേതുകമായ കാവ്യലിംഗം. ഇവിടെ പൂർവ്വാർദ്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന മാതലിയുടെ അർജ്ജുനസവിധപ്രാപ്തിക്കു ഹേതുവായിട്ടാണല്ലൊ ഉത്തരാർദ്ധപ്രതിപാദ്യമായ വാക്യാർത്ഥം സ്ഥിതിചെയ്യുന്നതു്. സമർത്ഥ്യസമർത്ഥകവാക്യാർത്ഥങ്ങളിൽ ഒന്നു സാമാന്യവും മറ്റൊന്നു വിശേഷവും അല്ലാത്തതിനാൽ, അർത്ഥാന്തരന്യാസമാണ് ഈ ശ്ലോകത്തിലെ അലങ്കാരം എന്ന ചിലരുടെ മതം ഭ്രമമൂലകമാവാനെ തരമുള്ളൂ. മാതലി ഇന്ദ്രഭക്തിയാൽ കുറെ സ്വത്തും സ്ഥാനവും സമ്പാദിച്ചു എന്നൊ മറ്റൊ രീതിയിൽ സമർത്ഥ്യവാക്യാർത്ഥം കാണുന്നില്ല. അതിനാൽ പ്രസ്തുതപദ്യത്തിൽ വാച്യമായ അലംകാരം അർത്ഥാന്തരന്യാസമായിരിക്കാൻ ന്യായമില്ല. എങ്കിലും ഇവിടെ ധനഞ്ജയശബ്ദസ്വാരസ്യത്താൽ രൂപകവും തദ്വാരാ അർത്ഥാന്തരന്യാസവും ധ്വനിക്കുന്നുണ്ട്. മുൻപറഞ്ഞതുപോലെ നിർബ്ബാധമായ വാച്യാർത്ഥപ്രതീതിക്കുശേഷം സമുന്മിഷിതമായ വ്യഞ്ജനാവ്യാപാരംകൊണ്ട്, ധനഞ്ജയനായ ധനത്തെയും ജയത്തെയും എന്നിങ്ങനെ പ്രതീയമാനമായ രൂപകമനുസരിച്ചു 'ഭർത്തുസ്സദാജ്ഞാം എന്ന ഭാഗത്തിൽ മാതലിയുടെ ഇന്ദ്രഭക്ത്യതിശയവും പൂർവ്വോത്തരവാക്യാർത്ഥങ്ങൾക്കു സാമാന്യവിശേഷഭാവവും ധ്വനിക്കുന്നു."

ഇവിടെ വ്യാഖ്യാതാവു പറയുന്നതുപോലെ പൂർവ്വോത്തരവാക്യാർത്ഥങ്ങൾക്കു ഹേതുഹേതുമദ്ഭാവം വാസ്തവത്തിൽ ഇല്ലെന്നു പ്രഥമവീക്ഷണത്തിൽതന്നെ ആർക്കും ഗ്രഹിക്കാൻ സാധിക്കു

ന്നതാണ്. 'ലോകത്തിൽ സ്വസ്വാമിഭക്തി സമസ്ത സമ്പത്തിനും സകല വിജയത്തിനും ഹേതുവാണ്' എന്നതു ഹേതുരൂപത്തിലുള്ള വാക്യാർത്ഥമാകണമെങ്കിൽ, 'മാതലി തന്റെ സ്വാമിയിൽ ഭക്തനായിത്തീൎന്നു, എന്നോ മറ്റോ രീതിയിലുള്ള ഹേതുമത്തായ വാക്യാൎത്ഥം അവശ്യം ഉണ്ടാകേണ്ടതാണ്. പൂൎവ്വവാക്യാർത്ഥമാകട്ടെ ആ രീതിയിലൊന്നുമല്ല കാണുന്നതു്. 'മാതലിതന്റെ സ്വാമിയുടെ ആജ്ഞയെ ശിരസാവഹിച്ച് അപ്പോൾത്തന്നെ അൎജ്ജുനന്റെ അടുക്കൽചെന്നു എന്ന രീതിയിലാണല്ലോ അതിന്റെ സ്ഥിതി. അതിനാൽ പൂൎവ്വോത്തരവാക്യാൎത്ഥങ്ങളുടെ ഹേതുഹേതുമദ്ഭാവേനയുള്ള അൎത്ഥവൎണ്ണനവും തന്മൂലകമായ കാവ്യലിംഗാലംകാരപ്രസ്താവവും അബദ്ധമാണെന്നു വന്നുകൂടുന്നു. ഇനി വ്യാഖ്യാതാവു പറയുന്നതുപോലെയുള്ള രൂപകധ്വനിയും അൎത്ഥാന്തരന്യാസധ്വനിയും പരിശോധിച്ചുനോക്കിയാൽ ഇതിലും വിചിത്രതരമാണെന്നു കാണാവുന്നതാണ്. "ധനഞ്ജയശബ്ദസ്വാരസ്യത്താൽ രൂപകവും തദ്വാരാ അൎത്ഥാന്തരന്യാസവും വ്യഞ്ജിക്കുന്നു" എന്നദ്ദേഹം തന്നെ പറയുന്ന സ്ഥിതിക്കു രൂപകധ്വനിയെക്കുറിച്ചു സംഭാവ്യാൎത്ഥാന്തരമായ ധനഞ്ജയശബ്ദത്തിന്റെ പ്രയോഗമല്ലാതെ വേറെ ഗമകമൊന്നും ഇല്ലെന്നുവരുന്നു. ഇങ്ങിനെ ഗമകാന്തരമൊന്നുമില്ലെങ്കിൽക്കൂടി നാനാൎത്ഥസ്ഥലത്തെല്ലാം വ്യഞ്ജനാവ്യാപാരം കൊണ്ടു് അൎത്ഥാന്തരത്തിനും ആരോപത്തിനും പ്രതീതിയുണ്ടെന്നു സ്വീകരിക്കുന്നപക്ഷം 'ഗോവിനെ പാലിക്കുന്നു' ഇത്യാദിസ്ഥലത്തു നിൎബാധമായ വാച്യാൎത്ഥപ്രതീതിക്കുശേഷം, ധേനുവായ ഭൂമിയെ ധേനുവായ വാക്കിനെ ഇത്യാദി അനേകരൂപകധ്വനികൾ സ്വീകരിക്കേണ്ടതായി വരികയും തന്മൂലം താദൃശശുഷ്കവാക്യങ്ങൾകൂടി ഉത്തമകാവ്യത്വത്തിനവകാശവാദം പുറപ്പെടുവിക്കുകയും ചെയ്യും. ഇത്തരം ഒരവകാശവാദത്തെ വകവെച്ചുകൊടുക്കാൻ സഹൃദയന്മാരാരും സമ്മതിക്കുമെന്നു തോന്നുന്നില്ല. അതിനാൽ ആലംകാരികന്മാൎക്കു പൂത്തിരിയായ ഈ രൂപകധ്വനിയുടെ പ്രസ്താവം പരമാബദ്ധമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇനി ഈ പദ്യത്തിൽ വ്യാഖ്യാതാവു സ്വപ്നം കാണുന്ന അൎത്ഥാന്തരന്യാസധ്വനിയെപ്പറ്റി ചിന്തിച്ചുനോക്കാം. അദ്ദേഹം പറയുന്നു: 'സമൎത്ഥകാംശം വാച്യതാലീഢമാണെങ്കിലും അൎത്ഥാന്തരന്യാസജീവാതുവായ സാമാന്യവിശേഷഭാവം വാച്യമോ വാച്യായമാനമോ അല്ല; വ്യംഗ്യം തന്നെയാകുന്നു "സമൎത്ഥ്യസമൎത്ഥകങ്ങളുടെ വാച്യത്വവ്യംഗ്യത്വങ്ങളല്ല, തദതിരിക്തമായ സാമാന്യവിശേഷഭാവത്തിന്റെ വാച്യത്വവ്യംഗ്യത്വങ്ങളാണ് അൎത്ഥാന്തരന്യാസത്തിന്റെ വാച്യത്വവ്യംഗ്യത്വങ്ങൾക്കു നിയാമകം എന്നാണല്ലോ ഇതിൽനിന്നു സിദ്ധിക്കുന്നതായ മി

കൃഷ്ണൻ നായരുടെ അഭിപ്രായം. സാമാന്യവിശേഷഭാവം എവിടെ എങ്കിലും വാച്യമായി ഇരിക്കുമോ എന്നൊന്നാലോചിച്ചുനോക്കിയിരുന്നെങ്കിൽ ഇത്രയും അബദ്ധമായ ഒരഭിപ്രായം പുറപ്പെട്ടുവിടുവാൻ ഇടയാകുമായിരുന്നില്ല. ഉപമയിൽ പോലെ ഇത്യാദിശബ്ദങ്ങളെക്കൊണ്ട് സാദൃശ്യം വാച്യമായിത്തീരുന്നതുപോലെ അർത്ഥാന്തരന്യാസത്തിൽ ഒരിടത്തും ഏതെങ്കിലും ശബ്ദംകൊണ്ട് സാമാന്യവിശേഷഭാവം വാച്യമായിത്തീരുന്നില്ല. കാരണം തദ്വാചകമായ ശബ്ദത്തിന്റെ അഭാവം തന്നെ. അതിനാൽ വൃത്തിവേദ്യമായ സാമാന്യവിശേഷഭാവത്തിനും പ്രതീതിയുണ്ടെങ്കിൽ അതു് സർവ്വത്ര വ്യഞ്ജനാവ്യാപാരജന്യമെ ആകയുള്ളു. ഒരിടത്തും അഭിധാവ്യാപാരഗോചരമാകയില്ല എന്നു സിദ്ധിക്കുന്നു. വസ്തുസ്ഥിതി ഇങ്ങിനെ ഇരിക്കെ 'സാമാന്യവിശേഷഭാവം വ്യംഗ്യമായതുകൊണ്ട് അലംകാരവും വ്യംഗ്യമാണെന്ന വ്യാഖ്യാതാവിന്റെ അഭിപ്രായം ഭ്രാന്തിമൂലകമാണെന്നു പറയാതിരിപ്പാൻ നിർവ്വാഹമില്ല.

ഈ പദ്യത്തിലെ അലംകാരാദികളെസംബന്ധിച്ചു വ്യാഖ്യാതാവു് സുദീർഘമായി ചർച്ചചെയ്തിട്ടുണ്ട്. രൂപകധ്വനി, അർത്ഥാന്തരന്യാസധ്വനി, വാച്യമായ കാവ്യലിംഗാലംകാരം എന്നീ അസ്ഥിവാരമാണ് ആ ചർച്ചകളുടെയെല്ലാം അവലംബം. അസ്ഥിവാരംതന്നെ ശിഥിലമാണെന്നു സിദ്ധമായതിനാൽ അതിൽ കെട്ടിപ്പടുത്ത ചർച്ചകളിൽ കാണുന്ന അസാംഗത്യങ്ങളെപ്പററി തൽക്കാലം ഒന്നും പറയേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഇനി പ്രസ്തുത പദ്യതല്ലജത്തിന്റെ ശരിയായ അർത്ഥം എന്താണെന്നു പരിശോധിച്ചുനോക്കാം:—

'ഭർത്തുരാജ്ഞാംമൂർദ്ധ്നാ പരിഗൃഹ്യ (സ്വാമിയുടെ ആ ആജ്ഞയെ ശിരസ്സുകൊണ്ടു പരിഗ്രഹിച്ചിട്ട്) എന്നതുകൊണ്ടു മാതലിയ്ക്കു് ഇന്ദ്രനിലുള്ള ഭക്ത്യതിശയം വ്യഞ്ജിക്കുന്നു. ദേവസംബന്ധിമാല്യാദികളെ ശിരസ്സിൽ ചൂടുന്നതു ഭക്ത്യതിശയംകൊണ്ടാണല്ലോ. പൂർവ്വകാലികക്രിയാവൃത്തിയായ ധാതുവിൽനിന്നു വിധിക്കപ്പെട്ടതായ പരിഗൃഹ്യ എന്ന സ്ഥലത്തെ ല്യപ് പ്രത്യയം വ്യംഗ്യാർത്ഥത്തിനു പ്രധാനവാക്യാർത്ഥത്തോടുള്ള ഹേതുഭാവത്തെ സൂചിപ്പിക്കുന്നു. സമർത്ഥകവാക്യാർത്ഥത്തോട് ആനുരൂപ്യം സിദ്ധിക്കുന്നതിനുവേണ്ടി ധനഞ്ജയം എന്ന സ്ഥലത്തു കവിതാൽപര്യഗോചരമായ രണ്ടർത്ഥവും (അർജ്ജുനനെ, ധനഞ്ജയങ്ങളെ) അഭിധാവ്യാപാരംകൊണ്ടുതന്നെ ബോധിതമാകയും, ആ അർത്ഥങ്ങൾക്ക് ഏക ശബ്ദോ

പാദാനം എന്ന ഗമകത്താൽ * അഭേദാദ്ധ്യവസായം കല്പിക്കുകയും ചെയ്യുന്നു അതുപോലെത്തന്നെ പ്രാപ എന്ന സ്ഥലത്തും 'അഭിഗമിച്ചു', 'ലഭിച്ചു' എന്ന രണ്ടൎത്ഥങ്ങൾ ഭാസിക്കുകയും അവ അഭിന്നങ്ങളാണെന്നു കല്പിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെ വ്യംഗ്യാൎത്ഥം ല്യബന്തത്തിന്റെ സ്വാരസ്യം, അഭേദാദ്ധ്യവസായം എന്നീ സാമഗ്രികളെക്കൊണ്ടു "സ്വാമിയായ ഇന്ദ്രനിലുള്ള ഭക്തി ഹേതുവായിട്ട്, മാതലി (അൎജ്ജുനാഭിന്നമായ ധനഞ്ജയങ്ങളുടെ അഭിഗമാഭിന്നമായ ലാഭത്തോടുകൂടിയവനായി ഭവിച്ചു എന്ന രീതിയിലുള്ള സരസമായ അൎത്ഥം സഹൃദയന്മാരുടെ ഹൃദയത്തിൽ സ്ഫുരിക്കുന്നു. ഈ അൎത്ഥത്തെ 'സ്വസ്വാമിഭക്തി എല്ലാ സമ്പത്തിനും എല്ലാ വിജയത്തിന്നും ഹേതുവാണ്' എന്ന സാമാന്യരീതിയിലുള്ള വാക്യാൎത്ഥംകൊണ്ടു സമൎത്ഥിച്ചപ്പോൾ പ്രസ്തുത പദ്യത്തിന്റെ ആശയം എത്ര മനോഹരമായിരിക്കുന്നുവെന്നു നോക്കുക. ഇങ്ങിനെ കാല്പനികമായ ഒരു സമൎത്ഥ്യവാക്യത്തെ സൃഷ്ടിച്ച് ഉത്തരവാക്യാൎത്ഥംകൊണ്ട് അതിനെ സമൎത്ഥിക്കുന്നതിലാണു കവിസംരംഭം സ്ഥിതിചെയ്യുന്നതെന്ന് ഈ ശ്ലോകത്തിലെ പദങ്ങൾ സൂക്ഷ്മമായി പൎയ്യാലോചിച്ചുനോക്കിയാൽ ആൎക്കും എളുപ്പം ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. കവിവക്ഷിതമായ അൎത്ഥം ഗ്രഹിച്ച് ആ അൎത്ഥത്തെ ഭംഗിയായി പ്രകാശിപ്പിക്കുകയാണല്ലോ ഒരു വ്യാഖ്യാതാവിന്റെ ധൎമ്മം. ആ ധൎമ്മം പരിപാലിക്കാതിരുന്നാൽ വ്യാഖ്യാതാവു പരിഹാസപാത്രമായിത്തീരുകയേ ഉള്ളു. ഒന്നുരണ്ടു ധ്വനികൾ ഉള്ളതുകൊണ്ടു തന്റെ വ്യാഖ്യാനം വളരെ നന്നായിട്ടുണ്ടെന്നു മി. കൃഷ്ണൻനായർ അഭിമാനിക്കുന്നുണ്ടായിരിക്കാം. പക്ഷേ അതു കവിയുടെ ആശയത്തെ പ്രകാശിപ്പിക്കുന്നതിനു തീരെ അപൎയ്യാപ്തമാകയാൽ സഹൃദയന്മാൎക്കാൎക്കും ഹൃദ്യമായിത്തോന്നാൻ ഇടയില്ല.

ഇനി ഈ ശ്ലോകത്തിലെ അലംകാരം എന്താണെന്നു പരിശോധിച്ചുനോക്കാം. മുമ്പുപറഞ്ഞതുപോലെ വിശേഷരൂപത്തിലുള്ള പൂൎവ്വവാക്യാൎത്ഥത്തെ സാമാന്യരൂപത്തിലുള്ള ഉത്തരവാക്യാൎത്ഥം കൊണ്ടു സമൎത്ഥിക്കുകയാണല്ലോ ഇവിടെ ചെയ്യുന്നതു്. അതിനാൽ സാമാന്യംകൊണ്ടു വിശേഷസമൎത്ഥനരൂപമായ അൎത്ഥാന്തരന്യാസം അലംകാരം. ധനഞ്ജയം ഇത്യാദി സ്ഥലത്തുള്ള ശ്ലേഷമൂലകാഭേദാദ്ധ്യവസായരൂപമായ അതിശയോക്തി അൎത്ഥാന്തരന്യാസത്തിന് ഉത്ഥാപകമായി സ്ഥിതിചെയ്യുന്നു. 'ഭൎത്തൃസ്ലാഘാം' എന്ന സ്ഥലത്തെ വ്യംഗ്യമാകട്ടെ വാച്യ

* ഭേദജ്ഞാനം ഉള്ളപ്പോൾകൂടി ആഹാൎയ്യമായി അഭേദം കല്പിക്കുന്നതിനു അഭേദാദ്ധ്യവസായം എന്നു പേർ. ഇവിടെ അൎത്ഥദ്വയത്തിനു വാസ്തവത്തിൽ ഭേദമുണ്ടെന്നറിയാമെങ്കിൽക്കൂടി നാം ഭേദമില്ലെന്നു കല്പിക്കുന്നു.

മായ അലംകാരത്തിന്റെ സിദ്ധിയ്ക്ക് അംഗമാകയാൽ വാച്യസിദ്ധ്യംഗരൂപമായ ഗുണീഭൂതവ്യംഗ്യം എന്ന മദ്ധ്യമകാവ്യത്തിനേ കാരണമായിത്തീരുന്നുള്ളു. ധ്വനിയ്ക്കു നിമിത്തമാകുന്നില്ല.

ഇത്രയും പറഞ്ഞതുകൊണ്ട് ഇവിടെ സമർത്ഥകമായ ഉത്തരവാക്യാർത്ഥം മാതലി അർജ്ജുനന്റെ സമീപത്തുചെന്നു എന്ന താത്വികമായ അർത്ഥത്തോട് ഒരുവിധത്തിലും സംബന്ധപ്പെട്ടിട്ടില്ലാതെ കാല്പനികമായ അർത്ഥത്തിന്നുമാത്രമെ സമർത്ഥകമാകുന്നുള്ളുവെന്നു സ്പഷ്ടമായല്ലൊ. കല്പനാപ്രിയന്മാരായ കവികൾ അവരുടെ വ്യവഹാരങ്ങളിൽ സത്യാസത്യതകൾക്കു യാതൊരു വിശേഷവും കണക്കാക്കാറില്ല. സമർത്ഥകവാക്യാർത്ഥം താത്വികമായ അർത്ഥത്തെ സമർത്ഥിച്ചാലും കൊള്ളാം, കാല്പനികമായ അർത്ഥത്തെ സമർത്ഥിച്ചാലും കൊള്ളാം, അതിൽനിന്നു വൈചിത്ര്യം ഉളവാകണമെന്നേ അവൎക്കു നിർബന്ധമുള്ളു. ഇങ്ങിനെ താത്വികമായ അർത്ഥത്തെ ഉപേക്ഷിച്ചു കാല്പനികമായ അർത്ഥത്തെ സമർത്ഥിയ്ക്കുന്ന രീതിയിലുള്ള അർത്ഥാന്തരന്യാസങ്ങൾ മററുകവികളുടെ കൃതികളിലും കാണുന്നുണ്ട്. ഉദാഹരണത്തിനു കുമാരസംഭവത്തിലെ ഹിമാലയവൎണ്ണനപ്രസ്താവത്തിലുള്ള

'ദിവാകരാദ്രക്ഷതിയോ ഗുഹാസു
ലീനം ദിവാഭീതമിവാന്ധകാരം
ക്ഷുദ്രേപി നൂനം ശരണം പ്രപന്നേ
മമത്വമുച്ചൈഃശിരസാം സതീവ'

എന്ന ആലോചനാമൃതമായ പദ്യത്തെ എടുത്തു നോക്കാം 'ഹിമാലയത്തിന്റെ ഗുഹകളിൽ പകൽപോലും അന്ധകാരം ഉണ്ട്' എന്നതാണ് ഇവിടുത്തെ താത്വികമായ പ്രസ്തുതാർത്ഥം. രാത്രിയിൽ എല്ലായിടത്തും വ്യാപിച്ചിരുന്നതായ ഇരുട്ട്, സൂൎയ്യോദയത്തിൽ ഗുഹയിൽമാത്രം അവശേഷിയ്ക്കുന്നതായും, അവിടെ സൂൎയ്യപ്രകാശമേൽക്കാതെ രാത്രിയിലെന്നപോലെ ഭദ്രമായി സ്ഥിതിചെയ്യുന്നതായും കാണുന്നു. ഇതിനെ കവി, കവിസംകേതംകൊണ്ടു ക്ഷുദ്രമെന്നു പ്രസിദ്ധമായ തമസ്സു പകൽ സൂൎയ്യനെ ഭയപ്പെട്ടു ഹിമാലയ ഗുഹകളെ ശരണം പ്രാപിയ്ക്കുന്നതായും ഉന്നതമായ ആ പൎവ്വതം സത്തുക്കളോടെന്നപോലെ മമത്വം

* പകൽ സൂൎയ്യനെ ഭയപ്പെട്ടിട്ടോ എന്നു തോന്നുംവണ്ണം ഗുഹകളിൽ ലീനമായ അന്ധകാരത്തെ ഹിമവാൻ സംരക്ഷിക്കുന്നു. സത്തുക്കൾക്കു (ഉന്നതശീർഷന്മാൎക്കു ശരണംഗതനായക്ഷുദ്രനിലും സത്തുക്കളിൽ എന്നപോലെ മമത്വം സംഭവിയ്ക്കുന്നുണ്ടല്ലൊ എന്നർത്ഥം)

പ്രകടിപ്പിച്ച അതിനെ സംരക്ഷിക്കുന്നതായും പരികല്പിക്കുന്നു. ഇങ്ങിനെ കല്പനാമാത്രനിഷ്പന്നമായ വിശേഷരൂപത്തിലുള്ള വാക്യാൎത്ഥത്തെ സാമാന്യാത്മകമായ ഉത്തരവാക്യാൎത്ഥംകൊണ്ടു സമൎത്ഥിച്ചപ്പോൾ പ്രസ്തുതപദ്യത്തിന്റെ ആശയം എത്രമനോഹരമായിരിക്കുന്നുവെന്നു നോക്കുക. അചേതനമായ തമസ്സിൽ ചേതനധൎമ്മമായ ഭയം സംഭവിക്കാത്തതുകൊണ്ടു തത്പ്രയുക്തമായ സംരക്ഷണം അസിദ്ധമാണെന്നും, അതിനാൽ അനുപപത്തിസ്ഫുരണത്തിനു വിഷയമായ അതിനെ സമൎത്ഥിക്കുന്നതിനുവേണ്ടിയുള്ള അൎത്ഥാന്തരോപാദാനം നിരൎത്ഥകമായതുകൊണ്ടു ഇവിടെ 'നിൎവ്വിഷയത്വം' എന്ന അലംകാരദോഷമുണ്ടെന്നും ചില ആലംകാരികന്മാർ പറയുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ മററു ചിലരാകട്ടെ ലിംഗം എന്നതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ള ശരണാഗതനമാണ് ഇവിടെ സംരക്ഷണത്തിനു പ്രയോജകമായി നില്ക്കുന്നതെന്നുപറഞ്ഞ് അൎത്ഥാന്തരത്തിന്റെ ഉപാദാനം നിൎദ്ദുഷ്ടമാണെന്നു വാദിക്കുന്നുണ്ടെന്നുകൂടി പ്രസ്താവ്യമാകുന്നു. ആ കാൎയ്യം എങ്ങിനെ എങ്കിലും ഇരിക്കട്ടെ. അലംകാരത്തിന്റെ ജീവൻ ഭണിതിയിലുള്ള വൈചിത്ര്യമാണെങ്കിൽ ഇത്തരത്തിലുള്ള പ്രയോഗങ്ങളിൽ വിച്ഛിത്തിക്ക് ആധിക്യമല്ലാതെ ഹാനിയൊന്നുമില്ലെന്നതിൽ പക്ഷാന്തരത്തിന്നവകാശമില്ല. ഇത്രയും പറഞ്ഞതുകൊണ്ട് 'ഭർത്തൃസൂദാജ്ഞാം' എന്ന ശ്ലോകത്തിൽ സമൎത്ഥകമായ ഉത്തരവാക്യാൎത്ഥം 'മാതലി ഇന്ദ്രന്റെ ആജ്ഞയെ ശിരസാ വഹിച്ച് അൎജ്ജുനന്റെ സമീപത്തു ചെന്നു' എന്ന താത്വികമായ അൎത്ഥത്തോടു ഒരു വിധത്തിലും സംബന്ധപ്പെട്ടു നില്ക്കാതെ മുമ്പറഞ്ഞ കാല്പനികമായ അൎത്ഥത്തിനുമാത്രം സമൎത്ഥകമായതുകൊണ്ടു അതിന്റെ ചമല്ക്കാരത്തിനു യാതൊരു ഹാനിയും നേരിടാനില്ലെന്നു സിദ്ധമായല്ലോ. ഇത്തരത്തിലുള്ള ആശയമാണ് ഇവിടെ കവിവിവക്ഷിതമായിട്ടുള്ളതെന്നു പൂൎവ്വവാക്യത്തിലുള്ള പദങ്ങളുടെ സ്വാരസ്യവും ഉത്തരവാക്യാൎത്ഥത്തിലെ സ്ഥിതിയും പൎയ്യാലോചിച്ചുനോക്കിയാൽ ആൎക്കും എളുപ്പം മനസ്സിലാക്കുവാൻ കഴിയും.

മേൽപറഞ്ഞ രീതിയിലുള്ള കാല്പനികമായ പൂൎവ്വവാക്യാൎത്ഥത്തെ ഗ്രഹിക്കാതെ താത്വികമായ അൎത്ഥത്തെ മാത്രം എടുത്തു വ്യാഖ്യാനിക്കാൻ തുടങ്ങിയപ്പോൾ മി. കൃഷ്ണൻനായൎക്കു പററിയ കുഴപ്പങ്ങൾ എന്തെല്ലാമെന്നു നോക്കുക. പൂൎവ്വോത്തരവാക്യാൎത്ഥങ്ങൾക്കു ശരിയായ ഒരു സംബന്ധവുമില്ല! ധനഞ്ജയം എന്ന സ്ഥലത്തു മാത്രം അദ്ദേഹത്തിനു ഗ്രഹിക്കാൻ ഇടയായ അൎത്ഥാന്തരത്തിനു് അലംകാരശാസ്ത്രരീത്യാ ഒരു സ്ഥാനം കല്പിക്കുന്നതിനുവേണ്ടി രൂപകധ്വനി എന്ന മൃഗതൃഷ്ണികയുടെ പിന്നാലെ പായേണ്ടതായും വരുന്നു. കാവ്യലിംഗരീതിയിൽ അന്വയിച്ച

വിശ്രാന്തമായ ഉത്തരവാക്യാർത്ഥത്തെ ഗഗനകുസുമായമാനമായ രൂപകധ്വനിയോടു സംബന്ധിപ്പിക്കുന്നതിനുവേണ്ടി അർത്ഥാന്തരന്യാസധ്വനി എന്ന പുതിയ വേഷത്തിൽ വീണ്ടും രംഗപ്രവേശം ചെയ്യിപ്പിക്കേണ്ടതായി വരുന്നു. ഈ ക്ലേശങ്ങളെല്ലാം സഹിച്ച് അദ്ധ്യേതാക്കൾക്കെന്നുവേണ്ട അദ്ധ്യാപകന്മാരിൽ പലക്കുംകൂടി ദുർബ്ബോധമായ രീതിയിൽ പ്രസ്തുതശ്ലോകത്തിനു സുദീർഘമായ വ്യാഖ്യാനം എഴുതിയ മി കൃഷ്ണൻനായർ അഭിനന്ദനത്തിനല്ലെങ്കിലും അനുകമ്പയ്ക്കു് അർഹൻതന്നെ എന്നു സമ്മതിക്കാം.

ഇനി കവികുലചക്രവർത്തിയായ കോട്ടയത്തു തമ്പുരാൻെറ കല്പനാമാഹാത്മ്യത്തിനും ആശയഗാംഭീര്യത്തിനും ഉത്തമോദാഹരണമായ,

> പരേണ ചൃംസാനുഗതാമലൌകികൈ-
> ർവ്വചോഭിരത്യന്തവിനിന്ദിതാം മുഹുഃ
> വിയോഗദുഃഖൈകവിധായിവിഭ്രമാം
> ജ്ഞാത്വാസതീംതാംസവിരക്തധീരഭൂൽ

എന്ന സരസപദ്യത്തിൻെറ വ്യാഖ്യാനത്തിലും മി. കൃഷ്ണൻനായക്കു പററിയിട്ടുള്ള പ്രമാദങ്ങളെസ്സംബന്ധിച്ച് അല്പം വിചിന്തനംചെയ്തു നോക്കാം. അദ്ദേഹം വ്യാഖ്യാനിക്കുന്നു:

"പരപുരുഷനോടു ചേന്നവളും അസഭ്യവാക്കുകളെ വീണ്ടും വീണ്ടും പറയുകയാൽ എത്രയും നിന്ദിതയും വിയോഗദുഃഖംനിമിത്തം വേഷഭൂഷാദികളെ സ്ഥാനം മാററി ധരിച്ചിരിക്കുന്നവളും ആയ ഉർവ്വശിയെ കുലടയായിട്ടും, പരമാത്മാനുഗതയും ഉപനിഷദ്വാക്യങ്ങളാൽ വീണ്ടും വീണ്ടും വിനിന്ദിക്കപ്പെട്ടതും ഐക്യഭാവമാകുന്ന ദുഃഖത്തിനു—വിഷയാസക്തിരൂപദുഃഖത്തിനു പ്രധാനഹേതുവുമായ വിഭ്രമത്തോടുകൂടിയതുമായ മായയാണെന്നും അറിഞ്ഞ് അർജ്ജുനൻ വിരാഗനായി ഭവിച്ചു എന്നു വാക്യാർത്ഥം."

ഒരേസമയത്തുതന്നെ ഉർവ്വശിയെ കുലടയായും മായയായും അറിയുന്ന അർജ്ജുനൻെറ വിജ്ഞാനപാടവമോ അഥവാ അപ്രകാരം അറിഞ്ഞതായി അർത്ഥവർണ്ണനം ചെയ്യുന്ന മി. കൃഷ്ണൻനായരുടെ വ്യാഖ്യാനവൈഭവമോ, ഏതാണു വിചിത്രതരമെന്നു പറയാൻ പ്രയാസം. ഏതായാലുംതന്നെ മായയായി തെററിദ്ധരിക്കത്തക്കവണ്ണം മൂഢനായ അർജ്ജുനൻെറ വിഭ്രാന്തിയെ നപുംസകത്വാപാദനംകൊണ്ടു നിർമ്മാർജ്ജനംചെയ്ത ഉർവ്വശിയുടെ ഉചിതകാരിത്വം ശ്ലാഘനീയംതന്നെ. പക്ഷെ രുചിരാലംകാരശാലിനിയായി അർജ്ജുനസമീപത്തിൽ എത്തിച്ചേന്ന ഉർവ്വശി അപ്പോൾതന്നെ ആഭരണങ്ങൾ സ്ഥാനംതെററി അണിഞ്ഞിട്ടുണ്ടായിരുന്നു

വെങ്കിൽ അതുകളെക്കൊണ്ടു ശോഭിക്കാൻ സംഗതിയില്ലല്ലൊ. കാച്ചുകഴിഞ്ഞപ്പോഴേയ്ക്കു "വേഷഭൂഷാദികളെ സ്ഥാനം മാററി ധരിച്ചിരിക്കുന്നവളായി" രൂപാന്തരപ്പെടുന്നതു് ഏതൊരു ഇന്ദ്രജാലത്തിൻെറ മാഹാത്മ്യത്താലാണെന്നറിയുന്നില്ല. ഒരുപക്ഷേ നോക്കിക്കൊണ്ടിരിക്കെത്തന്നെ ആകസ്മികമായി ഉർവ്വശിയിൽ പ്രത്യക്ഷപ്പെട്ട ഈ "വേഷപ്പകർച്ച"യെ ഉദ്ദേശിച്ചായിരിക്കുമോ അർജ്ജുനൻ അവളെ മായയായി അറിഞ്ഞു എന്നു ശിരോമണി മി. കൃഷ്ണൻനായർ പറയുന്നതു്! ആ കാര്യം ഒരുവിധം ശരിപ്പെടുത്തിയാലും മറെറാരു കുഴപ്പം നേരിടുന്നു. അതെന്തെന്നാൽ, ഇത്തരം വേഷപ്പകർച്ചകളൊന്നും ഇപ്പോഴ് കഥകളിരംഗത്തു് അഭിനയിച്ചു പ്രദർശിപ്പിക്കാറില്ലെന്നതാകുന്നു. മേൽപറഞ്ഞ വേഷപ്പകർച്ചയോടുകൂടിത്തന്നെ പ്രസ്തുത കഥാഘട്ടം അഭിനയിക്കണമെന്നായിരുന്നു ആദ്യം ഉദ്ദേശിച്ചിരുന്നതു്; പക്ഷേ നാട്യകലയിലെന്നപോലെ ഇന്ദ്രജാലവിദ്യയിലും പ്രാവണ്യമുള്ളതും നടന്മാരുടെ ദൌർല്ലഭ്യത്താൽ ആ ഏർപ്പാടു കാലാന്തരത്തിൽ വേണ്ടെന്നുവെച്ചതാണെന്നോ മററോ വല്ല സമാധാനവും മി. കൃഷ്ണൻനായർ കണ്ടുപിടിച്ചിട്ടുണ്ടായിരിക്കാം. സ്വോപജ്ഞമായ ഈ വ്യാഖ്യാനമനുസരിച്ചു പ്രസ്തുത ആട്ടക്കഥയുടെ അഭിനയത്തിൽ ഉർവ്വശിയുടെ വേഷപ്പകർച്ച തുടങ്ങിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുവാൻ മി. കൃഷ്ണൻനായർ ഉദ്യമിച്ചുകാണാത്തതു കേരളീയനാട്യവേദിയുടെ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു!!

എത്ര ഗഹനമായ സംസ്കൃതശ്ലോകത്തിനും ഭംഗിയായി അർത്ഥം പറയത്തക്ക സഹൃദയത്വവും പാണ്ഡിത്യവും ഉള്ള അനേകം സംസ്കൃതവിദ്വാന്മാർ ഇന്നും കേരളത്തിൽ ജീവിച്ചിരിപ്പുണ്ടു്. മി. കൃഷ്ണൻനായരുടെ ഇന്ദ്രജാലവിദ്യയൊന്നും അറിയാൻ പാടില്ലെങ്കിലും, നിഗൂഢാശയങ്ങളായ നല്ല പദ്യങ്ങൾക്കു, പ്രാചീനരായ ആലിംകാരകന്മാരാലും വ്യാഖ്യാതാക്കളാലും സമാദൃതവും സുഗമവുമായ രീതിയിൽ അർത്ഥം പറയുന്നതിന്നു് അവർക്കു നിഷ്പ്രയാസം സാധിക്കുന്നതായി കണ്ടുവരുന്നു. ക്ലിഷ്ടവും അബദ്ധജടിലവുമായ മി. കൃഷ്ണൻനായരുടെ വ്യാഖ്യാനം വായിച്ചു് അർത്ഥമറിയാതെ കുഴങ്ങുന്ന 'ശക്തിക്ഷമാ'ശൂന്യരായ അദ്ധ്യാപികാദ്ധ്യേതാക്കളുടെ ആവശ്യത്തിനായി പ്രസ്തുതശ്ലോകത്തിന്നു് അത്തരം പണ്ഡിതന്മാർ പറഞ്ഞുകേട്ടിട്ടുള്ളതായ ഒരർത്ഥം താഴെ ചേർക്കുന്നതു് ഉചിതമായിരിക്കുമെന്നുദ്ദേശിക്കുന്നു.

സഃ — അർജ്ജുനൻ; സമാസ്യാകതിരിത്യാ ഒരു പണ്ഡിതൻ എന്നും

| | |
|---|---|
| പരേണപുംസാ അനുഗതാം | പരപുരുഷനോടു ചേർന്നവൾ; വിഷ്ണുവിനോടു സംബന്ധപ്പെട്ടതില്ലുന്നതു് എന്നും. |

| | |
|---|---|
| മുഹുഃ അലൌകികൈഃ വിദ്യാഭിഃ അത്യന്ത വിനിന്ദിതാം | വീണ്ടും വീണ്ടുമുള്ള അസഭ്യവാക്കുകളെക്കൊണ്ടു വിനിന്ദിക്കപ്പെട്ടവൾ; വേദവാക്കുകളാൽ വീണ്ടും വീണ്ടും അത്യന്തം വിനിന്ദിതം എന്നും |
| വിയോഗദുഃഖൈക വിധായിവിഭ്രമാം | വിരഹദുഃഖത്തിനു മാത്രം കാരണമായ വിലാസങ്ങളോടുകൂടിയവൾ. (ഉദ്ദിഷ്ടമായി കാമ്യപുരുഷോപഭോഗം ഇവിടെ സിദ്ധിക്കുന്നില്ലല്ലോ) പരബ്രഹ്മസായൂജ്യാഭാവം കൊണ്ടുള്ള സാംസാരികദുഃഖത്തിന് ഏകഹേതുവായ വിലാസത്തോടുകൂടിയതു് എന്നും |
| താം — | അവളെ; സമാസോക്തിരീത്യാ മായയെ എന്നും |
| അസതീം — | കുലടയായിട്ടു്, മിഥ്യയായിട്ടു് എന്നും |
| ജ്ഞാത്വാ — | അറിഞ്ഞിട്ടു് |
| വിരക്തധീഃ — | വെറുപ്പോടുകൂടിയവനായി (അസഭ്യവാക്കുകൾ പറയുന്നവരോടു വെറുപ്പുണ്ടാവുന്നതു സ്വാഭാവികമാണല്ലോ) വൈരാഗ്യപൂർണ്ണചിത്തൻ എന്നും |
| അഭൂൽ — | ഭവിച്ചു. |

മഹാവിഷ്ണുവിനോടു സംബന്ധിച്ചിരിക്കുന്നതും, ഉപനിഷദ്വാക്യങ്ങളാൽ പല പ്രാവശ്യവും നിന്ദിക്കപ്പെട്ടിട്ടുള്ളതും സംസാരദുഃഖത്തിനു ഏകകാരണമായ വിലാസത്തോടുകൂടിയതുമായ മായ മിഥ്യയാണെന്നറിഞ്ഞു് എപ്രകാരം ഒരു പണ്ഡിതശ്രേഷ്ഠൻ വിരക്തചിത്തനായിത്തീരുന്നുവോ, അതുപോലെ പരപുരുഷനോടു ചേർന്നവളും വീണ്ടും വീണ്ടും അസഭ്യവാക്കുകൾ പറഞ്ഞതുകൊണ്ടു് ഏററവും നിന്ദിതയും വിരഹദുഃഖത്തിനു മാത്രം കാരണമായ വിലാസങ്ങളോടുകൂടിയവളുമായ ഉർവ്വശി കുലടയാണെന്നറിഞ്ഞു് അർജ്ജുനൻ അവളിൽ വെറുപ്പോടുകൂടിയവനായി ഭവിച്ചു എന്നു സാരം.

ഇവിടെ വർണ്ണ്യമായ വൃത്താന്തത്തെ കവി അർത്ഥാന്തരത്തിൽ കൂടി ശക്തങ്ങളായ അനേകം വിശേഷണങ്ങളെക്കൊണ്ടു പ്രതിപാദിച്ചതിനാൽ അപ്രസ്തുതമായ ഒരു വൃത്താന്തത്തിനുകൂടി പ്രതീതിയുണ്ടാകുന്നുള്ളതു സർവ്വസഹൃദയസമ്മതമാകുന്നു. ഇങ്ങിനെ അപ്രസ്തുതമായ ഒരു വൃത്താന്തത്തെക്കൂടി പ്രത്യായനം ചെയ്യുന്നതു് അതിനെ പ്രസ്തുത വൃത്താന്തത്തിൽ ആരോപിക്കുന്നതിനു വേണ്ടിയാണെന്നാണ് ആലങ്കാരികന്മാരുടെ സിദ്ധാന്തം. ഏതാദൃശസ്ഥലങ്ങളിൽ ആരോപം സാദൃശ്യമൂലകമായതുകൊണ്ടാണ് രണ്ടു വൃത്താന്തങ്ങൾക്കും ഉപമാനോപമേയരീത്യാ ഇവിടെ സാരാർത്ഥവർണ്ണനം ചെയ്തിട്ടുള്ളതു്. ഇങ്ങിനെ സരസമായ അർത്ഥാന്തരത്തി

നും സാദൃശ്യത്തിനും പ്രതീതിയുള്ള ഈ ശ്ലോകത്തിന്റെ ആശയം എത്ര മനോഹരമായിരിക്കുന്നുവെന്നു നോക്കുക.

ഇനി ഈ ശ്ലോകത്തിലെ അലംകാരമെന്താണെന്നു പര്യാലോചിച്ചുനോക്കാം. പ്രസ്തുത വൃത്താന്തത്തിൽനിന്ന് അപ്രസ്തുതവൃത്താന്തത്തിന്റെ പ്രതീതി മൂന്നുവിധത്തിൽ സംഭവിക്കുന്നതായി കണ്ടുവരുന്നു. 1. വിശേഷണത്തിന്റെയും വിശേഷ്യത്തിന്റെയും സാദൃശ്യംകൊണ്ട് അപ്രസ്തുതവൃത്താന്തത്തിന്റെ പ്രതീതി 2. വിശേഷണമാത്രസാദൃശ്യംകൊണ്ട് അപ്രസ്തുതവൃത്താന്തത്തിന്റെ പ്രതീതി. 3 ഏകദേശത്തിലുള്ള ശ്ലേഷംകൊണ്ട് പ്രതീതമായ അർത്ഥാന്തരത്തെ ഉപമാദികളെക്കൊണ്ടു വാച്യമാക്കിത്തീർക്കുക. ഈ മൂന്നുവിധത്തിലുള്ള അർത്ഥാന്തരപ്രത്യായനരീതികളിൽ ആദ്യത്തേതിൽ ശബ്ദശക്തിമൂലധ്വനി, രണ്ടാമത്തേതിൽ സമാസോക്തി, മൂന്നാമത്തേതിൽ പ്രകൃതാപ്രകൃതശ്ലേഷം എന്നു വിദ്യാനാഥൻ തുടങ്ങിയ പ്രാചീനാലംകാരികന്മാർ പറയുന്നു. അപ്പയ്യദീക്ഷിതാദികളായ നവീനന്മാരാകട്ടെ ആദ്യത്തേതിൽ അർത്ഥാന്തരപ്രതീതിയെ അനുസരിച്ചു പ്രകൃതാപ്രകൃതശ്ലേഷം, സാദൃശ്യപ്രതീതിയെ അനുസരിച്ച് ഉപമാലംകാരധ്വനി എന്നും മൂന്നാമത്തേതിൽ ശ്ലേഷഭിത്തികമായ അഭേദാധ്യവസായമൂലമായിട്ടുള്ള ഉപമാദ്യലംകാരങ്ങൾ എന്നും വാദിക്കുന്നു. രണ്ടാമത്തേതിൽ സമാസോക്തിയാണെന്ന പ്രാചീനമതത്തിൽ അവർക്കും അഭിപ്രായവ്യത്യാസമില്ല. പ്രസ്തുത ശ്ലോകത്തിലാവട്ടെ വിശേഷ്യാംശത്തിൽ ശ്ലേഷമില്ലാത്തതുകൊണ്ട് സമാസോക്തിയാണ് അലംകാരം എന്നതിൽ ആൎക്കും വിപ്രതിപത്തിക്കുവകാശമില്ലല്ലോ. മിസ്റ്റർ കൃഷ്ണൻനായരാകട്ടെ ഈ ശ്ലോകത്തിൽ അലംകാരം പ്രകൃതാപ്രകൃതശ്ലേഷമാണെന്നു ശപഥംചെയ്യുന്നു. ഇതു് ആലംകാരികന്മാരാരും സമ്മതിക്കയില്ലെന്നു പറയേണ്ടതില്ലല്ലോ. ഭാഷാഭൂഷണകർത്താവു പറയുന്നതു നോക്കുക:

വിശേഷണത്തിൻ സാമ്യത്താൽ
വർണ്ണ്യാപ്രസ്തുതധർമ്മിയിൽ
അവർണ്ണ്യവൃത്താന്താരോപം
സമാസോക്തിയലംകൃതി.

ഇനി അപ്രസ്തുതവിശേഷ്യത്തിനും വിശേഷണങ്ങൾക്കും ശ്ലിഷ്ടതയുള്ള സ്ഥലത്തു പ്രകൃതാപ്രകൃതശ്ലേഷം എന്ന രസഗംഗാധരകാരന്റെ മതപ്രകാരമാണ് ഇവിടെ അലംകാരനിർവ്വചനംചെയ്തിട്ടുള്ളതെന്നും വ്യാഖ്യാതാവിന്റെ മതപ്രകാരം അസിതം എന്ന വിശേഷ്യപദം അപ്രസ്തുതവിശേഷ്യത്തിനുകൂടി വാചകമാകയാൽ അതു് ഉപപന്നമായിട്ടു

ണ്ടെന്നും വാദിക്കുന്നതായാൽ പറയാം. അർജ്ജുനനിൽ അപ്രസ്തുതവൃത്താന്തം അന്വയിക്കാത്തതുകൊണ്ട് അപ്രസ്തുതമായ കർത്തൃവിശേഷം, ഇവിടെ വ്യംജിക്കുന്നുണ്ടെന്നു സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. ആ അപ്രസ്തുതകർത്തൃവിശേഷ്യം ശ്ലിഷ്ടമല്ലാത്തതിനാൽ രസഗംഗാധരകാരന്റെ മതപ്രകാരവും ഇവിടെ പ്രകൃതാപ്രകൃതശ്ലേഷനിർവ്വചനം സുകരമല്ലതന്നെ.

ഇത്രത്തോളംകൊണ്ടുതന്നെ സഹൃദയരായ വായനക്കാൎക്കു പ്രസ്തുതപദ്യത്തിന്റെ വ്യാഖ്യാനത്തിൽ മി. കൃഷ്ണൻനായൎക്കു പററിപ്പോയിട്ടുള്ള അബദ്ധങ്ങൾ നല്ലവണ്ണം ഗ്രഹിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. മേൽപറഞ്ഞ രണ്ടു ശ്ലോകങ്ങളുടെ വ്യാഖ്യാനത്തെസ്സംബന്ധിച്ചു മാത്രം ഇവിടെ വിമർശിച്ചതുകൊണ്ട് മററു സ്ഥലത്തെല്ലാം അദ്ദേഹത്തിന്റെ വ്യാഖ്യാനം ശരിയായിട്ടുണ്ടായിരിക്കുമെന്ന് ആരും തെററിദ്ധരിച്ചുപോകരുതു്. പദാർത്ഥവർണ്ണനം, അലംകാരനിർവ്വചനം എന്നുവേണ്ട പദങ്ങളുടെ വിഭക്തി പറയുന്നതിൽക്കൂടി അദ്ദേഹത്തിനു ഹിമാലയപ്രമാദങ്ങൾ പററിപ്പോയിട്ടുണ്ടെന്നു പറഞ്ഞാൽ അതൊട്ടുംതന്നെ അതിശയോക്തിയാകയില്ല. ആവക അബദ്ധങ്ങൾ മിക്കതും ക്ഷമയോ ശക്തിയോ ഇല്ലാത്ത അദ്ധ്യേതാക്കൾക്കുകൂടി സുഗ്രഹമാകത്തക്കവണ്ണം അത്രയും സ്ഫുടങ്ങളാണു്. അതിനാൽ അതുകളെ എടുത്തുകാട്ടി ഈ ഉപന്യാസത്തെ ദീർഘിപ്പിക്കേണ്ട ആവശ്യമില്ലല്ലോ.

കാലകേയവധം ആട്ടക്കഥയ്ക്കു മി. കൃഷ്ണൻനായർ എഴുതിയ വ്യാഖ്യാനത്തെപ്പോലെയോ അതിലധികമോ അബദ്ധമായ വ്യാഖ്യാനങ്ങൾ വേറെയും ഉണ്ടെന്നു ഞാൻ അറിയായ്കയല്ല. പക്ഷെ ആ പുസ്തകങ്ങളൊന്നും യാതൊരു പരീക്ഷയ്ക്കും പാഠ്യപുസ്തകമായി നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് ആവക പ്രസിദ്ധീകരണങ്ങളെക്കൊണ്ടുള്ള ദ്രോഹം ഒരുവിധം സഹ്യമാണ്. മി. കൃഷ്ണൻനായരുടെ വ്യാഖ്യാനമാകട്ടെ നാളത്തെ പണ്ഡിതന്മാരും സാഹിത്യകാരന്മാരുമായിത്തീരേണ്ടവരായ വിദ്യാർത്ഥികളുടെ ശിരസ്സിൽ പാഠ്യപുസ്തകമെന്ന പേരും പറഞ്ഞു ഒരു ഭാരമെന്നവണ്ണം വെച്ചുകെട്ടപ്പെട്ടിരിക്കുന്നു. കോട്ടയത്തുതമ്പുരാന്റെ കവിതാരീതി എത്ര മഹനീയമായിരുന്നാലും വേണ്ടതില്ല, അദ്ദേഹത്തിന്റെ പദ്യതല്ലജങ്ങൾ എത്ര സരസങ്ങളായിരുന്നാലും വേണ്ടതില്ല, പരീക്ഷാവിജയേച്ഛുക്കളായ വിദ്യാർത്ഥികൾ മി. കൃഷ്ണൻനായരുടെ ശുഷ്കവും അബദ്ധജടിലവുമായ വ്യാഖ്യാനത്തെ അനുസരിച്ച് അർത്ഥം ഗ്രഹിക്കുകയും ചോദ്യങ്ങൾക്കുത്തരമെഴുതുകയും വേണമെന്നു വരുന്നതു് എന്തൊരു ദുർദ്ദശാവിപാകമാണെന്നു് ഒന്നാലോചിച്ചുനോക്കുക! അതുമാത്രമോ? മദ്രാസുയൂണി

വൎസിററി മലയാളം ലക്ചറർ എന്ന സ്ഥാനത്തിരിക്കുന്ന മി. കൃഷ്ണൻ നായരുടെ വ്യാഖ്യാനം വെറും ഇമിറേഷൻതരമാണെന്ന വാസ്തവം കണ്ടുറിയാൻ ക്ഷമയോ ശക്തിയോ ഇല്ലാത്ത ഇന്നത്തെ ചില വിദ്യാൎത്ഥികളും അധ്യാപകന്മാരും അതിനെ പഠനപാഠനങ്ങളെക്കൊണ്ടു പ്രചരിപ്പിക്കുവാൻ തുടങ്ങിയാൽ ഭാവിയിൽ കൈരളിയുടേയും ഗൈൎവ്വാണിയുടേയും സ്ഥിതി എന്തുതരത്തിലുള്ളതായിത്തീരും! അതിനാൽ മി. കൃഷ്ണൻ നായർ ഇനി മേലിലെങ്കിലും ഇത്തരം പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയില്ലെങ്കിൽ അതുതന്നെയായിരിക്കും അദ്ദേഹം മൂലം ഭാഷയ്ക്കുണ്ടാകാനിടയുള്ള ഏററവും വലിയ അനുഗ്രഹം എന്നുകൂടി പറയേണ്ടതായി വരുന്നു. ദുഷ്പാണ്ഡിത്യഭാരം കൊണ്ടുള്ള ഗൌരവഭാവം വഹിച്ചു ഭവഭൂതിതുല്യകക്ഷ്യതയെ അഭിമാനിച്ചു്, വിസ്തൃതമായ ലോകത്തിൽ ഉള്ളതോ അനന്തമായ കാലത്തിൽ ഉണ്ടാകാനിരിക്കുന്നതോ ആയ ഒരു സമാനധൎമ്മാവിനെ അന്വേഷിക്കാതെ നിൎമ്മത്സരഗൎവ്വം സാഹിത്യസേവനം ചെയ്യുന്നതിന്നു മി. കൃഷ്ണൻനായർ ഒരുങ്ങുന്ന കാലത്തു് അദ്ദേഹത്തിൽനിന്നു കൈരളിക്കുണ്ടായേക്കാൻ ഇടയുള്ള സൽഗ്രന്ഥങ്ങളുടെ മേന്മയെ പുകഴ്ത്തുവാൻ അവസരമുണ്ടാകണമെന്നുള്ള ഈയുള്ളവന്റെ ആഗ്രഹത്തെ അവസാനമായി പറഞ്ഞുകൊള്ളട്ടെ.

# * ഇൻഡ്യയും ജാപ്പാനും.

എല്ലൻ യൻ ലാ മോട്ട് അവരുടെ 'The Ethics ofopium' എന്ന പുസ്തകത്തിൽ ജപ്പാൻ ഇന്നത്തെ സ്ഥിതിയിലെത്തുവാനും, ഇൻഡ്യയും ചൈനയും ഈ സ്ഥിതിയിലാകുവാനും കാരണമെന്തെന്നു പ്രസ്താവിക്കുന്നു. അവരുടെ അഭിപ്രായത്തിൽ ജാപ്പാൻെറ സ്വാതന്ത്ര്യാവസ്ഥയ്ക്കും ഇൻഡ്യയുടെ പരതന്ത്ര്യാവസ്ഥയ്ക്കും ചൈന അരഡസൻ വിദേശീയ ശക്തികൾക്കടിമപ്പെട്ടിരിക്കുന്നതിനു പുറമെ, കറപ്പു തിന്നു അലസമായിക്കിടക്കുന്നേടത്തുമാണ് കാരണം. ലാമോട്ട് പറയുന്നു, 'മാപ്പുകൊടുക്കുവാൻ കഴിയാത്ത ഒരപരാധം ജാപ്പാൻ ചെയ്തിരിക്കുന്നു; പൌരസ്ത്യരാജ്യങ്ങൾക്കു സ്വയംഭരണത്തിനു ത്രാണിയില്ലെന്നുള്ള വാദത്തിൻെറ അടിസ്ഥാനശൂന്യതയെ അതു തെളിയിച്ചുകഴിഞ്ഞു. ഭയങ്കരമായ ഒരപരാധംകൂടി ജപ്പാൻ പ്രവർത്തിച്ചു. പൌരസ്ത്യരാജ്യങ്ങൾക്കു ദിവസേന ഭക്ഷണം കഴിക്കുന്നതുപോലെതന്നെ കറപ്പു തിന്നണമെന്ന വാദത്തെ അസ്ഥിരപ്പെടുത്തി. യൂറോപ്പിൽ രാഷ്ട്രങ്ങൾ തങ്ങൾക്കു മാത്രമായി ലോകത്തെ ഭാഗിച്ചെടുക്കുവാൻ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുമ്പോൾ ജപ്പാനെ അവർ നിസ്സാരമായി തള്ളിക്കളഞ്ഞു. ഈ ഒരു വിഴ്ചയുടെ ഫലം വ്യാപ്തിയേറിയതായിരുന്നു. എന്തുകൊണ്ടെന്നാൽ ജപ്പാൻെറ ശക്തി ബാല്യാവസ്ഥയിലിരുന്ന കാലത്ത് ആരും ഉപദ്രവിച്ചില്ല. അവ ഇൻഡ്യയെപ്പോലെ അടിമപ്പെടുപ്പകയോ, ചൈനയെപ്പോലെ മയങ്ങിക്കിടക്കയോ ചെയ്യാതെ അഭിവൃദ്ധിമാർഗ്ഗങ്ങളിൽകൂടി മുന്നോട്ടു പാഞ്ഞുകൊണ്ടിരുന്നു. ഇന്ന് സാമ്പത്തികമായും, സൈന്യപരമായും ജപ്പാൻ യൂറോപ്പിലെ മഹാശക്തികളോടു തുല്യമായ ഒരു സ്ഥാനത്തെ ആരോഹണം ചെയ്തിരിക്കുന്നു.

വൈസ്രോയിയുടെ കൌൺസിലിലെ ഒരംഗമായ ബഹുമാനപ്പെട്ട ജി കെ. കോഖയിൽ ഒരു ബഡ്ജററ പ്രസംഗത്തിൽ 1906-ൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

"ജപ്പാൻ പാശ്ചാത്യാശയങ്ങളുടെ പ്രഭാവത്തിൻകീഴിൽ വന്നിട്ട് നാല്പതു കൊല്ലത്തോളമെ ആയിട്ടുള്ളു. ഈ കാലത്തിനിടയ്ക്ക് അവിടത്തെ ഭരണകർത്താക്കളുടെ സശ്രദ്ധമായ ശുശ്രൂഷയുടെ ഫലമായി ആ രാഷ്ട്രം പാശ്ചാത്യരാഷ്ട്രങ്ങളിൽ എതിനോടും കിടപിടിക്കത്തക്ക ഒരു നിലയിലെത്തിയിരിക്കുന്നു. ഇൻഡ്യയിലെ ജനങ്ങളായ നാമാകട്ടെ അതിൻെറ മൂന്നിരട്ടികാലം ഇംഗ്ലീഷുഭരണത്തിൻകീഴിൽ വർത്തിച്ചിട്ടും ഇന്നു,

---

* വി. ജെ. ടി. സണ്ടർലാണ്ടിൻെറ ഒരു ലേഖനത്തിൻെറ അനുവാദം.

വിറകുവെട്ടികളും വെള്ളം ചുമക്കുന്നവരുമായിട്ടാണ് ഈ രാജ്യത്തുതന്നെ കഴിച്ചുകൂട്ടുന്നത്. ലോകത്തിന്റെ വേറൊരു ഭാഗത്തും നമുക്കൊരു സ്ഥാനവുമില്ല"

എന്തുകൊണ്ടാണ് താരതമ്യേന ഒരു ചെറിയരാജ്യമായ ജപ്പാൻ ഏഷ്യയിലെന്നല്ല, ലോകത്തിൽതന്നെ ഉന്നതമായ ഒരു സ്ഥാനത്തെ കൈക്കലാക്കിയിരിക്കുന്നത്? വളരെ അധികം വലുപ്പമുള്ള, വളരെ അധികം ജനങ്ങളുള്ള, വളരെ അധികം പ്രാചീനമായ ഒരു പരിഷ്കാരമുള്ള ഭാരതം എന്തുകൊണ്ടാണു താഴ്ന്ന ഒരു നിലയിൽ കിടക്കുന്നത്?

ജപ്പാനിലെ ജനങ്ങൾ പ്രകൃത്യാ ഭാരതീയരേക്കാൾ സമർത്ഥന്മാരായതുകൊണ്ടാണോ?

എന്നെ സംബന്ധിച്ചിടത്തോളം എനിക്കു ജപ്പാൻകാരെ വലിയ മതിപ്പാണ്; അമേരിക്കയിലും അവരുടെ രാജ്യത്തിലും വച്ച് എനിക്കവരെ നല്ല പരിചയമുണ്ട്. ഗ്രഹണശക്തിയിലും, സ്വഭാവത്തിലും, പരിഷ്കാരത്തിലും അവർ മിക്ക പാശ്ചാത്യരാജ്യക്കാരോടും തുല്യരാണ്. ചിലരെ അതിശയിക്കുന്നതുമുണ്ട്.

പക്ഷേ, അവർ ഭാരതീയരെ അതിശയിക്കുന്നുണ്ടോ? അഥവാ ഇപ്പോൾ ഉണ്ടെങ്കിൽതന്നെ രണ്ടു ശതകങ്ങൾക്കു മുമ്പ് ഭാരതം ആംഗ്ലേയ ഭരണത്തിൻകീഴിൽ വന്ന കാലത്ത് അങ്ങിനെയായിരുന്നുവോ? അല്ല, ഏകദേശം 70 കൊല്ലങ്ങൾക്കു മുമ്പ് ജപ്പാൻ ചിരകാലത്തെ ഏകാന്ത ജീവിതത്തിനുശേഷം പുറത്തുവന്ന സമയം അവർ ഭാരതീയരേക്കാൾ ശ്രേഷ്ഠരായിരുന്നുവോ?

ഈ രണ്ടു സമയത്തും, പൌരസ്ത്യരുമായി ഇടപഴകിയിട്ടുള്ള ഇംഗ്ലീഷുകാരോടോ അമേരിക്കക്കാരോടോ, അവരുടെ അഭിപ്രായത്തിൽ, ഗ്രഹണശക്തിയിലും, സ്വഭാവത്തിലും, പരിഷ്കാരത്തിലും ഈ രണ്ടു രാജ്യങ്ങളിൽ ഏതാണു മുന്നണിയിൽ നിന്നിരുന്നത് എന്നു ചോദിച്ചിരുന്നുവെങ്കിൽ, ഞാൻ വിശ്വസിക്കുന്നു, അവർ ഇൻഡ്യക്കു ഗുണമായേ വിധിപറകയുള്ളുവെന്ന്.

തീർച്ചയായും വളരെ അടുത്തകാലംവരെ ലോകത്തിൽ ജാപ്പാനു പറയത്തക്ക ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. ഏഷ്യയിലുള്ള ഇതരരാഷ്ട്രങ്ങൾപോലും ആ രാജ്യത്തെ അറിഞ്ഞിരുന്നില്ല. ഇൻഡ്യയാകട്ടെ, മഹനീയമായ ഒരു സ്ഥാനത്തെയാണ് അലങ്കരിച്ചിരുന്നത്. നമുക്കു നോക്കുക, എത്രത്തോളം മഹനീയമെന്ന്.

നിരവധി ശതാബ്ദങ്ങൾക്കു മുമ്പുതന്നെ, ഏഷ്യയിൽ മാത്രമല്ല, കിഴക്കൻ യൂറോപ്പിലും, ആഫ്രിക്കയിലും, ഭാരതത്തിന്റെ കീർത്തി വ്യാപിച്ചിരുന്നു. ഏഷ്യയിലെ ഏററവും പ്രസിദ്ധിയുള്ള രാജ്യം കിഴടക്കി

തന്റെ വിസ്തൃതമായ സാമ്രാജ്യത്തോടു ചേക്കുവാൻ അലക്സാന്തർ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ കാലത്തു് ഭാരതത്തിന്റെ കീൎത്തി ലോകത്തിലൊട്ടാകെ അത്ര വ്യാപിച്ചിരുന്നു. അതിനനുസരിച്ചു്, അദ്ദേഹം ഭാരതത്തിലെ ഏതാനും ഭാഗങ്ങൾ കീഴടക്കി. ഇവിടെ അദ്ദേഹം കണ്ടു, ഗ്രീസിന്റേതിനു തുല്യമല്ലെങ്കിൽ വളരെ കുറച്ചു മാത്രം താഴ്ന്ന ഒരു പരിഷ്കാരം. ഇവിടെ അദ്ദേഹം കണ്ടു, ശക്തിയേറിയ സൈന്യങ്ങളോടുകൂടിയ ചില രാജ്യങ്ങൾ, ഭയങ്കരമായ ഒരു യുദ്ധത്തിനു ശേഷം മടങ്ങിപ്പോവുകയാണു് ഉത്തമമെന്നു് അദ്ദേഹത്തിനു തോന്നിച്ച ചില രാജ്യങ്ങൾ.

ക്രിസ്തുവിനു രണ്ടോ മൂന്നോ ശതകങ്ങൾക്കുമുമ്പു്, ഇൻഡ്യയിൽ ജനിച്ച ബുദ്ധമതത്തെ അതിന്റെ അനുയായികൾ ഏഷ്യമുഴുവനും, യൂറോപ്പിന്റെ അന്തർഭാഗത്തു പ്രവേശിച്ചില്ലെങ്കിൽ, അതിൎത്തിഭാഗങ്ങളിലും വ്യാപിപ്പിച്ചു. പിൻകാലത്തു് അതു് ഏഷ്യയുടെ കിഴക്കുഭാഗത്തു മുഴുവനും പരന്നു. പോയ സ്ഥലത്തുമുഴുവനും, ഭാരതീയചിന്തയും പ്രചോദനവും എത്തിച്ചു.

റോമാക്കാരുടെയിടയിൽ ഭാരതത്തെപ്പറ്റി നല്ല അറിവുണ്ടായിരുന്നു. ഇൻഡ്യയും റോമുമായി അഭിവൃദ്ധികരമായ വ്യാപാരം കരമാൎഗ്ഗമായി നടന്നിരുന്നു. ഇൻഡ്യയിലെ വിലയേറിയ ഉല്പന്നങ്ങളെ—രത്നങ്ങൾ, മനോഹരമായ പട്ടുകൾ മുതലായവയെ—റോമിനു ധാരാളമായി കിട്ടിയിരുന്നു. പിൽക്കാലങ്ങളിൽ വെനീസ്, ജിനോവ മുതലായ മെഡിററേനിയൻ പട്ടണങ്ങളിലുണ്ടായ ഐശ്വൎയ്യത്തിനു പ്രധാനകാരണം ഇൻഡ്യയുമായിട്ടുള്ള വ്യാപാരമാണു്. രണ്ടായിരം കൊല്ലങ്ങൾക്കധികം കാലമായി, അടുത്തകാലം വരെ വളരെ വണിക്സംഘങ്ങൾ (Caravans) മെഡിററേനിയൻ രാജ്യങ്ങൾക്കും ഇൻഡ്യക്കും മദ്ധ്യേ പോയ്ക്കൊണ്ടിരുന്നു.

യൂറോപ്പുകാൎക്കു് ഇൻഡ്യയിലെ വിലയേറിയ ഉല്പന്നങ്ങൾ എളുപ്പത്തിൽ ലഭ്യമാകത്തക്കവിധം കടൽമാൎഗ്ഗമായ് ഒരു വഴി കണ്ടുപിടിക്കുവാനായിട്ടാണു് കൊളംബസ്സ് അത്‌ലാന്തികസമുദ്രം തരണം ചെയ്തതു്. അമേരിക്കയിൽ വന്ന അദ്ദേഹം അതു് ഇൻഡ്യയാണെന്നു തെററിദ്ധരിച്ചു. അതുകൊണ്ടു് അമേരിക്കാഭൂഖണ്ഡത്തിലെ ആദിമനിവാസികളെ 'ഇൻഡ്യാക്കാർ' എന്നു തെററായി വിളിക്കുവാൻ തുടങ്ങി.

തെക്കെ ആഫ്രിക്കയെ ചുററി ഇൻഡ്യയിലേക്കു് ഒരു നാവികമാൎഗ്ഗത്തെ കണ്ടുപിടിച്ച വാസ്കോഡിഗാമക്കു് ഇത്ര പ്രശസ്തി ലഭിക്കുവാനുണ്ടായ കാരണം, യൂറോപ്യരാഷ്ട്രങ്ങൾക്കു് അവർ വളരെക്കാലമായി ആശിച്ചുകൊണ്ടിരുന്ന, ആ സമുദ്രത്തിൽക്കൂടെതന്നെ ഇൻഡ്യയിലേക്കുള്ള

മാൎഗ്ഗം ലഭ്യമാക്കി എന്നുള്ളതാണ്. ആ വഴി കണ്ടുപിടിച്ച ഉടനെതന്നെ, പോൎത്തുഗൽ, സ്പെയിൻ, ഫ്രാൻസ്, ഹോളണ്ട്, ഗ്രെയിറ്റബ്രിട്ടൻ മുതലായ യൂറോപ്പിലെ നാവികരാഷ്ട്രങ്ങൾ സമുദ്രമാൎഗ്ഗമായി ഇൻഡ്യയിൽ കച്ചവടം നടത്തുവാൻ മത്സരിച്ചുതുടങ്ങി. അടുത്തുതന്നെ ഡച്ചുകാരും, ഫ്രെഞ്ചുകാരും, ഇംഗ്ലീഷുകാരും ഏററവും ധനസമൃദ്ധിയുള്ള ആ രാജ്യത്തിൽ ആദ്യം വാണിജ്യപരമായും, പിന്നീട്ട രാഷ്ട്രീയമായും അധികാരമുറപ്പിക്കുവാൻ കലഹിച്ചുതുടങ്ങി. അനന്തരം ഗ്രെയിററബ്രിട്ടൻ മററസ്ഥാനാൎത്ഥികളെ ഓടിച്ചു രാജ്യം കീഴടക്കി ഉടമസ്ഥരായപ്പോൾ, രാജ്യത്തിലെ സകല ശക്തികളേയും സ്വാൎത്ഥപൂരണത്തിന്നായി നിയോഗിച്ചുതുടങ്ങിയപ്പോൾ, മെക്സിക്കോവിൽനിന്നും പെറുവിൽനിന്നും വാന്റെടുത്തതിനേക്കാൾ വലുതായ ഒരു നദി അങ്ങോട്ടൊഴുകിത്തുടങ്ങിയപ്പോൾ, യൂറോപ്പിലെ സകല രാഷ്ട്രങ്ങളും അസൂയാകലുഷിതരായി. അവർ കരുതിപ്പോന്നു ബ്രിട്ടനാണ് ഏററവും വലിയ സമ്മാനം ലഭിച്ചതെന്നു.

ഇങ്ങനെ ചരിത്രത്തിന്റെ തുടക്കം മുതല്ക്കുതന്നെ പ്രസിദ്ധമായ ഒരു രാജ്യം തിച്ചയായും ഒരുന്നതസ്ഥാനത്തെയാണ് അലങ്കരിക്കേണ്ടതു്.

എന്തുകൊണ്ടാണ് അങ്ങിനെയല്ലാത്തതു്? എന്തുകൊണ്ടാണ് ജപ്പാൻ ഇൻഡ്യയെ നിഴലിലാക്കി മുന്നണിയിൽ നില്ക്കുന്നതു്?

ജപ്പാന്റെ കഴിഞ്ഞുപോയ ചരിത്രം, അവളുടെ പണ്ടത്തെയും നിലവിലിരിക്കുന്നവയുമായ മൂലശക്തികൾ, ഇവയെ ഇൻഡ്യയുടേയുമായി താരതമ്യപ്പെടുത്തി നോക്കുക.

ജപ്പാൻ ഒരു ചെറിയരാജ്യമാണ്; വിസ്തീൎണ്ണത്തിൽ ഏകദേശം ഇൻഡ്യയുടെ ഏഴിലൊരുഭാഗമേ അതിനു വലിപ്പമുള്ളു. അഞ്ചിലൊന്നേ ജനസംഖ്യയുമുള്ളു. ഇന്ത്യയെപ്പോലെ ഏഷ്യയുടെ മദ്ധ്യത്തിലല്ല ജപ്പാൻ സ്ഥിതിചെയ്യുന്നതു്; വളരെ കിഴക്കോട്ടുമാറി ഏഷ്യാഖണ്ഡത്തിൽനിന്ന് വിട്ടിട്ടുപാലുമാണ് കിടക്കുന്നതു്. അതിന്റെ ചരിത്രം അറിഞ്ഞിടത്തോളം ഇൻഡ്യയുടേതിനോളം പ്രാചീനമല്ല. പരിഷ്കാരമാകട്ടെ വളരെ നൂതനവുമാണ്. അതിന്റെ ചരിത്രത്തിൽ വളരെക്കാലത്തോളം അതു ഒററപ്പെട്ട രാജ്യമായിരുന്നു; ജനങ്ങൾക്ക് ഇതരരാഷ്ട്രങ്ങളുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ഏകദേശം 70 കൊല്ലങ്ങൾക്കു മുമ്പു് കമോഡർ പെറി (Coommodore Perry) അതിന്റെ ഏകാന്തതയെ ഭഞ്ജിച്ച് ഇതരരാജ്യങ്ങളുമായുള്ള വ്യാപാരത്തിനു് അതിന്റെ വാതിലുകളെ തുറക്കുവാൻ നിൎബ്ബന്ധിച്ചപ്പോൾ ഏഷ്യയിൽ പോലും അതിനെപ്പററി വളരെക്കുറച്ചുമാത്രമേ അറിവുണ്ടായിരുന്നുള്ളു. ലോകത്തിലെ രാഷ്ട്രങ്ങളുടെയിടയിൽ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. അവിടെ വല്ല സാഹിത്യവുമുണ്ടായിട്ടുണ്ടെങ്കിൽ അതു വിദേശി

യക്ക് അജ്ഞാതമായിരുന്നു. അവരുടെ കല ചിലഭാഗങ്ങളിൽ ഒരു മാതിരി വിശേഷമായിരുന്നെങ്കിലും അപൂർണ്ണമായിരുന്നു, ചൈനയിലെ കലയുടെ ഒരനുകരണം മാത്രമായിരുന്നു. അതു പൂർണ്ണമായും ഒരു കാർഷികരാജ്യമായിരുന്നു. വ്യവസായങ്ങൾ ദുർല്ലഭം; പുറംരാജ്യങ്ങളുമായുള്ള വ്യാപാരം ഗണ്യമായിരുന്നില്ല. താരതമ്യേന ഒരു വിധത്തിലും ഇൻഡ്യയെ അതിശയിച്ചിരുന്നില്ല. അവിടെ മിക്കവാറും ഇരുമ്പോ ഇതര ലോഹങ്ങളോ ഉണ്ടായിരുന്നില്ല. കല്ക്കരി വളരെ കുറവായിരുന്നു. ഇൻഡ്യയിലാകട്ടെ, ഇരുമ്പ്, കല്ക്കരി, മുതലായ സാമഗ്രികൾ എത്ര എടുത്താലും കുറയാത്തവിധത്തിൽ അത്ര ധാരാളമുണ്ടായിരുന്നു. ആംഗ്ലേയഭരണം തുടങ്ങുന്നതിനുമുമ്പ് ഇന്ത്യയിലുണ്ടായിരുന്ന ധനത്തോടു തുലനം ചെയ്യുന്നതായാൽ ജാപ്പാനിലെ ധനം വളരെ മോശമായിരുന്നു.

ഇങ്ങനെയെല്ലാമായിരുന്നിട്ടും, കഴിഞ്ഞ രണ്ടു തലമുറക്കാലത്തിനിടയിൽ ജാപ്പാൻ ഏഷ്യയിലുള്ള ഏററവും പ്രധാനപ്പെട്ട രാഷ്ട്രമായിത്തീർന്നിരിക്കുന്നു; ലോകത്തിലെ എണ്ണപ്പെട്ട രാഷ്ട്രങ്ങളിൽ ഒന്നായും തീർന്നിരിക്കുന്നു. ഇന്ത്യയാകട്ടെ, 25 ശതാബ്ദകാലമായി ലഭിച്ചിരുന്ന നേതൃസ്ഥാനം നഷ്ടമായി, ലോകത്തിലെ രാഷ്ട്രങ്ങളുടെയിടയിൽ ഒരു സ്ഥാനവുമില്ലാതായിത്തീർന്നു.

ഇന്നു് ഈ രണ്ടു രാഷ്ട്രങ്ങളും തമ്മിൽ അത്ഭുതകരമായ ഈ വ്യത്യാസത്തിന് — ചെറിയ ഒരു രാജ്യമായ ജാപ്പാന്റെ ഓരോ മാർഗ്ഗത്തിലും അടിക്കടിയുള്ള ഉയർച്ച, ചരിത്രപ്രസിദ്ധമായ, മഹനീയമായ ഭാരതത്തിന്റെ ദാരിദ്ര്യം അധഃപതനം ഇവയ്ക്കു — എന്താണു കാരണം പറയുക.

ഈ രാജ്യത്തിലെ മറെറവിടെയെങ്കിലുമോ ഉള്ള ചിന്താശക്തിയുള്ള ഒരാൾക്ക് ഒരേ ഒരു കാരണമല്ലാതെ ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ? അതിതൊന്നു മാത്രമല്ലേ? ജാപ്പാൻ സ്വതന്ത്രമായിരുന്നു, ഇപ്പോഴും സ്വതന്ത്രമാണ്, ഇൻഡ്യയാകട്ടെ 200 കൊല്ലങ്ങളായി പരതന്ത്രമാണ്.

രാഷ്ട്രങ്ങളുടെ അധഃപതനത്തിനും, മയക്കത്തിനും ഹേതുഭൂതകമായിരിക്കുന്നതു വിദ്യാഭ്യാസത്തിന്റെ അഭാവമാണ്. നമുക്കു നോക്കുക ഇതു് ഇന്ത്യക്കും ജാപ്പാനും എത്രത്തോളം ബാധകമാണെന്നു്. ഈ രണ്ടു രാജ്യങ്ങളിലും വിദ്യാഭ്യാസം ഒരുപോലെ പ്രചരിച്ചിട്ടുണ്ടോ? രണ്ടു ഗവർമ്മെണ്ടുകളും വിദ്യാഭ്യാസം പരക്കുവാനായി ഒരുപോലെയാണോ പ്രയത്നിച്ചിട്ടുള്ളതു്?

ജപ്പാനിൽ, രാഷ്ട്രം ഏകാന്തതയിൽ മുക്തമായി ഇതര രാഷ്ട്രങ്ങളുമായി ഇടപെടുവാൻ തീർച്ചയാക്കിയ മുതൽക്കു ഗവർമ്മെണ്ടു മനസ്സിലാക്കി വിദ്യാഭ്യാസം സാർവ്വത്രികമാക്കേണ്ടുന്നതിന്റെ ആവശ്യകതയെ. 1869-ൽ, അത്ര നേരത്തേതന്നെ അതു് പരിഷ്കൃതരീതിയിലുള്ള ഒരു വിദ്യാഭ്യാസഓർഡിനൻസ് പ്രസിദ്ധപ്പെടുത്തി. അതിൽ പറഞ്ഞിരുന്നു,

"വിദ്യാഭ്യാസം ആക്കും അത്യാവശ്യമാണു്. പ്രാചീനകാലത്തു് വിദ്യാഭ്യാസത്തെ ഉദ്യോഗലബ്ധിക്കുള്ള ഒരു മാർഗ്ഗമായിട്ടാണു് പരിഗണിച്ചിരുന്നതു്. ഇന്നുമുതൽക്കു് വർഗ്ഗഭേദമെന്യേ രാജ്യത്തിലുള്ള സകലജനങ്ങളും വിദ്യ അഭ്യസിച്ചിരിക്കേണ്ടതാണു്. ഓരോഗ്രാമത്തിലും, ഓരോ വീട്ടിലും അറിവില്ലാത്ത ഒരാൾപോലും ഉണ്ടാകുവാൻ പാടില്ല"

ഇതിന്നനുസരിച്ചു് എല്ലാ പടിയിലുമുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. പ്രാഥമികവിദ്യാലയങ്ങൾ, ഉപരിവിദ്യാലയങ്ങൾ, കോളേജുകൾ, സർവ്വകലാശാലകൾ ഇവ രാജ്യത്തെങ്ങും നിറഞ്ഞു. കാർഷികവും, വൈയവസായികവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിൽ ഗവർമ്മേണ്ടു പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. ഗവർമ്മേണ്ടു വല്ലവണ്ണം മനസ്സിലാക്കി, അമേരിക്കയിലും സർവ്വകലാശാലകളിലും കാർഷികസ്ഥാപനങ്ങളിലും, വ്യവസായശാലകളിലും, സാങ്കേതികസ്ഥാപനങ്ങളിലും യുവാക്കന്മാരെ കൂട്ടം കൂട്ടമായി അയച്ചു പഠിപ്പിക്കുന്നതിന്റെ വില. അവർ വിദ്യാഭ്യാസാനന്തരം സ്വരാജ്യത്തിൽ അദ്ധ്യാപകന്മാരും നേതാക്കന്മാരുമായിത്തീർന്നു.

മറിച്ചു്, ഭാരതത്തിൽ ബ്രിട്ടീഷുഭരണത്തിന്റെ തുടക്കം മുതൽക്കു തന്നെ ജപ്പാന്റേതിനു വിപരീതമായ ഒരു വിദ്യാഭ്യാസനയത്തെയാണു് ഇൻഡ്യയിൽ തുടൎന്നുവന്നതു്. അവർ വിദ്യാഭ്യാസത്തെ ഭയപ്പെട്ടു, അവിശ്വസിച്ചു. അവൎക്കറിയാമായിരുന്നു, ബ്രിട്ടീഷുശക്തിക്കു അജ്ഞതയിൽ കിടക്കുന്ന ഒരു ജനക്കൂട്ടത്തെ ഭരിക്കുവാൻ എളുപ്പമാണെന്നു്. കുറച്ചുകാലത്തിനുശേഷം ഒരു വിദ്യാഭ്യാസപദ്ധതി രൂപീകരിക്കപ്പെട്ടു. വാസ്തവംതന്നെ. പക്ഷേ, അതിന്റെ പരിധി വളരെ പരിമിതമായിരുന്നു. അവ രാജ്യത്തിലെ കുട്ടികളിൽ ഒരു ചെറിയ ഭാഗത്തിനു് അപ്രാപ്യമായിരുന്നു. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ കാര്യം പറയുകയാണെങ്കിൽ, അതു രൂപീകരിക്കപ്പെട്ടിരിക്കുന്നതു്, യുവാക്കന്മാരെ ബ്രിട്ടീഷുകാരായ യജമാനന്മാരെ സേവിക്കുവാൻ തയ്യാറാക്കുന്ന വിധത്തിലാണു്. ശാസ്ത്രീയവും വൈയവസായികവുമായ വിദ്യാഭ്യാസം, യുവതീയുവാക്കന്മാരെ മാതൃസേവനത്തിന്നു്, അവരുടെ മൂലശക്തികളെ ആരാഞ്ഞുവൎദ്ധി

പ്പിക്കുവാൻ, അവളുടെ വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ, ഇൻഡ്യൻ ജനതയെ ലോകത്തിലുള്ള മററു ജനങ്ങളുമായി ഇടപെടുത്തുവാൻ, ഉതകുന്ന വിധത്തിലുള്ള ഒരു പരിശീലനം — ഈ തരത്തിലുള്ള വിദ്യാഭ്യാസത്തെ കാൎയ്യമായി ഉപേക്ഷിച്ചിരിക്കുന്നു, നിസ്സാരമായി തള്ളിക്കളഞ്ഞിരിക്കുന്നു. ജപ്പാൻ ചെയ്തുപോലെ വിദ്യാൎത്ഥികളെ പുറംരാജ്യങ്ങളിൽ പറഞ്ഞയച്ചു വിദ്യാഭ്യാസം നൽകി. അവിടെ കിട്ടാവുന്നിടത്തോളം പരിശീലനം സിദ്ധിക്കുന്നതിനുള്ള ശ്രമത്തിൽ തീരെ പ്രോത്സാഹനം കൊടുത്തിട്ടില്ല. പ്രത്യേകിച്ചു് അമേരിക്കയിലേക്കു വിദ്യാഭ്യാസത്തിന്നായി പോകുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാൎക്കു പല അസൌകൎയ്യങ്ങളും ഉണ്ടാക്കി. ഗവർമ്മേണ്ടു ഭയപ്പെട്ടു ഈ രാജ്യത്തു് അവരെ ചൂഴുന്ന സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും പ്രചോദനത്തെ.

(തുടരും.)

കെ. കെ. ടി.

# സ്ഥിരാനുരാഗി.

(ഒരു ഏകാങ്കനാടകം.)

[ശ്രീധരമേനോൻ എം. എ.]

[രംഗം: ഒരു വിജനപ്രദേശം. ശങ്കരമേനോൻ എന്നു പേരായ ഒരു ചെറുപ്പക്കാരൻ ഒരു മരത്തിന്റെ ചുവട്ടിൽ ഒരു പുസ്തകവും വായിച്ചുകൊണ്ടുകൊണ്ടിരിക്കുന്നു. ആരെയോ കാത്തിരിക്കുന്നപോലെ അയാൾ ഇടക്കിടക്ക് അങ്ങുമിങ്ങും തിരിഞ്ഞുനോക്കുന്നുണ്ട്. മരത്തിന്റെ കൊമ്പുകളുടെ ഇടയിൽനിന്ന് അനവധി പക്ഷികൾ ചിലക്കുന്നതു കേൾക്കാം.]

ശങ്കരൻ:—നേരം കുറെ ആയല്ലോ!

[പെട്ടെന്ന് ഒരു ചെറുപ്പക്കാരിയായ സ്ത്രീ അടുത്തുവരുന്നതു കണ്ട്, അയാൾ ചാടി എഴുന്നേല്ക്കുന്നു. തങ്കം എന്നാണ് ആ സ്ത്രീയുടെ പേർ. അവൾ അടുത്തു വന്നതോടുകൂടി]

ആവു! എത്തിലൊ ഒടുക്കം!

തങ്കം:—ഒടുക്കോ?

ശങ്കരൻ:—അതേ. ഇന്നു വളരെ വൈകിലൊ? [വാച്ച് എടുത്തു നോക്കുന്നു.]

തങ്കം:—ഉവ്വോ?

ശങ്കരൻ:—ഉവ്വെന്നു തങ്കത്തിനുതന്നെ അറിയരുതേ? മൂന്നുമണിക്കു വരാമെന്നല്ലേ വെച്ചിരുന്നതു്?

തങ്കം:—മൂന്നു മണിക്കു വരാമെന്നു ഞാൻ പറഞ്ഞില്ലല്ലോ. ഇന്ന് വരാം എന്നുതന്നെ ഞാൻ പറഞ്ഞിട്ടില്ല (ഒടുവിലത്തെ വാക്കു ഊന്നി പറയുന്നു)

ശങ്കരൻ:—ഇല്ല. പക്ഷേ സാധാരണ മൂന്നുമണിക്കു വരാറാണു പതിവു്.

തങ്കം:—അങ്ങിനെയാണൊ?

ശങ്കരൻ:—എന്നിട്ടു, ദെ, ഇപ്പോൾ മൂന്നരമണിയായി. അരമണിക്കൂർ എനിക്കു നഷ്ടം.

തങ്കം:—എന്റെ തെറ്റല്ല അതു്; അമ്മയുടെയാണ്. വീട്ടില് മുക്കും മൂലയും മറ്റൊക്കെ പ്രത്യേകം ഒന്നു അടിച്ചുവാരാൻ അമ്മ പറഞ്ഞു

ശങ്കരൻ:—കല്യാണിയമ്മ ഇത്ര വിഡ്ഢിയാണെന്ന് അറിഞ്ഞില്ല.

തങ്കം:—(നിരസത്തോടുകൂടി) ദേ! പിന്നേയ്! ആ!!

ശങ്കരൻ:—ഏ? എന്തുപറ്റി?

തങ്കം:—എന്റെ അമ്മയെ വിഡ്ഢി എന്നു വിളിക്കാൻ എന്താ അധികാരം?

ശങ്കരൻ:—അധികാരമൊ?—വിഡ്ഢിയായിട്ടുതന്നെ! തങ്കത്തിന്റെ അമ്മ മാത്രമല്ല, സാധാരണ അച്ഛനമ്മമാരൊക്കെ വിഡ്ഢികളാണ്. എനിക്കു ഇതു പണ്ടേതന്നെ അറിയാം. അല്ലെങ്കിൽ, കല്യാണിയമ്മക്കു അടിച്ചുവാരുന്നകാര്യം നേരത്തെ പറഞ്ഞാലെന്തായിരുന്നു? കാലത്തല്ലെ സാധാരണ വീടുകളിലൊക്കെ അടിച്ചുവാരാറ പതിവ്? അമ്മയോടു അതു പറഞ്ഞില്ലെ?

തങ്കം:—ഇല്ല. പറയാൻ നിവൃത്തിയില്ലാണ്ടായി! ഞാനാണു സാധാരണ അടിച്ചുവാരാറ്. ഇന്നു കാലത്തു മറന്നുപോയി.

ശങ്കരൻ:—ഓ! ഹൊ! ആട്ടെ, ഇനി ഇപ്പോൾ ഏതായാലും ഇവിടെ ഇരിക്കു. നമുക്കു ഇരുന്നു വർത്തമാനം പറയാം.

തങ്കം:—(സംശയിച്ച്) അങ്ങിനെ—ഇരിക്കാൻ—പാടുണ്ടോ?

ശങ്കരൻ:—ഏ? എന്ത്യേ? നില്ക്കുന്നതുകൊണ്ടു വല്ല പ്രത്യേകഗുണവുമുണ്ടോ, ഇല്ലെല്ലൊ? ഇങ്ങിനെ നില്ക്കുന്നതു് എനിക്കു ഇഷ്ടല്ല. അതുകൊണ്ടു നമുക്കു രണ്ടുപേക്കും ഇരുന്നു വർത്തമാനം പറയരുതെ?

(രണ്ടുപേരും ഇരിക്കുന്നു)

തങ്കം:—(പിന്നെയും സംശയിച്ച്) ഞാൻ ഇങ്ങിനെ—ഇവിടെ—ഇരുന്നാലൊ? അതാണ് ഞാൻ വിചാരിക്കുന്നതു്. അത്രക്കു—നമ്മൾ തമ്മിൽ—പരിചയമില്ലെല്ലൊ?

ശങ്കരൻ:—പരിചയമില്ലെന്നൊ?

തങ്കം:—അല്ല,—ശരിയായിട്ടേയ്—അതാണ് ഞാൻ പറഞ്ഞെ. എങ്ങിനെയോ നമ്മൾ തമ്മിൽ ഇവിടെ വെച്ച് കാണാൻ ഇടയായി അത്രയല്ലെ ഉള്ളു?

ശങ്കരൻ:—(സന്തോഷത്തോടുകൂടി) അത്രയെ ഉള്ളു. അതാണ് താനും ഭാഗ്യം!

തങ്കം:—എന്നാലും—അമ്മ അറിഞ്ഞാൽ—സമ്മതിക്കില്ല.

ശങ്കരൻ:—എന്നിട്ടാ, അമ്മ വിഡ്ഢിയാണെന്നു പറഞ്ഞപ്പോൾ ചൊടിച്ചതു്?

തങ്കം:—(ചിരിച്ചുകൊണ്ട്) സാധാരണ ആളുകളൊക്കെ അമ്മയെപ്പോലെ തന്നെയാണ്. തമ്മിൽ നല്ല പരിചയമില്ലാത്ത രണ്ടുപേർ, നമ്മളെപ്പോലെ, ഇങ്ങിനെ ഇരുന്നു സംസാരിക്കുന്നതു ശരിയല്ലെന്ന് എല്ലാവരും പറയും.

ശങ്കരൻ:—ഓ! ഇതൊക്കെ ഇപ്പോൾ എന്താ ഉണ്ടായതു്? ഞാൻ

തങ്കത്തിനോട്ട് അമ്പലത്തിലേക്കുള്ള വഴി ഒന്നു ചോദിച്ചു, അതല്ലെ ഉള്ളു ?

തങ്കം:— വഴി ചോദിച്ചതിൽ തെറെറാന്നും ഇല്ല. അതുകൊണ്ടല്ല. പക്ഷെ, പിന്നെ നമ്മൾ സംസാരിക്കാൻ തുടങ്ങി. എന്നിട്ടു പിന്നെ ഈ മരത്തിന്റെ ചുവട്ടിൽ ഇരുന്നു. അങ്ങിനെ, ദെ, ഇപ്പോൾ ഒരാഴ്ചയായി തുടങ്ങിട്ട്.

ശങ്കരൻ:— ഈ മരത്തിനെ ഞാൻ മറക്കില്ല.

തങ്കം:— അമ്മ അറിഞ്ഞാൽ എന്തു പറയുമെന്ന് ഇപ്പോഴും എനിക്കറിഞ്ഞുകൂടാ.

ശങ്കരൻ:— അലോഗ്യമായിട്ട വല്ലതും ആവുമോ ?

തങ്കം:— അങ്ങിനെ ആവാനാ വഴി.

ശങ്കരൻ:— എന്നാൽ അതെന്താന്ന് അറിയാതിരിക്കുന്നതു നല്ലതാ.

തങ്കം:—(ആലോചനയോടുകൂടി) പക്ഷെ— ഞാൻ ഇങ്ങിനെ ഇവിടെ വരാൻ പാടില്ലാ; എന്നുവെച്ചാൽ— ആട്ടെ, ഇങ്ങിനെ ഇവിടെ വരാൻ പാടുണ്ടോ, പറയു.

ശങ്കരൻ:— ഞാനാന്നു വെച്ചാൽ അതിനെപ്പററി ഇനി ആലോചിക്കുക തന്നെയില്ല. തന്റേടം ഉള്ള ആളുകൾ ഒക്കെ അവക്ക് എന്തു ചെയ്യാനാ ഇഷ്ടം എന്നാണ് ആലോചിക്കുക: അല്ലാണ്ട്, എന്തുചെയ്യാലാ ഇഷ്ടമല്ലാണ്ടാവുക എന്നല്ല. അല്ലെങ്കിലെയ്, കാര്യമൊക്കെ കുഴപ്പത്തിലാവും.

തങ്കം:— പക്ഷേ വയ്യാത്തതു ചെയ്യാൽ പിന്നെ ഒടുവിൽ ഞാൻ വ്യസനിക്കുകയാണു പതിവ്.

ശങ്കരൻ:— പക്ഷേ, പിന്നെ, അങ്ങിനെ ചെയ്യാമായിരുന്നു എന്നു തോന്നുമ്പോഴത്തേതിൽ പകുതി വ്യസനമുണ്ടാവില്ല. ഈ ലോകത്തിൽ സാധാരണ മരാൾ "ഓ, കഷ്ടം! ഞാൻ അതു ചെയ്യില്ലല്ലോ" എന്നാണു വ്യസനിക്കുക. ഒരു ഉദാഹരണം പറയാം. ഒരാഴ്ച്ച മുൻപെ ഞാൻ തങ്കത്തിനോട ഇവിടെവെച്ചു സംസാരിച്ചിരുന്നില്ലെങ്കിൽ ഞാൻ എന്നന്നേക്കും അതിനെപ്പററി വ്യസനിച്ചിരുന്നേനെ.

തങ്കം:— ഉവ്വോ? സത്യം പറയു.

ശങ്കരൻ:— ഉവ്വ്, സത്യം!

[ശങ്കരമേനോൻ ഒരു നിമിഷനേരത്തേക്കു തങ്കത്തിന്റെ കയ്യിന്മേൽ തന്റെ കയ്യ് വെക്കുന്നു. ഒരു കുയിലിന്റെ പാട്ടു കേൾക്കുന്നു. തങ്കം കയ്യ് വലിക്കുന്നു.]

തങ്കം:— ദെ, ആ കുയിലിന്റെ പാട്ടുകേട്ടോ?

ശങ്കരൻ:— ഉവ്വ്. തങ്കത്തിനു കുയിലിനെ ഇഷ്ടമില്ലേ?

തങ്കം:— അതെ.

ശങ്കരൻ:— എന്തു സാമൎത്ഥ്യമുള്ള പക്ഷി! സാധാരണ പക്ഷികളൊക്കെ വിഡ്ഢികളാണ്—സാധാരണ ആളുകളെപ്പോലെതന്നെ. പ്രായമായാൽ പോയി എവിടന്നെങ്കിലും ഒരു കല്യാണം കഴിക്കും. പിന്നെ ജീവകാലം മുഴുവനും കുട്ടികളെ ശുശ്രൂഷിക്കുകയാണു ജോലി. അവിടെയാണു കുയിലിന്റെ സാമൎത്ഥ്യം. കുട്ടികളെ എടുക്കയും വേണ്ട, ശുശ്രൂഷിക്കയും വേണ്ട, സൌകൎയ്യമുള്ളപ്പോളൊക്കെ മററു പക്ഷികളായിട്ടു രസിച്ചു കളിക്കും. മുട്ട ഇടാറായാൽ പോയി വേറെ വല്ല പക്ഷിയുടേയും കൂട്ടിൽ സ്ഥലം പിടിക്കും. പിന്നത്തെ ബുദ്ധിമുട്ടൊക്കെ ആ പക്ഷിക്കായി. കുയിലിനു ബഹുസുഖം. തന്റെ കുട്ടികളെ നോക്കി എടുത്തു വളൎത്തി കൊണ്ടുവരാനുള്ള ചുമതലയൊന്നും തനിക്കില്ല. എന്തുബുദ്ധി!

തങ്കം:— (നീരസത്തോടുകൂടി) കുയിലിനെ എനിക്കു അത്രക്കു ഇഷ്ടമൊന്നുമില്ല! തൻകാൎയ്യം മാത്രമേ നോക്കുള്ളു!

ശങ്കരൻ:— പക്ഷേ, എന്തു തന്റേടം! താറാവിനും നല്ല ബുദ്ധി ഉണ്ടു്. പക്ഷെ അതിന്റെ വഴി ഒന്നു വേറെയാം. മുട്ട ചവിട്ടിപ്പൊട്ടിക്കും.

തങ്കം:— ഇതു അറിയാൻപാടില്ലെന്നോ!

ശങ്കരൻ:— അതുകൊണ്ടല്ല. വേണമെന്നുവെച്ചിട്ടാം. പിന്നെ അതിന്റെ കാൎയ്യം നോക്കേണ്ട ബുദ്ധിമുട്ടൊന്നും ഇല്ലല്ലോ. താറാവു മുട്ട ഇട്ടുകഴിഞ്ഞാൽ ഒരു കാലു, അറിയാത്തമാതിരി, പൊക്കി ഒന്നു ശബ്ദിക്കും. ഉടമസ്ഥൻ അതു കേട്ടാൽ ഓടിവരികയായി. മുട്ട ഉടനെ എടുത്തു മാററി വേറെവല്ല കോഴിയുടേയും ചുവട്ടിൽകൊണ്ടുവെക്കും. കോഴിക്കായി പിന്നത്തെ ചുമതലയൊക്കെ. അതാണ് ശരിയായ ബുദ്ധി!

തങ്കം:— ബുദ്ധിയോ!

ശങ്കരൻ:— അല്ലാണ്ടെന്താ? മററുള്ളവരെക്കൊണ്ടു പണിഎടുപ്പിക്കാനുള്ള ശക്തിക്കാണ് ബുദ്ധി എന്നു പറയണതു്.

തങ്കം:— അങ്ങിനെ പറയണതു തെററാണ്.

ശങ്കരൻ:— ഇതു എന്റെ അഭിപ്രായമല്ല. വേറെ ഏതൊ ഒരു വലിയ ആളുടെയാണ്.

തങ്കം:— ഏയ്, അങ്ങിനെ ആരും പറഞ്ഞിട്ടുണ്ടാവില്ല. താറാവിനു അത്ര സാമൎത്ഥ്യം ഉണ്ടെന്നും എനിക്കു തോന്നുന്നില്ല. കണ്ടാൽ തോന്നുന്നില്ല, നിശ്ചയം!

ശങ്കരൻ:— അതാണ് അതിന്റെ മിടുക്കു. ശരിയായ ഒരു ബുദ്ധിമാൻ ഒരു വിഡ്ഢിയെപ്പോലെ പെരുമാറും. മററുള്ളവൎക്കു എന്നാലെ അബദ്ധം പററുകയുള്ളു. താറാവു അതാണ് ചെയ്യുണതു്.

തങ്കം:—താറാവു ഒരു ചിത്തപക്ഷിയാണ്. കുയിലും അങ്ങിനെ തന്നെയാം. പിന്നെ മിക്ക പക്ഷികൾക്കും തങ്ങളുടെ കുഞ്ഞുങ്ങളെ വളൎത്താനും ശുശ്രൂഷിക്കാനും മററാക്കെ സന്തോഷമാണെന്നു എനിക്കു നല്ല നിശ്ചയമുണ്ടു്.

ശങ്കരൻ:—വാസ്തവമാണ്. അതുതന്നെയാണ് അത്ഭുതവും. ജീവകാലം മുഴുവനും കുഞ്ഞുങ്ങളെ ശുശ്രൂഷിച്ചു സമയം കഴിയും. തിരക്കും ലഹളയും ഒഴിഞ്ഞിട്ടുള്ള സമയം ഇല്ല. കൂട്ടിൽ സ്ഥലം ഇല്ല. കുഞ്ഞുങ്ങൾക്കു തീററ അന്വേഷിക്കണം. അതു വേണം, ഇതു വേണം, പറഞ്ഞില്ലെ, വേണ്ട കോലാഹലം. ഒടുക്കം തന്ത പ്രാന്തുപിടിച്ചു ഓടും.

തങ്കം:—(ചെവി പൊത്തിക്കൊണ്ടു്) മതി! മതി! എനിക്കു ഇതൊന്നും കേൾക്കാൻതന്നെ വയ്യ.

ശങ്കരൻ:—എനിക്കു ഇതൊന്നും സഹിക്കാനും വയ്യ. [തങ്കം കുറച്ചുനേരം എന്തൊ ആലോചിച്ചുകൊണ്ടിരിക്കുന്നു] പിന്നേയ്, അവിടെ ഇരിക്കാൻ സൌകൎയ്യം പോരാന്നുണ്ടോ? ഈ മരത്തിന്മേൽ ചാരി ഇരുന്നോളൂ. നല്ലമരം.

തങ്കം:—(ഒന്നു ചാരി) എനിക്കുവയ്യ.

ശങ്കരൻ:—ഏ?

തങ്കം:—എന്റെ തലമുടി ഒക്കെ ചിന്നയാവും.

ശങ്കരൻ:—ഓ! ഞാൻ ഓൎത്തില്ല. തലമുടിയുടെ കാൎയ്യം പറഞ്ഞപ്പോഴാണ്—എന്തുഭംഗി! എന്തുനിറം! അന്നു ആദ്യം കണ്ടപ്പോൾ തന്നെ എനിക്കു തോന്നി?

തങ്കം:—(നീരസം നടിച്ചു്) വേണ്ടാത്തതു പറയാതിരിക്കു.

ശങ്കരൻ:—പറയാൻ പാടില്ലെ? ഇത്ര സൌന്ദൎയ്യം ഉണ്ടായിട്ടു ഞാൻ വേറെ ആരേയും കണ്ടിട്ടില്ലെന്നു പറഞ്ഞാൽ, ഇഷ്ടല്ലെ?

തങ്കം:—(നാണം നടിച്ചു്) ഇഷ്ടാണ്. പക്ഷെ—അങ്ങിനെ പറയാമൊ?

ശങ്കരൻ:—ദെ, പിന്നേയും തുടങ്ങി!

തങ്കം:—പുരുഷന്മാരു ചെറുപ്പക്കാരായ സ്ത്രീകളോടു അങ്ങിനെ ഒന്നും പറയണതു ശരിയല്ല.

ശങ്കരൻ:—സത്യമാണെങ്കിൽ പറഞ്ഞാൽ എന്താ തെററ്? എന്തു സൌന്ദൎയ്യം! എത്ര ഭംഗിയുള്ള കണ്ണു? ആ കവിൾത്തടങ്ങൾ—ദെ, ഇപ്പോൾ തന്നെ ചുമന്നുകഴിഞ്ഞു.

തങ്കം:—(കണ്ണിൽ വെള്ളം നിറയുന്നു) ദെ!—

ശങ്കരൻ:—അല്ലാ! എന്താ! കരയുകയാ?

തങ്കം:—അല്ല—ല്ല! (കണ്ണീർ തുടക്കാൻ ഉത്സാഹിക്കുന്നു.)

ശങ്കരൻ:—അതെ. ദെ, കണ്ണീരൊഴുകിത്തുടങ്ങി. എന്തിനാ കരയണെ? എന്താണു പറയൂ. എന്നോടു മുഷിഞ്ഞോ?

തങ്കം:--ഇല്ല. (കരച്ചിൽ ഒതുക്കാൻ ശ്രമിച്ചുകൊണ്ട്) ഇല്ല--ഇല്ലാന്ന്. പക്ഷെ ഇനി എന്നോടു ഇങ്ങിനെ ഒന്നും പറയരുത്. ഇല്ലാന്നു പറയൂ.

ശങ്കരൻ:--അങ്ങിനെയാണ് ഇഷ്ടം എന്നുവെച്ചാൽ അങ്ങിനെ ആവട്ടെ. ദെ, ഇനി ആ കണ്ണീരൊക്കെ തുടച്ചു ഒന്നു മിടുക്കത്തിയാവൂ. അങ്ങിനെയാണ് എന്റെ അമ്മ എന്റെ അനിയത്തിയോടു പറയാറ്‌- ഞാനും അവളും കുട്ടിക്കാലത്തു തമ്മിൽതല്ലി, അവൾ കരയുമ്പോൾ കണ്ണൊക്കെ ഞാൻ തുടച്ചുതരട്ടെ?

(ശങ്കരമേനോൻ കണ്ണീർ പതുക്കെ തുടക്കുന്നു. തങ്കം സന്തോഷത്തോടുകൂടി നോക്കുന്നു)

തങ്കം:--അനിയത്തിയായിട്ടു ഇടക്കൊക്കെ തമ്മിത്തല്ലാറുണ്ടോ?

ശങ്കരൻ:--എപ്പോഴും അനിയന്മാരായിട്ടും--തങ്കമോ?

തങ്കം:--എനിക്കു അങ്ങിനെ ആരും ഉണ്ടായിരുന്നില്ല.

ശങ്കരൻ:—അയ്യോ! കഷ്ടം!

തങ്കം:(തെറവതിക്കുന്ന മാതിരി) പക്ഷേ, രാമനുണ്ടായിരുന്നു.

ശങ്കരൻ:—രാമനൊ?

തങ്കം:—അതെ, അമ്മാമന്റെ മകൻ. ഞങ്ങളുടെ വീട്ടിലാണു താമസിച്ചിരുന്നതു്.

ശങ്കരൻ:—അപ്പോൾ, അന്നൊക്കെ രാമനായിട്ടാ തല്ലിട്ടിരുന്നതു്?

തങ്കം:—എയ്! ഞങ്ങൾ ഒരിക്കലും തമ്മിൽ തല്ലിയിരുന്നില്ല. രാമൻ ഇങ്ങോട്ടുണ്ടായിരുന്നില്ല, നിശ്ചയം. ഞാൻ കുറേശ്ശെ അങ്ങോട്ടു—

ശങ്കരൻ:—മുഷിപ്പൻ! ഇങ്ങോട്ടില്ലെങ്കിൽ പിന്നെ അങ്ങോട്ടു മാത്രമയാലെന്താ രസം?

തങ്കം:—തമ്മിൽ തല്ലുന്നതു ഒരിക്കലും രസായിട്ടുള്ളൊരു കാര്യമല്ലന്നാണു എനിക്കു തോന്നുന്നതു്.

ശങ്കരൻ:—അതു തെറ്റിധാരണയാണ്. രണ്ടാമത്തും ലോഗ്യമാവണതു ഒരു രസമാണെ.

തങ്കം:—അതാണോ അനിയത്തിയായിട്ടു ഇടക്കിടക്കു വഴക്കുകൂടാൻ കാരണം?

ശങ്കരൻ:—എന്നാണു തോന്നണെ. പക്ഷേ അന്ന് എനിക്ക് അത്ര തിച്ചയുണ്ടായിരുന്നില്ല. ഞാൻ അവളുടെ തലമുടി പിടിച്ചു വലിച്ചു വേണ്ട തിരക്കൊക്കെ കൂട്ടിയിരുന്നു. അവളുടെ തലമുടിക്കും തങ്കത്തിന്റെ തലമുടിപോലെ നല്ല ഭംഗിയുണ്ടായിരുന്നു. ഓ! മറന്നു പോയി. ഇനി ആ കാര്യം പറയില്ല. തങ്കം രാമന്റെ തലമുടിയും അങ്ങിനെ പിടിച്ചു വലിക്കാറുണ്ടായിരുന്നോ?

തങ്കം:—(ചിരിച്ചുകൊണ്ട്) ഇടയ്ക്കൊക്കെ.

ശങ്കരൻ:—അതു എനിക്കു തോന്നി. രാമൻ നിങ്ങളുടെ വീട്ടിൽ എത്ര കാലം താമസിച്ചു?

തങ്കം:—മദിരാശിയിൽ പഠിക്കാൻ പോയതുവരെ, പിന്നേയും മുടക്കത്തിനു ഇടക്കൊക്കെ വീട്ടിൽ വരാറുണ്ടായിരുന്നു. ഇപ്പോൾ ഏതൊ വലിയൊരു ആപ്പീസ്സിൽ ജോലിയാണ്.

ശങ്കരൻ:—സാധുമനുഷ്യൻ!

തങ്കം:—സാധുവൊ! അമ്മ പറഞ്ഞതു രാമൻ ഒരു ഭാഗ്യവാനാണെന്നാണ്.

ശങ്കരൻ:—അമ്മ അതു പറയും, എനിക്കറിയാം. അച്ഛനമ്മമാരു മക്കൾക്കു ഏതെങ്കിലും ഒരു ആപ്പീസ്സിൽ ജോലി ആയാൽ അതു ഒരു വലിയ ഭാഗ്യമാണെന്നു് സാധാരണ പറയാറുണ്ട്. എന്റെ അച്ഛനമ്മമാരും അങ്ങിനെതന്നെയാണ്.

തങ്കം:—ആട്ടെ, ഏതെങ്കിലും ആപ്പീസ്സിൽ ജോലിക്കു പോകുന്നുണ്ടൊ?

ശങ്കരൻ:—ഇല്ല.

തങ്കം:—എന്നാൽ പിന്നെ ഒന്നും അറിയാണ്ടു ഇങ്ങിനെ ഒക്കെ പറയരുത്;

ശങ്കരൻ:—വേണ്ടതിൽ അധികം അറിയാം. അതാണ് ഞാൻ പോകാത്തതും.

തങ്കം:—പിന്നെ ഇപ്പോൾ ഒരു ജോലിയും ഇല്ലെ?

ശങ്കരൻ:—ഇല്ല. ഞാൻ ഒരു വക്കീലാണ്.

തങ്കം:—വക്കീലാണെങ്കിൽ കോടതിയിൽ പോവണ്ടെ?

ശങ്കരൻ:—കോടതിയിൽ പോയാൽ വലിയ ബുദ്ധിമുട്ടാവും. വല്ലവരും വല്ല കേസ്സും എന്നെ ഏല്പിച്ചാലും. അതുണ്ടാവില്ല, പക്ഷെ എന്നാലും സൂക്ഷിക്കണം. കേസ്സു ഏറെറടുത്താൽ പിന്നെ കോടതിയായി, കക്ഷിയായി, സാക്ഷികളായി—വേണ്ടാത്ത ബുദ്ധിമുട്ടും പിന്നെ എനിക്കു ഇങ്ങിനെ ഈ മരത്തിന്റെ ചുവട്ടിൽ തങ്കത്തിന്റെ അടുക്കൽ ഇരിക്കാൻ സാധിക്കൊ?

തങ്കം:—പക്ഷെ ഇങ്ങിനെ മടിപിടിച്ചു സമയം വെറുതെ കളഞ്ഞാൽ മതിയൊ?

ശങ്കരൻ:—സമയം വെറുതെ കളയേ? ഈ മരത്തിന്റെ ചുവട്ടിൽ ഇങ്ങിനെ തങ്കത്തിനോടു സംസാരിച്ചുകൊണ്ടിരിക്കുന്നതു സമയം വെറുതെ കളയാ?

തങ്കം:—അല്ലെ?

ശങ്കരൻ:—അല്ല. കാററും വെളിച്ചവും കടക്കാത്ത ഒരു ആപ്പീസ്സിൽ മുറിയിൽ ഇരുന്നു വിയർത്തു കണക്കുകൾ കൂട്ടുന്നതിനാണ് സമയം വെറുതെ കളയുക എന്നു പറയേണ്ടതു്. അല്ലാണ്ടു് ഇങ്ങിനെ സുഖമായിരിക്കുന്നതിനല്ല. സ്ത്രീകളോടുകൂടി ഇരുന്നു രസിക്കേണ്ട സമയത്തു പണം

ഉണ്ടാകേണ്ടതെങ്ങിനെ എന്ന് ആലോചിക്കുമ്പോഴാണ് സമയം വെറുതെ കളയുന്നത്.

തങ്കം:—എത്ര കാര്യമായിട്ടാണ് ആ പറഞ്ഞത്!

ശങ്കരൻ:—ആട്ടെ, അങ്ങിനെതന്നെ അല്ലെ? അതു പറയൂ.

തങ്കം:—(നല്ല തീർച്ചയില്ലാത്ത മാതിരി) അങ്ങിനെ ആയിരിക്കാം.

ശങ്കരൻ:—അങ്ങിനെ ആണെന്നു തങ്കത്തിനുതന്നെ നിശ്ചയമുണ്ടല്ലോ. എല്ലാവൎക്കും അതു് അറിയാം. പക്ഷെ ആരും അതു സമ്മതിക്കില്ല, അത്രയെ ഉള്ളു (തങ്കത്തിന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ട്) ഈ സമയത്തു തങ്കത്തിനും അതു സമ്മതമല്ലെ?

തങ്കം:—(പതുക്കെ) അതെ.

(അവർ തമ്മിൽ നോക്കിക്കൊണ്ടു കുറച്ചുനേരം ഇരിക്കുന്നു. അവൻ അവളുടെ കയ്യുപിടിച്ച്, അരികത്തേക്കു ചേൎത്തു ചുംബിക്കുന്നു. തങ്കം സാവധാനത്തിൽ ഒന്നു നീങ്ങി ഇരുന്ന്) ഇങ്ങിനെ ഒക്കെ ചെയ്യാൻ പാടുണ്ടോ?

ശങ്കരൻ:—എ? എന്ത്യേ?

തങ്കം:—എന്താന്നുവെച്ചാൽ ... എന്താന്നുവെച്ചാൽ— അങ്ങിനെ ഒന്നും പാടില്ല. പുരുഷന്മാരു പെൺകുട്ടികളോടു ഇങ്ങിനെ ഒന്നും പാടില്ല.

ശങ്കരൻ:—ഇങ്ങിനെ ഒന്നും പാടില്ലെ? എന്തു വിഡ്ഢിത്തം! പിന്നെ എന്തിനാ പെൺകുട്ടികളെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്?

തങ്കം:—(വേറൊരു ഭാഗത്തേക്കു നോക്കിക്കൊണ്ട്) പക്ഷെ—

ശങ്കരൻ:—ഉം, പറയൂ. പക്ഷെ—

തങ്കം:—പക്ഷെ—തമ്മിൽ സ്നേഹമുണ്ടെങ്കിൽ ആവാം.

ശങ്കരൻ:—ആവൂ. അത്രയല്ലെ ഉള്ളു? എനിക്കു തങ്കത്തിനെ എത്ര സ്നേഹമുണ്ടെന്നു തങ്കത്തിനുതന്നെ അറിയരുതേ?

തങ്കം:—സത്യമായിട്ടും—?

(ശങ്കരമേനോൻ തല കുലുക്കുന്നു.)

എന്നാൽ മതി.

ശങ്കരൻ:—എനിക്കു അതു പണ്ടേ അറിയാം. ആട്ടെ, ഇപ്പോൾ സമ്മതമായില്ലെ? ഇനി എനിക്കു ഒരു ഉമ്മയും കൂടി തരരുതേ?

തങ്കം:—(നാണത്തോടുകൂടി) ഉം.

ശങ്കരൻ:—(അവളെ വാരിയെടുത്തു മടിയിൽ ഇരുത്തി ചുംബിക്കുന്നു) ദെ, എന്റെ തോളത്തു തലചാരി വെക്കൂ. അങ്ങിനെ—ഇപ്പോൾ ഒക്കെ സമാധാനമായില്ലെ?

തങ്കം:—(സംതൃപ്തിയോടുകൂടി) ഉവ്വ്.

ശങ്കരൻ:—എന്തു ഭംഗിയുള്ള തലമുടി! പട്ടുപോലെ ഇരിക്കുന്നു. ഞാൻ ഒന്നു പതുക്കെ തലോടട്ടെ? (തലോടുന്നു)

തങ്കം:—ഉം.
ശങ്കരൻ:—മിടുക്കത്തി! ആട്ടെ, നമ്മളിങ്ങിനെ ഇരിക്കുന്നതു ഇപ്പോൾ ഇഷ്ടമല്ലെ?
തങ്കം:—അതെ.
ശങ്കരൻ:—സ്നേഹത്തിനെപ്പോലെ അത്ര സൌന്ദൎയ്യമുണ്ടായിട്ട വേറെ ഒന്നുംതന്നെ ഈ ലോകത്തിൽ ഇല്ല. ഇല്ലാന്നു പറയു.
തങ്കം:—വേറെ ഒന്നുംതന്നെ ഇല്ല
ശങ്കരൻ:—കൊച്ചുമിടുക്കത്തി! ദെ, ആ പറഞ്ഞതിനു പ്രത്യേകിച്ച് ഒരു സമ്മാനം. (ചുംബിക്കുന്നു)
തങ്കം:—(ആലോചനയോടുകൂടി) രാമനു് ഇതു കേട്ടാൽ സുഖാവില്ല.
ശങ്കരൻ:—ഏ.
തങ്കം:—രാമനു പണ്ടേതന്നെ എന്നെ വലിയ ഇഷ്ടമാണ്. വളരെകാലമായിട്ടു-(ദീൎഘശ്വാസം ഇടുന്നു) സാധു
ശങ്കരൻ:—അല്ല; ഭാഗ്യവാൻ!
തങ്കം:—(അത്ഭുതത്തോടുകൂടി) എന്താ അങ്ങിനെ പറയണെ?
ശങ്കരൻ:—തങ്കത്തിനെ വളരെ കാലമായിട്ടു സ്നേഹിക്കാനുള്ള ഭാഗ്യം ഉണ്ടായല്ലൊ, അതുതന്നെ. എനിക്കു് ഒരാഴ്ചയെ സമയം കിട്ടിയുള്ളു വല്ലൊ.
തങ്കം:—രാമൻ അങ്ങിനെ അല്ല വിചാരിക്കണെതു്.
ശങ്കരൻ:—(തല ആട്ടിക്കൊണ്ടു്) ബുദ്ധിയില്ലാത്തതുകൊണ്ടു്.
തങ്കം:—എന്നെ കല്യാണം കഴിച്ചാൽ കൊള്ളാമെന്നു രാമനു മോഹമുണ്ടായിരുന്നു. ഞാൻ സമ്മതിച്ചില്ല.
ശങ്കരൻ:—എന്നിട്ടും അയാൾ തങ്കത്തിനെ സ്നേഹിക്കുന്നില്ലേ? വേറെ പിന്നെ എന്താ അയാൾക്കു വേണ്ടേ?
തങ്കം:—(നാണത്തോടുകൂടി ശങ്കരമേനൊന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു) ഞാൻ സമ്മതിക്കും എന്നു മോഹിച്ചിരുന്നിരിക്കാം.
ശങ്കരൻ:—ഓ, ഹോ!—തങ്കത്തിന്റെ കണ്ണിന്നു് എന്തു ഭംഗി! തങ്കത്തിനെ കണ്ടപ്പോൾതന്നെ എനിക്കു അതു തോന്നി. അതാണു് ഞാൻ അന്നു ആദ്യം സംസാരിക്കാൻതന്നെ കാരണം.
തങ്കം:—(തെററിദ്ധരിച്ചു എന്ന മാതിരി) അമ്പലത്തിലേക്കുള്ള വഴിതെററിപ്പോയി എന്നാണു് ഞാൻ വിചാരിച്ചതു്.
ശങ്കരൻ:—അതു ഒരു വിദ്യയായിരുന്നു. വഴി എനിക്കു നല്ല പരിചയമുണ്ടായിരുന്നു. ഞാൻ അവിടെനിന്നാണു് അപ്പോൾ വന്നതുതന്നെ. തങ്കത്തിന്റെ സൌന്ദൎയ്യം കണ്ടപ്പോൾ ഒന്നു സംസാരിക്കണം എന്നു തോന്നി. അതിനു് ഒരു വിദ്യയെടുത്തു. അതു ഫലിക്കയും ചെയ്തു. ആട്ടെ, ഞാൻ ചെയ്തതൊക്കെ നന്നായില്ലേ? അതു പറയു.
തങ്കം:—ഉവ്വ്.

ശങ്കരൻ:--സന്തോഷമായില്ലേ?
തങ്കം:--ഉവ്വ്.
ശങ്കരൻ:--എന്റെ ഓമന തങ്കം! (ചുംബിക്കുന്നു.)
തങ്കം:--(പൂൎണ്ണതൃപ്തിയോടുകൂടി നോക്കുന്നു) ആട്ടെ, ഇനി നമുക്കു അമ്മെ അറിയിക്കണ്ടെ?
ശങ്കരൻ:--വേണോ?
തങ്കം:--തീൎച്ചയായിട്ടും.
ശങ്കരൻ:--വേണമെങ്കിൽ ആവാം.
തങ്കം:--എന്താ അതിന്ന് അത്ര സമ്മതമല്ലേ?
ശങ്കരൻ:--അല്ല. എനിക്കു അതു ഒരിക്കലും രസമായിട്ടു തോന്നീയിട്ടില്ല.
തങ്കം:--ഒരിക്കലും...?(മനസ്സിലായില്ല എന്നു നടിക്കുന്നു.)
ശങ്കരൻ:--അതെ, ഈ അച്ഛനമ്മമാരോടു പറയുക. അവരെപ്പോലെ അത്ര വിഡ്ഢികൾ വേറെ ആരും ഇല്ല. രസികത്വം എന്നു പറയുന്നതു അവരുടെ അടുക്കൽ തൊട്ടുകളിക്കാൻപോലും ഇല്ല. ഒരാൾ ഒരു പെൺകുട്ടിയെ കണ്ടു; അതിസൌന്ദൎയ്യം. സംസാരിച്ചു. തമ്മിൽ സ്നേഹമായി. ഇത്രക്കൊക്കെ പോരെ? അതല്ല, അപ്പോൾ അമ്മയെ അറിയിക്കണം. ഓ, അതും ആവാം എന്നുവെച്ച് അമ്മയോടു വിവരം പറഞ്ഞു. ദെ, വരുന്നു ഒരു മുന്നൂറു ചോദ്യം! എന്താ ജോലി? എത്ര ശമ്പളം ഉണ്ട്? ജാതിഎന്താ? വീട്ടിൽ സ്വത്തു എന്തുണ്ട്? ഞാൻ പറഞ്ഞില്ലേ, വേണ്ടതും വേണ്ടാത്തതും ഒക്കെ.
തങ്കം:-(പരിഭ്രമിച്ച്) ഇതൊക്കെ ഇതിനു മുമ്പിലും ഉണ്ടായിട്ടുള്ളപോലെയല്ലേ തോന്നുന്നേ!
ശങ്കരൻ:-ഉവ്വ്, ഉണ്ടായിട്ടുണ്ട്.
തങ്കം.—ഓ,—ഹൊ! (തട്ടിപ്പിടഞ്ഞു എഴുന്നീല്ക്കുന്നു)
ശങ്കരൻ:—അല്ലാ, എന്താ ഇത്ര പരിഭ്രമം? പോവ്വാറായില്ലല്ലോ. ഇരിക്കു. കുറച്ചും കൂടി വൎത്തമാനം പറയാം.
തങ്കം:—(നീരസത്തോടുകൂടി) ഇതിനുമുമ്പിലും--ഇങ്ങിനെ വേറെയും--പെൺകുട്ടികളായിട്ടു--ലോഗ്യമായിരുന്നിട്ടുണ്ടോ?
ശങ്കരൻ: (അത്ഭുതത്തോടുകൂടി) ഉവ്വ്.
തങ്കം:—കല്യാണം കഴിക്കാം എന്നു പറഞ്ഞു......?
ശങ്കരൻ:—അതില്ല കല്യാണത്തിന്റെ അടുത്തെത്തീട്ടില്ല. പക്ഷെ വളരെ ലോഗ്യമായിരുന്നിട്ടുണ്ട്.

(തങ്കം സങ്കടത്തോടും ദ്വേഷ്യത്തോടുംകൂടി നോക്കുന്നു)

എന്ത്യേ? എന്താ മുഷിഞ്ഞോ?

തങ്കം:—ഇതൊക്കെ ചെയ്യാനും പറയാനും നാണമാവുന്നില്ലല്ലോ?
ശങ്കരൻ:—(മനസ്സിലായില്ല എന്നമാതിരി) നാണമോ? എന്തിന്? പെൺകുട്ടികളെ സ്നേഹിക്കുവാനോ? നല്ല കാൎയ്യമായി! എന്തു വിഡ്ഢിത്തമാണ്

ഈ പറയണതു്? സ്നേഹിക്കുവാൻ എന്തിനാ നാണിക്കുന്നതു്? അല്ലെങ്കിൽ പിന്നെ എന്തിനാ ജീവിതം? സത്യംപറയാണെങ്കിൽ ആരെയും സ്നേഹിക്കാണ്ടു ഞാൻ ഒരുകാലത്തും ഒരിക്കലും ഇരുന്നിട്ടില്ല.

തങ്കം:— (ദേഷ്യത്തോടുകൂടി) എന്നാൽ അങ്ങിനെ സ്നേഹമാണെങ്കിൽ, കല്യാണവും കഴിക്കേണ്ടതേ? സ്നേഹമുണ്ടെങ്കിൽ കല്യാണം കഴിക്കേണ്ട ചുമതലയും ഉണ്ടു്. അല്ലെങ്കിൽ തെറ്റാണു്.

ശങ്കരൻ:— അതു് എന്റെ കുറ്റമല്ല. ഈ പറഞ്ഞ അച്ഛനമ്മമാരുടെയാണു്. അവർ സമ്മതിക്കണ്ടേ?

തങ്കം:— ഏ, എന്ത്യേ സമ്മതിച്ചില്ല?

ശങ്കരൻ:— പല കാരണങ്ങളും ഉണ്ടു്. ചിലരു പറയും എനിക്കു ഗൌരവം പോരാ എന്നു്. വേറെ ചിലരു് എനിക്കു ജോലി ഒന്നും ഇല്ലെന്നു്. പിന്നെ ചിലരു് എനിക്കു പണമൊന്നുമില്ലെന്നു്. ഇതൊന്നും അല്ലെങ്കിൽ എന്റെ ജാതി ചീത്തയാണെന്നു്. അറ്റകയ്യ് കുട്ടി സ്കൂളിൽ പഠിക്കയാണെന്നും. എന്തിനാ അധികം പറയണെ? എന്തെങ്കിലും തൊടുന്യായം പറയും. തങ്കത്തിന്റെ അമ്മയും അങ്ങിനെതന്നെ ആവാനാവഴി. [തങ്കം ദേഷ്യത്തോടുകൂടി ഒരു ശബ്ദം പുറപ്പെടുവിക്കുന്നു.] ഞാൻ അവരെ കുറ്റം പറയുകയല്ല. അവർ ചെയ്യുന്നതു തെറ്റാണെന്നും പറയുന്നില്ല. വാസ്തവത്തിൽ അവർ ചെയ്യുന്നതൊക്കെ ശരിയാവാനാ വഴി. പക്ഷേ കാര്യത്തിന്റെ കിടപ്പ് ഇങ്ങിനെ ആണെന്നേ ഞാൻ പറഞ്ഞുള്ളു.

തങ്കം:— (ശുണ്ഠിമുഴുത്തു) കാര്യത്തിന്റെ കിടപ്പു എങ്ങിനെയാണെന്നു് എനിക്കും മനസ്സിലായി. കല്യാണം കഴിക്കാൻ നിങ്ങൾക്കു മോഹമില്ല. അതുതന്നെ.

ശങ്കരൻ:— ഈ പറഞ്ഞതു ശരിയാണു് കല്യാണം കഴിക്കാൻ എനിക്കു വാസ്തവത്തിൽ മോഹമില്ല. ഒരു പടുവങ്കനല്ലെങ്കിൽ, ആൎക്കും മോഹമുണ്ടാവുകയുമല്ല. പക്ഷെ, സ്നേഹമായിട്ടിരിക്കാൻ മോഹമുണ്ടാവുകയും ചെയ്യും. സ്നേഹം വളരെ നല്ലതാണു്; കല്യാണം വളരെ —

തങ്കം:— (ശുണ്ഠി ഒന്നുകൂടി മുഴുത്തു) വിഡ്ഢിത്തം പറയാതിരിക്കൂ! സ്നേഹിക്കുന്നതു നല്ലതാണെങ്കിൽ കല്യാണം കഴിച്ചതുകൊണ്ടു് എന്താ ദോഷം?

(കുയിൽ പാടുന്നു)

ശങ്കരൻ:— കുയിലിനെ മറന്നോ?

തങ്കം:— ഓ!!!

ശങ്കരൻ:— ഒരു ബന്ധവുമില്ല, ഒരു ചുമതലയുമില്ല. കുറക്കുളിക്കുന്ന കുട്ടികളുമില്ല. ജീവിക്കുക — സ്നേഹിക്കുക — ജീവിക്കുക — ഭാഗ്യവാൻ!

തങ്കം:— (ശുണ്ഠി എടുത്തുകൊണ്ടുതന്നെ) കുയിലിനെപ്പോലെ ഇത്ര ചീത്ത പക്ഷി വേറെ ഒന്നും ഇല്ല. ഇത്ര... ഇത്ര... എനിക്കു വാക്കുതന്നെ വരുന്നില്ല.

ശങ്കരൻ:— അരുതു്, വെറുതെ ആ പക്ഷിയെ ദുഷിക്കല്ലെ. എനിക്കു

കുയിലിനെ വലിയ ഇഷ്ടമാണ്. ഞാൻതന്നെ ഒരു കുയിലാണെന്നാണ് തോന്നണെ.

തങ്കം:—മതി! മതി! എനിക്കു നിങ്ങളെ ഒട്ടും ഇഷ്ടമില്ല! ഇനിയൊട്ടു കാണുകയും വേണ്ട! പൊയ്ക്കോളു, ഉം, പൊയ്ക്കോളു!

ശങ്കരൻ:—(സാവധാനത്തിൽ) ഏയ്, അങ്ങിനെ വരില്ല.

തങ്കം:—ആരുപറഞ്ഞു! വേണ്ട, വേണ്ട! മതി, മതി!

ശങ്കരൻ:—അങ്ങിനെ വരില്ല—(തലയാട്ടിക്കൊണ്ടു) ഒരിക്കൽ സ്നേഹിച്ചാൽ പിന്നെ ആ ആളെ വെറുക്കാൻ സാധിക്കില്ല.

തങ്കം:—(കണ്ണിൽ വെള്ളം നിറയുന്നു) ഇത്ര ദുഷ്ടനായല്ലോ അതു പറയാൻ!

ശങ്കരൻ:—ഏ?

തങ്കം:—ഞാൻ ഇതിന് എന്തു മഹാപാപം ചെയ്തു. ഈശ്വരാ! (കരയുന്നു).

ശങ്കരൻ:—അല്ലാ, കരയാ! ഛെ! അരുതു്. എനിക്കു വേറൊരാൾ കരയുന്നതു കാണാൻ വയ്യ.

(തങ്കത്തിൻെറ ചുമലിൽ കൈ വെക്കുന്നു)

തങ്കം:—(കൈ തട്ടിക്കളഞ്ഞു) വേണ്ട, വേണ്ട! മതി, ലോഗ്യമൊക്കെ! ഇങ്ങിനെ ഓരോരുത്തരായിട്ടു ലോഗ്യമായിട്ടിരുന്നു—ഞാൻ വിചാരിച്ചു എന്നെ മാത്രമെ ഇഷ്ടമുള്ളൂ എന്നു്!

ശങ്കരൻ:—അത്രയെ ഉള്ളുവല്ലോ—ഇപ്പോൾ?

തങ്കം:—പക്ഷെ ഇതിനു മുമ്പിലും വേറെ ആരായിട്ടും ഇങ്ങിനെ ഇഷ്ടമായിരുന്നില്ലെന്നാണു ഞാൻ വിചാരിച്ചതു്.

ശങ്കരൻ:—അതു ഞാൻ പറഞ്ഞില്ലല്ലോ. പിന്നെയ്, സ്നേഹം തോന്നിയാൽ പിന്നെ സ്നേഹിക്കാണ്ടിരിക്കാൻ സാധിക്കുമോ? തങ്കത്തിൻെറ കാര്യംതന്നെ നോക്കൂ. തങ്കത്തിൻെറ സൌന്ദര്യം കണ്ടപ്പോൾതന്നെ ഞാൻ തങ്കത്തിനെ സ്നേഹിക്കാൻ തുടങ്ങി. അതു് ആരെക്കൊണ്ടെങ്കിലും തടുക്കാൻ സാധിക്കുമോ?

തങ്കം:—(സ്തുതി കേട്ടു കുറച്ചു സമാധാനമായി, കണ്ണുതുടച്ചു്) പക്ഷെ, കണ്ടവരായിട്ടൊക്കെ നിങ്ങൾക്കു ലോഗ്യമാവണമെന്നല്ലോ.

ശങ്കരൻ:—ശരിയാണു്. പക്ഷെ (കളിയായിട്ടു്) അതിനു് ഇത്രയൊക്കെ പറയാനുണ്ടോ? ആട്ടെ, ഒന്നു ചോദിക്കട്ടെ. രണ്ടാളുകൾ ഒരാളെ സ്നേഹിക്കുന്നതും ഒരാൾ രണ്ടാളുകളെ സ്നേഹിക്കുന്നതും തമ്മിൽ എന്താ വ്യത്യാസം? രാമൻെറ കാര്യത്തിലൊ?

തങ്കം:—അതിലെന്താ?

ശങ്കരൻ:—രാമൻ തങ്കത്തിനെ സ്നേഹിക്കുന്നുണ്ടു്. ഞാനും. രണ്ടുപേരും ഒരേസമയത്തു്! എനിക്കു ഒരുസമയത്തു് ഒരാളെ മാത്രമേ സ്നേഹമുള്ളൂ!

തങ്കം:—രാമൻെറ കാര്യത്തിൽ ഞാനെന്തു പിഴച്ചു?

ശങ്കരൻ:—എൻെറ കാര്യത്തിലും ഞാനും എന്താ പിഴച്ചു? അതു

തന്നെയാണു ഞാനും പറയുന്നതു്. തങ്കത്തിനു കാര്യം പറഞ്ഞാൽ മനസ്സിലാവുമെന്നു എനിക്കറിയാം.

തങ്കം:—ഇല്ല, മനസ്സിലാവില്ല. ഉം, ഇല്ല. രാമൻ നിങ്ങളെപ്പോലെയല്ല. രാമൻെറ സ്നേഹത്തിനു് ഒരു സ്ഥിരത ഉണ്ടു്.

ശങ്കരൻ:—എൻേറതിനും!

തങ്കം:—ഇല്ല! തിരെ ഇല്ല!

ശങ്കരൻ:—ഉവ്വ്! ഞാനും എപ്പോഴും സ്നേഹിക്കുന്നുണ്ടു്.

തങ്കം:—ഒരാളെ തന്നെയോ?

ശങ്കരൻ:—അതു് ആരും പറഞ്ഞില്ല. എപ്പോഴും സ്നേഹിക്കണമെന്നു മാത്രമല്ലെ പറഞ്ഞുള്ളൂ?

തങ്കം:—(ചിരിപൊട്ടി) എന്തു കോമാളിത്തരമാണിതു്?

ശങ്കരൻ:—ആവൂ! ഈശ്വരാ! ശുണ്ഠി കുറെ ഇറങ്ങിയല്ലോ?

തങ്കം:—ഇല്ല!

ശങ്കരൻ:—തരക്കേടില്ല!

തങ്കം:—ഇല്ല. ഒട്ടും ഇറങ്ങിട്ടില്ല!

ശങ്കരൻ: ഈ പറയുന്നതു തെററാണു്. ശുണ്ഠി എടുത്താൽ പിന്നെ എങ്ങിനെയാ ചിരിക്കു? തങ്കം ചിരിക്കയും ചെയ്തു. ദെ, ഇപ്പോഴും ചിരിക്കുന്നുണ്ടു്. (അവൾ മനസ്സില്ലാ മനസ്സോടെ ചിരിക്കുന്നു.) അങ്ങിനെ! ഇനി നമ്മൾതമ്മിൽ അടിപിടികൂടണ്ട. ഇപ്പോൾ മുഷിച്ചൽ ഒക്കെ തീന്നില്ലേ?

തങ്കം:—ഇല്ല!

ശങ്കരൻ:—അങ്ങിനെ പറയരുതു്!

തങ്കം:—ഇല്ല, ഒട്ടും തീന്നില്ല!

ശങ്കരൻ.—വിഡ്ഢിത്തം പറയാതിരിക്കു! സ്നേഹത്തിനെപ്പോലെ അത്ര സൌന്ദര്യമുണ്ടായിട്ടു വേറെ ഒന്നും ഈ ലോകത്തിലില്ലെന്നു തങ്കം തന്നെ കുറച്ചു മുമ്പെ പറഞ്ഞില്ലേ?

തങ്കം:—ഇല്ല, നിങ്ങളാണു പറഞ്ഞതു്.

ശങ്കരൻ:—പക്ഷേ, ഞാൻ പറഞ്ഞപ്പോൾ തങ്കവും അതു സമ്മതിച്ചു. പിന്നേയ്, എൻെറ തങ്കമല്ലെ, ഇങ്ങിനെ മുഷിയാതിരിക്കു. നമുക്കു ഇപ്പോഴല്ലാണ്ടു് പിന്നെ, എപ്പോഴാ ഇങ്ങിനെ ഒക്കെ സാധിക്കു? ചെറുപ്പകാലത്തല്ലെ, സ്നേഹിച്ചു കളിക്കേണ്ട സമയം? വലുതായാൽ നമ്മളും മററു വയസ്സന്മാരുടെ കൂട്ടത്തിൽ വിഡ്ഢികളായിത്തീരും. അതുകൊണ്ടു് ഈ ചെറുപ്പം ഒരു നിമിഷം പോലും വെറുതെ കളയരുതു്. ആട്ടെ, ഈയാൻചാററയെ കണ്ടിട്ടുണ്ടോ? എത്ര കുറച്ചെ അതിനു് ജീവിതം ഉള്ളൂ? ആ സമയത്തിനുള്ളിൽ അതിനു കളിക്കാനും ചിരിക്കാനും മററും തരായില്ല എന്നു വെക്കു. എന്തു കഷ്ടമായിത്തീരും?

തങ്കം:—സാധു ഈയാൻചാററ!

ശങ്കരൻ:—അഹാ! ഈയാൻപാററ സാധുവായി അല്ലേ? എന്നോടു മാത്രമെ മുഷിച്ചൽ ഉള്ളൂ?

തങ്കം:—പക്ഷെ, നിങ്ങൾ ഈയാൻപാററ അല്ലല്ലോ?

ശങ്കരൻ:—അതെ, ഒരുതരം ഈയാൻപാററ.

തങ്കം:—(കണ്ണിൽ വെള്ളം നിറയുന്ന മാതിരി തോന്നുന്നു.) നിങ്ങൾ ഈയാൻപാററ അല്ല. എങ്ങിനെയാണാവുക? അതിനുപുറമെ നിങ്ങൾ ഒരു കുയിലാണെന്നല്ലെ പറഞ്ഞതു്?

ശങ്കരൻ:—അതെ, ഒരുമാതിരി കുയിൽ—ഈയാൻപാററ. ഇനി ആ കണ്ണൊക്കെ ഒന്നു തുടച്ചു മിടുക്കത്തി ആവരുതെ? ആട്ടെ, ഞാൻ കണ്ണീരൊക്കെ തുടച്ചു തരട്ടെ?

[ശങ്കരമേനോൻ കണ്ണീർ തുടച്ചു കൊടുക്കുന്നു. തങ്കം ചിരിക്കുന്നു]

ഇപ്പോൾ ഒരുമാതിരി സമാധാനമായില്ലെ?

തങ്കം:—ഉവ്വ്.

ശങ്കരൻ:—ഇനി എനിക്ക് ഒരു ഉമ്മ തരരുതെ?

തങ്കം:—എനിക്കു മുഷിച്ചൽ ഒന്നും ഇല്ല. പക്ഷെ—അതൊന്നും വേണ്ട.

ശങ്കരൻ:—ഏ, എന്ത്യ?

തങ്കം:—വേണ്ട, അതുതന്നെ.

ശങ്കരൻ:—ആട്ടെ, അവിടെ ഇരിക്കു. മുഷിച്ചൽ ഒന്നും ഇല്ല. എന്നു തെളിയിക്കാനെങ്കിലും.

തങ്കം:—വേണ്ട, ഇരിക്കണ്ട.

ശങ്കരൻ:—എന്നാൽ മുഷിച്ചൽ തീർന്നിട്ടില്ല, അതുതന്നെ.

തങ്കം:—ഉവ്വെന്നു്! ഞാൻ പോട്ടെ. രാമൻ മദിരാശിയിൽനിന്നു് ഇന്നു വീട്ടിൽ എത്തുമെന്നാണു പറഞ്ഞതു്.

ശങ്കരൻ:—അല്ലാ, ഒടുക്കം രാമൻതന്നെ മതി എന്നാ വെച്ചതു്?

തങ്കം:—ഏ, എന്താ രാമനിത്ര കുറവു്?

ശങ്കരൻ:—രാമനും അമ്മയോടു പറയേണ്ടിവരില്ലെ?

തങ്കം:—പിന്നെ ഇല്ലാണ്ടോ?

ശങ്കരൻ:—സാധു!

തങ്കം:—ആരു, രാമനോ? പിന്നല്ലെ! ഞങ്ങളുടെ കല്യാണം കഴിഞ്ഞാൽ പിന്നെ ഞങ്ങൾ വളരെ സുഖമായിരിക്കും.

ശങ്കരൻ:—ഉവ്വായിരിക്കാം. പക്ഷെ പിന്നെ ശൃംഗാരം മാത്രം—

തങ്കം:—ഓ!!! (പോകുന്നു.)

ശങ്കരൻ:—വിഡ്ഢ്യാൻ! അവന്റെ കഥയും കഴിഞ്ഞു!

[വീണ്ടും പുസ്തകം വായിക്കാൻ തുടരുന്നു.]